

പുസ്തകം 8 ലക്കം 3
ഫെബ്രുവരി 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

*Eka Thathwa*

മാസിക

**മാതൃകാപരമായ ഒരു ജീവിതം നയിക്കൂ**
**ഏവർക്കും അതിൻ ഗുണം ലഭിക്കുമാറാകട്ടെ...**




# ഗൃഹാങ്കണത്തിലൊരു പുസ്തകപ്രകാശനം

ഏക തത്ത്വയുടെ ആഭിമുഖ്യത്തിൽ, ശ്രീ. മുക്കം ഭാസി, ശ്രീമതി. കാഞ്ചന കൊറ്റങ്ങൽ അവർകളുടെ സാന്നിദ്ധ്യത്തിൽ സൗഹൃദക്കൂട്ടായ്മ 14-01-2018 ഞായറാഴ്ച 11 മണി മുതൽ 5 മണിവരെ കോഴിക്കോട് മുക്കത്ത് വെച്ച് നടന്നു.

പതിവിൽ നിന്നും വ്യത്യസ്തമായി ശ്രീ. മുക്കം ഭാസിയുടെ വീട്ടുമുറ്റത്ത് ശ്രീ. മുക്കം ഭാസി, ശ്രീമതി. കാഞ്ചന കൊറ്റങ്ങൽ അവർകളുടെ സാന്നിദ്ധ്യത്തിൽ ഏക തത്ത്വ മാസികയുടെ സൗഹൃദക്കൂട്ടായ്മ 14-01-2018 ഞായറാഴ്ച 11 മണി മുതൽ 5 മണിവരെ നടന്നു. ശ്രീ. മുക്കം ഭാസി സൗഹൃദക്കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. അത്തരുണത്തിൽ ശ്രീ. മുഹമ്മദ് കനിയുടെ തീർത്ഥാടന ലോകത്തെ മഹാത്ഭുതം എന്ന അനുഭവസാക്ഷ്യവിവരണഗ്രന്ഥത്തിന്റെ പുസ്തകപ്രകാശന ചടങ്ങ് നടന്നു. പാലക്കാടും സമീപപ്രദേശത്തുമുള്ള കവികളും കഥാകാരൻമാരും നോവലിസ്റ്റുകളുമടങ്ങിയ ഇരുപതംഗ സംഘമാണ് മുക്കം ഭാസിയുടെ വീട്ടുമുറ്റത്ത് എത്തിയത്. മുഹമ്മദ് കനി പാലക്കാടിന്റെ തീർത്ഥാടനലോകത്തെ മഹാത്ഭുതം എന്ന അനുഭവസാക്ഷ്യവിവരണഗ്രന്ഥം ശ്രീമതി. കാഞ്ചന കൊറ്റങ്ങലിന് നൽകി ശ്രീ. മുക്കം ഭാസി പ്രകാശനകർമ്മം നിർവ്വഹിച്ചു. ചടങ്ങിൽ ഏക തത്ത്വ മാസിക ചീഫ് എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരൻ അദ്ധ്യക്ഷം വഹിച്ചു. കഥാകൃത്ത് ശ്രീ. സുരേഷ് തെക്കീട്ടിൽ കഥ അവതരിപ്പിച്ചപ്പോൾ കവിയായ സർവ്വശ്രീ. മുരളീധർ കൊല്ലത്ത്, ശ്രീമതി. തുളസി കേരളശ്ശേരി, ശ്രീമതി. കൃഷ്ണ എഴക്കാട്, ശ്രീ. രജീഷ് കാളികാവ്, ശ്രീമതി. ഗിരിജ മേനോൻ, ശ്രീ. ഉണ്ണി വിശ്വനാഥ് എന്നിവർ സ്വന്തം കവിതകൾ ആലപിച്ചു. ഡോ. രാമകൃഷ്ണൻ, ശ്രീ. സൈനുദീൻ മുണ്ടക്കയം, ശ്രീ. ടി. വി. നാരായണൻ കുട്ടി, ശ്രീമതി. കാഞ്ചനമാല, മുക്കം ഭാസി, ശ്രീമതി. ബിന്ദു പാലക്കാട്, ശ്രീ. മുഹമ്മദ് കനി എന്നിവർ യോഗത്തെ അഭിസംബോധന ചെയ്തു. ബേബി നന്ദനയുടെ നൃത്തപ്രകടനവും കുമാരി പൗർണ്ണമിയുടെ കവിതാലാപനവും ചടങ്ങിന് ചാരുതയേകി. മുപ്പതിലധികം പേർ ചടങ്ങിൽ പങ്കാളികളായി.



₹ 15

# ഏക തത്ത്വ

മാസിക

പുസ്തകം ൮ ലക്കം ൩

ഫെബ്രുവരി 201൮

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**ടൈപ്പിംഗ് അസിസ്റ്റൻസ്**

അജയ് . എം

തരുൺ എബ്രഹാം

**കവർ ഫോട്ടോ**

ഉല്ലാസ് ഗോവർദ്ധൻ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
വിലാസം :

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

## ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
8 – റിപബ്ലിക് സന്ദേശം – എടപ്പാൾ സി. സുബ്രഹ്മണ്യൻ
9 – ഊർജ്ജവ്യയം – എം. എം. മേനോൻ
10 – പാഠം ഒന്ന് പശു – ചൂലന്നൂർ രാമചന്ദ്രൻ
11 – സ്ത്രീസുരക്ഷ – പി. രാധാകൃഷ്ണൻ നായർ
21 – രോഗീസന്ദർശനം പീഡിതമാകുമ്പോൾ – പി. ആർ. ജോസ്
23 – മൺമറയുന്ന പ്രാചീന കലകൾ – സുകുമാരൻ നെല്ലാനിക്കാട്

**കഥ**
22 – തടി മുതൽ മുടി വരെ – പ്രമോദ് മഞ്ചേരി
22 – പുതുമനസ്സ് – സുരേഷ് തെക്കീട്ടിൽ
29 – ലഹരി – ടി. കെ. ഉണ്ണികൃഷ്ണൻ
32 – കുടിശ്ശിക – പ്രസന്നൻ ചമ്പക്കര
40 – തിരിച്ചറിവ് – ടി. വി. ഹരികുമാർ

**കവിത**
9 – കൊല, ചോദ്യോത്തരം – സൈനുദീൻ മുണ്ടക്കയം
12 – അനിവാര്യ മാറ്റം – ജ്യോതി ദാസ് ചമ്പത്ത്
16 – കാലത്തെ വെല്ലുന്ന കവി – ശ്രീജ. ആർ
18 – വിപ്രലംഭം – വിജയപ്രകാശ് കണ്ണാടി
20 – സോഷ്യൽ മർഡർ, ആയുധം – റോസി അശോക്
25 – പ്രണയകാലം – ശ്രിധിൻ ശ്രീധർ
26 – വീണപൂവിൻ വിഷാദം – കെ. കെ. രാഘവൻ
27 – ഹതാശ – തുളസി കേരളശ്ശേരി
27 – ദിനചരിത്രം – അജയ് ബാലചന്ദ്രൻ
30 – അമ്മ – സൗമിനി അലക്സാണ്ടർ
30 – ചില മഴവിചാരങ്ങൾ – സതീഷ് തപസ്യ

**മഹാത്മാ**
7 – സംഭാവനയുടെ മൂല്യം – ബിന്ദു . കെ

**സ്മരണ**
16 – എന്റെ അഭിനയസ്മരണകൾ – മുക്കം ഭാസി
28 – മധുരിയ്ക്കും ഓർമ്മകൾ – ടി. ജെ. നായർ

**അനുസ്മരണം**
13 – ജാലവിദ്യയും പ്രൊഫ. വാഴക്കുന്നവും – ടി. വി. നാരായണൻ കുട്ടി
18 – പ്രണാമം – പി. എം. ശശിധരൻ

**വ്യക്തിപരിചയം**
19 – ഇരുളകറ്റുന്ന ജോൺസൺ – ജോസഫ് പൂതക്കുഴി

**ആരോഗ്യം**
21 – ടെറ്റനസ് – ഡോ. സി. രാമകൃഷ്ണൻ

**അനുഭവം**
26 – ഭക്ഷ്യസുരക്ഷ റേഷൻ വ്യാപാരികൾ ദുരിതത്തിൽ – പി. വി. ഗോപാലൻ
41 – ഏക തത്ത്വയുടെ സൗഹൃദക്കൂട്ടം – നീരജ വർമ്മ

**പാചകം**
27 – കാബൂളി ചനാ മസാല – പി. എൻ. ഗംഗാലക്ഷ്മി

**കഥയും കാര്യവും**
31 – സങ്കല്പ ശക്തി വിധിയെ തോൽപ്പിക്കും – സത്യൻ താന്നിപ്പുഴ

**അർബുദ വായന**
37 – തുളയുള്ള പുസ്തകങ്ങൾ മനസ്സ് തുളയ്ക്കുന്ന പുസ്തകങ്ങൾ – കെ. വിജയകുമാരൻ

# മാതൃകാപരമായ ഒരു ജീവിതം നയിക്കൂ ഏവർക്കും അതിൻ ഗുണം ലഭിക്കുമാറാകട്ടെ....



ഇ. ടി. മുരളീധരൻ

**വേ**നൽക്കാലം വരുന്നു. ഒപ്പം പൂരങ്ങളും വേലകളും നേർച്ചകളും ധ്യാനങ്ങളുമായി ജാതിമത ഭേദമെന്യേ അതിനായുള്ള പണപ്പിരിവുകളും ആരംഭിച്ചിരിക്കുന്നു. അനാവശ്യമായി പണം പിരിക്കാതിരിക്കുന്നതാണ് മാന്യത. തരുന്നവരിൽ നിന്നുമാത്രം പണം വാങ്ങി ആഘോഷച്ചിലവുകൾ നടത്തിക്കോളൂ. റോഡിലിറങ്ങി വഴി തടഞ്ഞ് പിരിവെടുക്കുന്നത് ശിക്ഷാർഹമാണ് എന്ന് ഓർമ്മയിരിക്കട്ടെ. നിന്നെപ്പോലെത്തന്നെ നിന്റെ ദൈവത്തിനും ദാരിദ്ര്യമുണ്ടോ എന്ന് ഇടയ്ക്ക് പിരിവിനിറങ്ങുന്നവർ ചിന്തിക്കുന്നത് നന്നായിരിക്കും. ജീവിതത്തിൽ ഭിക്ഷയെടുക്കുന്നത് നിവൃത്തികേടുകൊണ്ടു മാത്രമായിരിക്കണം. അത് ദൈവത്തിന്റെ പേരിലാകാതെ നോക്കുക. പണവും നേർച്ചയായി ബലിയും മറ്റും നല്കുന്നവർ ഓർക്കുക ദൈവത്തിന് ഒന്നും വേണ്ട, അവന് വേണ്ടത് അവൻ നിർമ്മിച്ചുകൊള്ളും എന്നറിയുക. കോടാനുകോടി ജീവജാലങ്ങളെ സൃഷ്ടിച്ച ആ ശക്തിക്ക് നീ കൊടുക്കുന്നതെന്തെങ്കിലും അവന്റെ കൃപയില്ലാതെ നീ സ്വന്തമായി നിർമ്മിച്ചതാണോ എന്ന് ചിന്തിക്കേണ്ടതുണ്ട്. ദൈവം തരുന്ന പ്രതിസന്ധികളെ അതിജീവിച്ച് മറ്റുള്ളവരുടെ നന്മയ്ക്കായി ജീവിക്കുക. ആഘോഷങ്ങളെല്ലാം വിനോദങ്ങളാണ്. അത് കഴിവതും ഒഴിവാക്കുക. സന്തോഷ നിമിഷങ്ങൾ പലപ്പോഴും പിന്നീട് ദുഃഖത്തെ തന്നുകൊണ്ടേയിരിക്കും. ഇതുവരെയുള്ള ജീവിതാനുഭവം വെച്ച് ശരിയാണോ എന്ന് ചിന്തിച്ചുനോക്കുക. വലുതും ചെറുതുമായ സന്തോഷങ്ങളെല്ലാം വലുതും ചെറുതുമായ ദുഃഖവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

പൂരവും വേലയും പോലത്തന്നെ കല്യാണ സീസണും തുടങ്ങി. അവിടേയുമുണ്ട് തട്ടിപ്പുകാർ. മകളുടെ കല്യാണത്തിന് നല്ല എ. സി. മണ്ഡപം തന്നെ ബുക്ക് ചെയ്യണം. വിശാലമായ കാർ പാർക്കിങ്ങോടുകൂടിയ മണ്ഡപം തന്നെ വേണം. 28 ഐറ്റങ്ങളോടെ വിഭവസമൃദ്ധമായ സദ്യ തന്നെ ഒരുക്കണം. വേറൊന്നിനുമല്ല പ്രൗഢി കാണിക്കാൻ. എന്തായാലും ഒരു മണ്ഡപം കിട്ടി. എല്ലാം അവർ നോക്കിക്കോളും. ഒന്നും നമ്മളറിയേണ്ട. ലക്ഷങ്ങൾ കൊടുത്താൽ മാത്രം മതി. തുക അഡ്വാൻസ് ആയി നൽകണം. വെൽക്കം ഡ്രിങ്ക് കൊടുക്കാൻ കുറേ തരുണീമണികൾ. ഹാളിന്റെ വാതിൽ തുറന്നുവരാൻ നല്ല ഒരു മല്ലൻ. എല്ലാവരും ഹാളിനകത്തേയ്ക്ക് കയറി. പല ആവശ്യങ്ങൾക്കായി പുറത്തേക്കിറങ്ങുമ്പോൾ മല്ലന്റെ മുഖത്ത് ആദ്യം ദേഷ്യം വരും. പിന്നെ ചീത്ത പറയാനും മടിക്കില്ല. അതുപോലെ ഹാളിന് പുറത്ത് യഥേഷ്ടം സ്ഥലമുണ്ടെങ്കിലും വേണ്ടവിധം കാർ പാർക്ക് ചെയ്യാനൊന്നും സമ്മതിക്കില്ല. അവർ പറയുന്നിടത്ത് വാഹനം നിർത്തണം. മണ്ഡപത്തിന്റെ ഉടമസ്ഥനും മാനേജരും സെക്യൂരിറ്റിയുമെല്ലാം ഒരുതരത്തിൽ പറഞ്ഞാൽ ചിരിമുഖത്ത് വരുത്തി നിൽക്കുന്ന ഗുണ്ടകളാണ്, ബിസിനസ്സുകാരാണ്. കല്യാണ ചെക്കൻ എത്തിക്കഴിഞ്ഞാൽ പിന്നെ കല്യാണ ചടങ്ങുകളായി. അന്നേരം ആരുമറിയാതെ ഹാളിനകത്തെ ഓരോ എ. സി. ആയി ഓഫാക്കാനായി മാനേജ്മെന്റ് ചിലരെ പറഞ്ഞേല്പിച്ചിട്ടുണ്ട് പക്ഷെ അത് നമ്മളറിയുന്നില്ല. ഹാളിനകത്ത് ചൂട് കൂടുമ്പോൾ നാം സഹിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ബന്ധുക്കളാണെങ്കിലും അല്ലെങ്കിലും ബന്ധമില്ലാത്ത, ആത്മാർത്ഥതയില്ലാത്ത മനുഷ്യക്കൂട്ടത്തിലൊരുവൻ പോലും അതിനെ ചോദ്യം ചെയ്യില്ലെന്നും എല്ലാം പരസ്പരം മത്സരിക്കുന്ന, പോരടിക്കുന്ന ഒരുപറ്റം ആളുകളാണെന്നും അവർക്ക് നന്നായിട്ടറിയാം. പോരാത്തതിന് മണ്ഡപം ഏൽപ്പിച്ചവരാകട്ടെ കല്യാണച്ചൂടിൽ ഇതൊന്നും ശ്രദ്ധിക്കാൻ സാധിക്കാതെ ചടങ്ങിലാവും ശ്രദ്ധയെന്നും അവർക്കറിയാം. ആരെങ്കിലും പരാതിപ്പെട്ടാൽ അവനെ ഒന്ന് തുറിച്ചുനോക്കും പിന്നെ അവനിരിക്കുന്നിടത്തെ ഫാൻ ഇട്ടുകൊടുക്കും.

കല്യാണപ്പെണ്ണിന്റെ കഴുത്തിൽ താലി വീഴുകയേ വേണ്ടൂ. ഹാളിനകത്ത് പലഭാഗത്തായി കല്യാണത്തിന് പങ്കെടുക്കാനായി വന്നവരെപ്പോലെ കുറച്ചുപേരേ മണ്ഡപത്തിന്റെ ഉടമസ്ഥൻ നിർത്തിയിട്ടുണ്ട്. കസവ് മുണ്ടും ഷർട്ടുമണിഞ്ഞ് അവരോടൊപ്പം പട്ടുസാരിയുടുത്ത വനിതകളും. കണ്ടാൽ കല്യാണച്ചെക്കന്റേയോ പെണ്ണിന്റേയോ വേണ്ടപ്പെട്ടവരാണെന്നു തോന്നും. അവർ പറയും വരൂ, വരൂ ഒഴിവുണ്ട് ഭക്ഷണം കഴിക്കാം. സമയം രാവിലെ 10 മണി പോലും ചിലപ്പോൾ ആയിട്ടുണ്ടാകില്ല. എത്രയും പെട്ടെന്ന് ഈ കല്യാണക്കാരെ ഒഴിവാക്കി അടുത്ത കല്യാണക്കാർക്ക് മണ്ഡപം കൊടുക്കണം. അതാണ് അവരെ ഏൽപ്പിച്ച ജോലി. അവരുടെ തേനൊലിപ്പിക്കുന്ന ക്ഷണം സ്വീകരിച്ച് നമ്മൾ ഭക്ഷണ ഹാളിലെത്തും. അവിടെ എ. സി. ഓഫ് ചെയ്യില്ല. ചോറിലെ ആവി പറക്കുന്നത് കാണണമെങ്കിൽ എ. സി. ആവശ്യമാണ്. ചോറിന് നല്ല ചൂട് തോന്നിക്കാൻ. എന്തായാലും ഇഷ്ടപ്പെട്ട ഒരു വിഭവവും രണ്ടാമത് കിട്ടില്ല. ചോദിച്ചുപോയാൽ അവർക്ക് ദേഷ്യം വരും. അവരുടെ കൈയിലുള്ള പാത്രത്തിലെ വിഭവം വേണമെങ്കിൽ തരും. നായയ്ക്ക് ചോറുകൊടുക്കുന്നപോലെ, പ്രതികരിച്ചാൽ അവർ കൂട്ടത്തോടെ പിന്നീട് വക വരുത്തിയെന്നും വരും. സത്യത്തിന്റേയും ധർമ്മത്തിന്റേയും പുറകെ ആളുകളില്ലല്ലോ. തിന്മയുടെ കൂടെയ

ല്ലേ എന്നും ആളുകൾ.

കല്യാണം അത്രയ്ക്ക് ആർഭാടമാക്കിയില്ലെങ്കിലും വേണ്ടില്ല, ക്ഷണിക്കപ്പെട്ട അതിഥികളെ ഒന്ന് ആത്മാർത്ഥമായി വിഷ് ചെയ്യാനാവണം. വീട്ടിൽ വേറെ പണിയില്ലാത്തതുകൊണ്ടല്ലല്ലോ, ഭക്ഷണം ഇല്ലാഞ്ഞിട്ടല്ലല്ലോ കല്യാണത്തിന് പങ്കുകൊള്ളുന്നത്. ആതിഥേയ മര്യാദകൾ ചെയ്യേണ്ടതും അവർക്ക് സംതൃപ്തമായ ഭക്ഷണം നൽകേണ്ടതും ക്ഷണിച്ചവരുടെ കടമയാണ്. അതുപോലെ ക്ഷണം സ്വീകരിച്ചെത്തുന്നവർ നവവധൂവരന്മാരെ മനസ്സറിഞ്ഞ് ആശീർവദിക്കാൻ മറക്കരുത്. മണ്ഡപത്തിന്റെ ഉടമസ്ഥൻ ശ്രദ്ധിക്കേണ്ട ഒരു കാര്യം, കുറേ ലോൺ എടുത്ത് വലിയ വലിയ മണ്ഡപങ്ങൾ കെട്ടിയില്ലെങ്കിലും വേണ്ടില്ല, ഉള്ള ഒരു മണ്ഡപത്തിൽ വരുന്ന അതിഥികളോട് സത്യസന്ധമായി പെരുമാറുക, ഉത്തരവാദിത്വബോധത്തോടെ കാര്യങ്ങൾ ചെയ്യുക. ഏറ്റെടുത്ത ജോലിയിൽ ആത്മാർത്ഥത പുലർത്തുക. പണമെത്ര സ്വരൂപിച്ചാലും ആർക്കും ഇതുവരെ ഇവിടെനിന്ന് കൊണ്ടുപോകാനായിട്ടില്ല. വാങ്ങുന്ന പണത്തിനുള്ള സേവനം ഉറപ്പുവരുത്തുക. അതുപോലെ സദ്യക്ക് വിളമ്പാൻ വേണ്ടി അണിഞ്ഞൊരുങ്ങി വരുന്നവർ ആത്മാർത്ഥമായി, സന്തോഷമായി, ആ പണി ചെയ്യുക അല്ലാതെ വേതനം മാത്രമാവരുത് ലക്ഷ്യം. നിന്റെ കൈയിൽ നിന്ന് പണം ചിലവാക്കി ഇത്രയും പേർക്ക് വിളമ്പാൻ നിനക്കാവില്ല. വേണ്ടത് തരുക എന്നത് ദൈവത്തിന്റെ പണിയാണ്. ആ മഹത്തായ പണിയാണ് നിനക്ക് ദൈവം തന്നിരിക്കുന്നത് എന്ന് ഓർക്കുക. സ്വന്തം കൈ കൊണ്ട് സന്തോഷമായി വിളമ്പിക്കൊടുക്കുക. ജോലിയിൽ നിന്ന് കിട്ടുന്ന വരുമാനത്തേക്കാളും സന്തോഷവും സംതൃപ്തിയും പുണ്യം നിനക്ക് ലഭിക്കും. ക്ഷണിച്ചവർ തന്നെ ക്ഷണിക്കപ്പെട്ടവർക്ക് നേരിട്ടു വെച്ചുവിളമ്പിക്കൊടുക്കണം. അത്തരം സദ്യയാണ് യഥാർത്ഥ സദ്യ. അത് ഇന്നത്തെ കാലത്ത് സാധിക്കാതെ വരുന്നതിനുകാരണം എല്ലാവരും മടിയൻ മാരായി എന്നുള്ളതും ബന്ധങ്ങൾക്ക് പണ്ടത്തെ പോലെ ബലമില്ലാതെ പോയതുമാണ്. പ്രൗഢി കാണിക്കാനായി ലോകത്തുള്ള എല്ലാവരേയും ക്ഷണിക്കും. യഥാർത്ഥത്തിൽ ആ ത്മാർത്ഥമായി നമ്മളെ കാണുന്ന, സ്നേഹിക്കുന്ന കുറച്ചുപേരെ ക്ഷണിച്ചാൽ മതിയാകും. അവരെന്തു വിചാരിക്കും ഇവരെന്തുവിചാരിക്കും എന്ന് കരുതി വിളിച്ചാലും അത്തരക്കാർ പലതും വിചാരിക്കും, കുറ്റം പറയും. ആരുടേയും വിചാര- വികാരങ്ങളെ നമുക്ക് തടയാനാവില്ലല്ലോ ?

ഈയിടെ ഒരു ത്രീ സ്റ്റാർ ഹോട്ടലിലെ വേണ്ടവിധം പരിചരണമില്ലാതെ ഉണങ്ങിക്കരിഞ്ഞു കിടക്കുന്ന ഉദ്യാനത്തിലൊരുക്കിയ ഒരു വിവാഹ പാർട്ടിക്ക് പോയി. കല്യാണചെക്കനും പെണ്ണും സ്റ്റേജിൽ കയറി ഇരുന്നതും ഉദ്യാനത്തിന് നടുവിലെ ഉയർന്ന ഒരു പോസ്റ്റിലെ ലൈറ്റ് ഒഴിച്ച് ബാക്കിയെല്ലാം ഓഫായി. മൊത്തം ഇരുട്ട്. അത്ര വലിയ മൈതാനത്ത് ഈ ഒരു ലൈറ്റിലെ വെളിച്ചം കൊണ്ട് തീരെ മതിയാകുന്നില്ല. തപ്പിത്തടഞ്ഞ് മാനേജരെ കണ്ട് കാര്യം തിരക്കിയപ്പോൾ പറഞ്ഞു കറണ്ട് വേറെ എടുക്കണം. ജെനറേറ്റർ കൊണ്ടുവരൂ, ഇവിടെ നിന്ന് കരണ്ട് എടുക്കാൻ പറ്റില്ല. പറമ്പിന് മാത്രം വാടക 35000 രൂപയാണെന്ന് കരുതിയില്ല. കറണ്ട് ചാർജ്ജ് അതിൽ ഉൾപ്പെടുമെന്ന് കരുതി ചോദിച്ചില്ലത്രെ. പക്ഷെ കുറ്റം ആരുടെ ഭാഗത്തായാലും കല്യാണമല്ലേ ബഹളം ഉണ്ടാക്കാതെ ജെനറേറ്റർ വരുത്തി ചടങ്ങുകൾ നടത്തി പിരിഞ്ഞു. ലാസ്റ്റ് മിനുട്ടിൽ എത്ര പണം ചോദിച്ചാലും കിട്ടും എന്ന് പലർക്കും അറിയാം. ഇതാണോ ബിസിനസ്സിന്റെ രീതി ? അതുകൊണ്ടുതന്നെയല്ലേ പല ബിസിനസ്സുകളുടേയും നിലനിൽപ്പ് തന്നെ ഇല്ലാതാകുന്നു. മാത്രവുമല്ല അളവിൽ കൂടുതൽ പണവും സമ്പത്തും ഏതുവിധം സമ്പാദിക്കുമ്പോഴും ഓർക്കുക ജയിൽ വാസമോ ഹോസ്പിറ്റൽ വാസമോ വന്നുഭവിക്കാം.

ഏതെങ്കിലും വിധത്തിൽ ഒന്ന് എഴുന്നേറ്റ് നിൽക്കാനായാൽ ഒരു മരച്ചില്ലയെങ്കിലും വെട്ടി വീഴ്ത്തും. അതുമല്ലെങ്കിൽ ഭാര്യയ്ക്കിട്ട് ഒരു ചവിട്ട്. അപ്പോഴും ചിന്തിക്കില്ല ചെയ്ത തെറ്റുകളെ കുറിച്ച്. അതുപോലെ മുറിവേറ്റവരുടെ, വേദനിക്കുന്നവന്റെ നൊമ്പരമറിയാൻ ശ്രമിക്കില്ല. ഈയിടെ പരിചയപ്പെട്ട ഒരു വ്യക്തി പറഞ്ഞു, വളരെ ചെറുപ്പത്തിലെ വന്ന മാരകരോഗമാണ് എന്നെ മനുഷ്യത്ത്വമുള്ളവനാക്കി തീർത്തത്. രോഗത്തെ ഒരു അനുഗ്രഹമായി കണ്ടു അദ്ദേഹം. ചികിത്സിക്കാൻ പോയതാണെങ്കിൽ പണ്ടേ കിടപ്പിലായേനേ, ഇഹലോകവാസം വെടിഞ്ഞേനേ എന്നും. ഈ വയസ്സിലും ആ രോഗം എന്റെ ഒപ്പമുണ്ട്. അതുകൊണ്ടുതന്നെ ഞാൻ ഇപ്പോഴും ഇതുവരേയും നന്മയുടെ കൂടെത്തന്നെയാണ്, നീതിയുടെ കൂടെത്തന്നെയാണ് കുറേയേറെ നല്ല കാര്യങ്ങൾ മറ്റുള്ളവർക്കായി ചെയ്യാനായി. വേദനിക്കുന്നവനെ കാണുമ്പോഴേ മനസ്സലിയുന്നു. അവർക്കുവേണ്ടി തന്നാലാകുന്നത് ചെയ്തുവരുന്നു എന്നും പറഞ്ഞു. എന്തുനല്ല വീക്ഷണം ! ഞാനൊരു നിമിഷം ചിന്തിച്ചുപോയി. പരാതികളില്ലാതെ ജീവിക്കുന്നതിലുള്ള സംതൃപ്തി ഞാനദ്ദേഹത്തിൽ കണ്ടു. നമ്മൾ പലപ്പോഴും എല്ലാമുണ്ടായിട്ടും മറ്റുള്ളവരേയും സൃഷ്ടാവിനേയും കുറ്റപ്പെടുത്തുകയല്ലേ പതിവ് ?

നിങ്ങൾക്ക് ലഭിച്ചതെല്ലാം തന്നവന്റേതാണ്. അതുകൊണ്ടുതന്നെ അവനുവേണ്ടി ജീവിക്കുക. അവൻ എന്നാൽ നിങ്ങൾ മനസ്സിൽ കൊണ്ടുനടക്കുന്ന ദൈവ രൂപങ്ങളോ, നാമങ്ങളോ, കഥകളോ അതിലെ കഥാപാത്രങ്ങളോ അല്ല നിങ്ങളുടെ അടുത്തെത്തുന്ന ഓരോരുത്തരിലും അവനുണ്ട്. അവനുവേണ്ടി സമയം ചിലവാക്കുക. അവന് വേണ്ടത് എന്തെങ്കിലും സാധിക്കുമെങ്കിൽ (സാധിക്കും) ചെയ്തുകൊടുക്കുക, ശരിക്കും എന്തെങ്കിലും ചെയ്താൽ പോര, ആത്മാർത്ഥമായി ചെയ്യുക. അവൻ പലരിലൂടേയും മാറി മാറി വരും എന്നും തിരിച്ചറിയുക. അതുകൊണ്ടുതന്നെ ആരേയും നിസ്സാരനായി കാണാതിരിക്കുക.

'കടക്ക് പുറത്ത്' ഈ ഡയലോഗ് നിങ്ങൾ കേട്ടിട്ടില്ലേ ? മന്ത്രി മുഖ്യൻ പത്ര-ദൃശ്യ മാധ്യമപ്രവർത്തകരോട് പറഞ്ഞതാണ്. പിന്നീടൊരിക്കൽ മൈക്ക് മേലേ തട്ടിയപ്പോൾ അത് തട്ടിമാറ്റിയതും വാർത്തയായിരു

ന്നു. ഇപ്പോഴിതാ ഒരു ചെറുപ്പക്കാരൻ സെൽഫിയെടുക്കാൻ ശ്രമിച്ചപ്പോഴും തള്ളിമാറ്റി ശകാരിക്കുന്ന ദൃശ്യം സോഷ്യൽ മീഡിയയിൽ വ്യാപിച്ചിരിക്കുന്നു. പക്ഷെ ഒന്നോർത്തുനോക്കൂ, ബെഡ്റൂമിലും അടുക്കളയിലും വരെ ഏതുസമയത്തും കയറാൻ സ്വാതന്ത്ര്യം കൊടുത്ത ഒരു മുൻ മന്ത്രിമുഖ്യന്റെ അവസ്ഥ! ക്യാമറയിൽ പലവട്ടം കയറിക്കൂടിയ ഒരു വനിത പണി പറ്റിച്ചില്ലേ ? സ്ഥാനമാനങ്ങളിലിരിക്കുന്നവർ പലതിനേയും പേടിക്കേണ്ട സ്ഥിതിയായി. പണ്ടെല്ലാം നേതാവ് ആ സ്ഥാനത്ത് സുരക്ഷിതനായിരുന്നു. പക്ഷെ ഇന്ന് എങ്ങിനേയെങ്കിലും ഇറക്കിയിട്ട് ആ സ്ഥാനത്തേയ്ക്ക് കയറാൻ കൊതി പൂണ്ടിരിക്കുന്നവർ സ്വന്തം പാർട്ടിയിൽ തന്നെ കാണും എന്നത് സത്യമാണ്. രാഷ്ട്രീയരംഗത്ത് മാത്രമല്ല സിനിമ സാഹിത്യം സ്പോർട്സ് തുടങ്ങി എല്ലാ മേഖലകളിലും മത്സരമാണ്. ആ സ്ഥാനത്ത് കയറിക്കൂടുക മാത്രമാണ് ലക്ഷ്യം. അതിനുവേണ്ടി എന്ത് കളിയും കളിക്കും. പക്ഷെ ആ സ്ഥാനത്തിരിക്കാൻ ഉള്ള പരിജ്ഞാനമോ ആദർശ ശുദ്ധിയോ ഉണ്ടാകില്ല. കാരണം അതെല്ലാം പലപ്പോഴായി നഷ്ടപ്പെടുത്തിയിട്ടാവും ഇതുവരെ എത്തിയത്. അതുകൊണ്ടുതന്നെ ഭരണകർത്താക്കൾ, നേതാക്കൾ, ആത്മീയ ഗുരുക്കൻമാർ ആരെല്ലാം മാറി മാറി വന്നാലും പിന്തുണക്കുന്നവർക്കുപോലും കല്ലുകടിക്കുന്ന അനുഭവങ്ങൾ സമ്മാനിക്കുകയും ജനവിഭാഗങ്ങൾ ഒരുപോലെ ദുരിതങ്ങൾ നേരിടേണ്ടിയും വരുന്നു. നമുക്കേവർക്കും പ്രധാനപ്പെട്ട ഒരു മന്ത്രി സ്നേഹത്തോടെ സംബോധന ചെയ്യുന്നു, 'മേരേ ദേശ് വാസിയോം' എന്നിട്ട് ഇങ്ങനെ പറയുകയാണെന്ന് കരുതുക: നല്ലൊരു അടി തരാൻ പോകുകയാണ്, സഹിക്കണം പക്ഷെ ഇത് നിങ്ങൾക്കുള്ള അടിയല്ല, നിങ്ങളുടെ കൂട്ടത്തിലുള്ള ഒരുവന് കൊടുക്കാൻ മാത്രമായി ഉദ്ദേശിച്ചതാണ് എന്ന്. അടുത്ത പ്രാവശ്യം ആ സംബോധന കേൾക്കുമ്പോൾ തന്നെ പേടിയാകില്ലേ ? ഭരണകർത്താക്കൾ സാധാരണക്കാരായ ജനങ്ങൾക്ക് വേണ്ടിയാണ് നിലകൊള്ളേണ്ടത്. അല്ലാതെ വൻകിടക്കാർക്കുവേണ്ടിയല്ല. പക്ഷെ സ്ഥാനമാനങ്ങൾ നേടിത്തരുന്നത് അവരുടെ പണത്താലാണല്ലോ. അവരോടൊരു കൂറ് സ്വാഭാവികം. സ്ഥാനമാനങ്ങൾ ഭീഷണിപ്പെടുത്തിയും വഞ്ചിച്ചും മറ്റുള്ളവരെ ദ്രോഹിച്ച്, പണം കൊടുത്തും പദവി കൊടുത്തും മത്സരിച്ചുനേടിയെടുക്കാനുള്ളതല്ല. താനേ വന്നു ചേരേണ്ടതാണ്. അതുവരെ കാത്തിരിക്കാൻ ക്ഷമയില്ലാത്തവർ മത്സരിക്കാൻ ഇറങ്ങി അഭിമാനവും ആദർശവും ബലി കഴിക്കുന്നു. ഗാന്ധിജിയ്ക്ക് ശേഷം എത്ര നാളുകളായി നമ്മൾ നല്ലൊരു വ്യക്തിത്വത്തെ കാത്തിരിക്കുന്നു. ജീവിതം ത്യാഗപൂർണ്ണമാകുമ്പോഴാണ് മഹാത്മാവാകുന്നത്. അത്തരമൊരാൾ വരുന്നതുവരെ ആരും അടങ്ങിയിരിക്കില്ല. അത്തരത്തിലൊരാൾ വന്നാൽ പിന്നെ ആരും അപസ്വരമുണ്ടാക്കുകയില്ല. കാത്തിരിക്കുകയേ നിവൃത്തിയുള്ളു. നീതിപൂർണ്ണമായ ജീവിതം കൊണ്ട് നേടിയതെല്ലാം നിലനിൽക്കും. പക്ഷെ മത്സരിച്ചും കലഹിച്ചും പിടിച്ചുപറിച്ചും നേടിയെടുത്ത സ്ഥാനമാനങ്ങൾ പലവിധത്തിലും പലരും നഷ്ടപ്പെടുത്താൻ ശ്രമിക്കും. അതുകൊണ്ടുതന്നെ കരുതലുകളും ചെറുത്തുനിൽപ്പും ആവശ്യമായിവരും. അതിന്റെ ബഹളങ്ങളാണ് നാം ദിനവും നേരിട്ടും പത്ര-ദൃശ്യ മാധ്യമങ്ങളിലൂടേയും കാണുകയും കേൾക്കുകയും വായിക്കുകയും ചെയ്യുന്നത്.

ഭരണത്തിലിരിക്കുമ്പോൾ അഴിമതി, ഭരണം നഷ്ടപ്പെട്ടാൽ കുറ്റവിമുക്തൻ കാരണം അയാളുടെ രാഷ്ട്രീപാർട്ടി പുതിയ ഭരണപക്ഷ പാർട്ടിയുടെ കൂടെക്കൂടി. അഞ്ചുവർഷത്തിനുള്ളിൽ കേസ് തേഞ്ഞുമാഞ്ഞ് പോയിരിക്കും. അടുത്ത ഇലക്ഷനിൽ മറുപക്ഷത്തേക്ക് ക്ഷണം കിട്ടിയാലും പോകില്ല, ഉപകാരസ്മരണ. എങ്കിലും ഇതിൽനിന്നുകൊണ്ട് മറുഭാഗത്തിനുവേണ്ടി പ്രവർത്തിക്കും. മറുഭാഗം ജയിച്ചുകഴിഞ്ഞാൽ പിന്നെ പതിയെ അപ്പുറത്തേയ്ക്ക് ചാടും. ഇതുപോലുള്ള സംഭവങ്ങൾ നടക്കാൻ തുടങ്ങിയിട്ട് കാലങ്ങളായി. കള്ളത്തരങ്ങൾ ചെയ്യുന്നവർ സുരക്ഷിതരാണിവിടെ. അവരെ സ്വീകരിക്കാൻ എന്നും മറുഭാഗമുണ്ട്. എല്ലാം കള്ളക്കൂട്ടങ്ങളാണല്ലോ ? എങ്ങിനെയാണ് വൻഭൂരിപക്ഷത്തോടെ അധികാരം, ഭരണം മാറി മാറി പിടിക്കുന്നത്. വ്യക്തമായ ആദർശമില്ലാത്ത നേതാക്കളും അണികളുമാണിവിടെയുള്ളത്. അഞ്ചുവർഷം കഴിഞ്ഞാൽ ഇപ്പോൾ കണ്ടവനെ അച്ഛാ എന്നു വിളിച്ച് ഓടിച്ചെല്ലാൻ മടി കാണിക്കാത്തവർ. എല്ലാ പാർട്ടിയിലും മാറി മാറി കയറിയിറങ്ങി സ്വന്തം കാര്യം നോക്കുന്നു എന്നിട്ട് പറയുന്നു ഞാനൊരു പൊതുപ്രവർത്തകനാണ്, രാഷ്ട്രീയക്കാരനാണ് എന്നെല്ലാം. ഇതുപോലെയാണ് മതത്തിലും ആത്മീയതയുടെ വക്താവായി നടക്കുന്നവർക്ക് പലർക്കും സ്വാർത്ഥ താത്പര്യങ്ങൾ ഉണ്ട് എന്നത് അവരെ അടുത്തറിഞ്ഞാൽ മാത്രം മനസ്സിലാകും. നിങ്ങളും ഇതുപോലെ കാര്യസാധ്യത്തിനായി വാക്കുകളെ, ആദർശങ്ങളെ ബലി കഴിപ്പിക്കാറുണ്ടോ എന്ന് ചിന്തിക്കുക.

"സത്യം പറയുന്ന ഞാൻ ഒറ്റയ്ക്കാവാം. പക്ഷെ എല്ലാ ശബ്ദവും നിലയ്ക്കുമ്പോൾ എന്റെ ശബ്ദം കേൾക്കാതിരിക്കില്ല." ഗാന്ധിജിയുടെ വാക്കുകളാണിത്. നിങ്ങൾ എന്നും നിങ്ങളായി മാത്രം ജീവിക്കാൻ ശ്രമിക്കുക. നിങ്ങളിലെ മാറ്റം സാവധാനമാകുമ്പോൾ അത് നന്മയിലേയ്ക്കുള്ള മാറ്റമാകാം.

വെള്ളപ്പൊക്കവും കൊടുംകാറ്റും സുനാമിയുമെല്ലാം കുറച്ച് അധികംപേരേ നശിപ്പിക്കുന്നുണ്ടെങ്കിലും അതിന്റെ പേരിൽ കുറേയേറെ ആളുകൾ സത്യത്തിൽ നന്നാകുന്നുമുണ്ട്. ദുരിതാശ്വാസ ഫണ്ടിനായി ഇറങ്ങുന്നവരും പിന്നെ അതിൽനിന്നും പണമെടുത്ത് സ്വന്തം കാര്യത്തിനായി രാജ്യമൊട്ടുക്ക് പറന്നുനടക്കും മന്ത്രിപുംഗൻമാർ വരെയുണ്ട്. അത് ചോദ്യം ചെയ്താൽ പറയും ഇതിനുമുൻപുള്ളവരും ഇതുപോലെ ചെയ്തിട്ടുണ്ടെന്ന്. നമ്മൾ എപ്പോഴും മാതൃക ആക്കേണ്ടത് നല്ലവരേയാണ് അല്ലാതെ തെറ്റ് ചെയ്ത മറ്റൊരുവനെയല്ല. ഇവിടെ നല്ലതും ചീത്തയുമായ മാതൃകകളുണ്ട്. ഏതെങ്കിലും ഒരു മാതൃക, സംഭവം, പ്രമാണം പറഞ്ഞ് രക്ഷപ്പെടുകയല്ല വേണ്ടത്. തെറ്റ് ഏറ്റുപറഞ്ഞ് മാപ്പ് ചോദിക്കു

മ്പോഴാണ് മഹത്വം ഏറുന്നത്. എന്തായാലും ഇത്തരത്തിൽ പറഞ്ഞൊപ്പിച്ച് രക്ഷപ്പെടുമ്പോഴും മനസ്സിനകത്ത് ചെറിയൊരു വേദന ഉണ്ടായാൽ നിന്റെ ഭാഗ്യം. ഒരുപക്ഷെ ഈ ജന്മത്തിൽ അത്രയ്ക്കുള്ള മാറ്റമേ ദൈവം നിന്നിൽ വരുത്താൻ ഉദ്ദേശിച്ചിട്ടുള്ളൂ എങ്കിലോ ? ഇനിയും ഉണ്ടല്ലോ പഠിക്കാനൊരുപാട്...

പെട്രോളിന്റെ വില കൂടിക്കൊണ്ടുപോകുന്നു. പഴയ വാഹനം വിൽക്കുമ്പോഴും ജി. എസ്. ടി. അതെല്ലാം പോട്ടെ, ട്രെയിനിൽ പോകാൻ വിമാനത്തിന്റെ ചാർജ്ജ് കൊടുക്കേണ്ടിവരുമോ എന്നാണ് പലരുടേയും ചിന്ത. ബാറിനുപിന്നാലെ പാൻമസാലയ്ക്കും ലൈസൻസ് വരുന്നു. ലൈസൻസ് എടുത്താൽ പിന്നെ എന്തും ചെയ്യാം. അല്ലാതെ ഇതൊന്നും ചെയ്യരുതെന്ന് മാത്രം. എന്തായാലും ബോധമുള്ള ഒരുത്തനും ഇവിടെ ഉണ്ടാകരുത് ഭരണവർഗ്ഗത്തെ ചോദ്യം ചെയ്യാൻ. എല്ലാ നിയമങ്ങളും നിയമനിർമ്മാണങ്ങളും കുറച്ചു പേരുടെ നന്മയ്ക്കുമാത്രമാകുമ്പോൾ അവശേഷിക്കുന്ന ബഹുഭൂരിപക്ഷം ആളുകളും വെറും നോക്കുകുത്തികളാകുന്നു. ഉന്നതനീതിന്യായ പീഠത്തിലുള്ളവരെ വരെ രാഷ്ട്രീയക്കാർ പണം നല്കി സ്വാധീനിച്ച് വക വരുത്തുന്ന കാലം. എന്തായാലും ഇലക്ഷൻ വേണം. ജയിക്കുന്നത് ആരായിരിക്കുമെന്ന് ഏവർക്കുമറിയാം. ഇലക്ഷന് തലേന്നാൾ എല്ലാവരുടേയും അക്കൗണ്ടിൽ കുറച്ചുപണം വന്നാൽ നാമും എല്ലാം മറക്കും. പോരാത്തതിന് ഇങ്ങനെ ചോദിക്കുക കൂടി ചെയ്യും. വേറെയാര് ഇതുപോലെ ഇതിനുമുമ്പ് അക്കൗണ്ടിൽ പണമിട്ടുതന്നിരിക്കുന്നു. ചിന്തിച്ചു നോക്കി, സംഗതി ശരിയാണെന്ന് തോന്നി വോട്ടിംഗ് മെഷിനിലെ ബട്ടനിൽ അമർത്തും. ഏത് അമർത്തിയാലും ഇല്ലെങ്കിലും അവര് ജയിക്കുക തന്നെ ചെയ്യും. കലികാലമല്ലേ അതൊന്നും കാര്യമാക്കേണ്ട. നമ്മുടെ ലക്ഷ്യം നല്ല മാതൃകയെ കണ്ടെത്തി അതിനെ പിൻപറ്റി ജീവിക്കുക എന്നതാകണം.

മാതൃകയായി ആരേ വേണമെങ്കിലും തിരഞ്ഞെടുക്കാം. പുരാണങ്ങളിലെയോ ഇതിഹാസങ്ങളിലേയോ കഥാപാത്രത്തെ അതുമല്ലെങ്കിൽ നല്ല ചരിത്രപുരുഷൻമാരെ തിരഞ്ഞെടുക്കാം. ശ്രീകൃഷ്ണനെ, ക്രിസ്തുവിനെ, മുഹമ്മദ് നബിയേ അതുമല്ലെങ്കിൽ ഗാന്ധിജിയെ, മദർ തെരേസയേ, വിവേകാനന്ദനേ ആരെ വേണമെങ്കിലും മാതൃകയാക്കാം. പക്ഷെ പുറത്ത് പറയണ്ട കാരണം നിങ്ങളെ ഈ സമൂഹം ഏതെങ്കിലും ഒന്നിലേയ്ക്ക് മുദ്ര കുത്തി തരംതാഴ്ത്തും. ആദ്യം മാതൃകാപുരുഷൻമാരുടേതുപോലെ ജീവിതം കെട്ടിപ്പടുക്കുക. അതിനുശേഷം അവരുടെ കുറവുകളേയും പരിഹരിച്ച് പിന്നേയും മുന്നോട്ട് പോകുക. അതാകട്ടെ ലക്ഷ്യം... അവർക്കും കുറവുകളും കുറ്റങ്ങളുമുണ്ട് കാരണം അവരും നമ്മളെപ്പോലെത്തന്നെ മനുഷ്യരായിരുന്നല്ലോ. നമ്മുടെ പ്രവൃത്തിയിലുമുണ്ടാവും കുറ്റങ്ങളും കുറവുകളും എന്ന് തിരിച്ചറിഞ്ഞ് ഓരോ ചുവടും ശ്രദ്ധിച്ചുവെക്കുക. ചുവട് പിഴച്ചാൽ ഉള്ളുതുറന്ന് മാപ്പ് ചോദിക്കുക.


ഹോസ്പിറ്റലിൽ എത്തി അഡ്മിറ്റ് ചെയ്താൽ പിന്നെ ഡോക്ടറേക്കാളും വലിയ നേഴ്സ് ഉള്ള കാലം. ചൂഷണങ്ങൾ പിന്നെ പലവിധത്തിൽ പോരാത്തതിന് മാനസിക വിഷമങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകും. പരാതിയുമായി ഒരു സർക്കാർ ഓഫീസിൽ ചെന്നാൽ ഓഫീസറേക്കാളും വലിയ പ്യൂണിനെ കാണാം. അതുപോലെ മന്ത്രിയേക്കാൾ വലിയ പേഴ്സണൽ സ്റ്റാഫുകളെ കാണാം. കഷ്ടം തന്നെ ! വരുംദിനങ്ങൾ ഇതിലും മോശമാകും. നല്ല മാതൃകകളെ മാറ്റി നിർത്തി ചീത്ത മാതൃകകളെ പിൻപറ്റി ഓരോരുത്തരും നന്മയേ നശിപ്പിച്ചുകൊണ്ട് അതിവേഗം മുന്നേറുകയാണ്. അതുകൊണ്ടുതന്നെ ഈ സമൂഹത്തിന്റെ നാശവും വിദൂരത്തിലല്ല എന്ന് നിസ്സംശയം പറയാമെങ്കിലും അവശേഷിക്കുന്ന ജീവിതത്തിലെങ്കിലും സ്വയം ഒരു നല്ല മാതൃകയാകാൻ നാം ശ്രമിക്കേണ്ടത് അനിവാര്യമാണ്. കാരണം വരാനിരിക്കുന്ന ജീവിതത്തിലേയ്ക്കുള്ള കരുതലാണ്, സമ്പത്താണ്, അറിവാണ് ഇത് എന്നറിയുക. ●



ബിന്ദു. കെ, 9446422321

# സംഭാവനയുടെ മൂല്യം

ഗാന്ധിജി ചർക്കയ്ക്കു വേണ്ടി പണം സ്വരൂപിക്കാൻ നഗരങ്ങളിലൂടേയും ഗ്രാമങ്ങളിലൂടേയും സഞ്ചരിച്ചു. അങ്ങനെയുള്ള ഒരു യാത്രയിൽ ഒറീസ്സയിലെ ഒരു സ്ഥലത്ത് അദ്ദേഹം മീറ്റിങ്ങിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ പ്രസംഗത്തിനുശേഷം അവിടെ സന്നിഹിതയായിരുന്ന ഒരു സാധു വൃദ്ധ എഴുന്നേറ്റ് ഗാന്ധിജിയുടെ അരികിലേക്ക് പോകാൻ തുടങ്ങിയപ്പോൾ അവിടത്തെ വൊളണ്ടിയർമാർ തടഞ്ഞു. എനിക്ക് എന്തായാലും അദ്ദേഹത്തെ കാണണമെന്ന് പറഞ്ഞ് അവർ വൊളണ്ടിയർമാരേയെല്ലാം തട്ടിമാറ്റി ഗാന്ധിജിയുടെ അരികിലെത്തി അദ്ദേഹത്തിന്റെ കാൽ തൊട്ടുവന്ദിച്ചു. എന്നിട്ട് അവരുടെ സാരിയിൽ കെട്ടിവെച്ചിരുന്ന ഒരു ചെമ്പുനാണയത്തുട്ടെടുത്ത് ഗാന്ധിജിയുടെ കാൽക്കൽ വെച്ചു. ഗാന്ധിജി ആ നാണയമെടുത്ത് സൂക്ഷിച്ചുവെച്ചു. ചർക്കയുടെ പണസ്വരൂപണം കൈകാര്യം ചെയ്യുന്നത് ജമ്നാലാൽ ബജാജ് ആയിരുന്നു. അദ്ദേഹം ഗാന്ധിജിയോട് ആ നാണയമാവശ്യപ്പെട്ടു. ഗാന്ധിജി അത് നല്കാൻ വിസമ്മതിച്ചു. അപ്പോൾ ജമ്നാലാൽ ചിരിച്ചുകൊണ്ടുപറഞ്ഞു, 'ആയിരങ്ങളുടെ ചെക്കുകൾ സൂക്ഷിക്കുന്നത് ഞാനാണല്ലോ. എന്നിട്ടും ഈ ചെമ്പുനാണയത്തിന്റെ കാര്യത്തിൽ നിങ്ങൾക്കെന്നെ വിശ്വാസമില്ലേ ? അപ്പോൾ ഗാന്ധിജി പറഞ്ഞത് ഈ ചെമ്പു നാണയം ആ ആയിരങ്ങളേക്കാൾ ഞാൻ വിലമതിക്കുന്നു. എന്തെന്നാൽ ഒരാളുടെ കൈവശം ലക്ഷങ്ങളോ കോടികളോ സമ്പാദ്യമായുണ്ടെങ്കിൽ, അതിൽ നിന്ന് ഒരായിരമോ രണ്ടായിരമോ തരുകയാണെങ്കിൽ അത് അത്ര വലിയ കാര്യമല്ല. എന്നാൽ ആ സ്ത്രീക്ക് ഒരുപക്ഷെ ഈ ഒരു ചെമ്പുനാണയം മാത്രമായിരിക്കും അവരുടെ സമ്പാദ്യം. അവർ ആ നാണയം എനിക്ക് നല്കി. അത് അവരുടെ കാരുണ്യത്തെ, ത്യാഗമനോഭാവത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഈ ചെമ്പുനാണയത്തെ ലക്ഷങ്ങളേക്കാൾ വിലമതിക്കുന്നത്. ●



# റിപബ്ലിക് സന്ദേശം

**എടപ്പാൾ സി. സുബ്രഹ്മണ്യൻ**
**9446472231**

ജനുവരി 26 ഇന്ത്യയുടെ റിപബ്ലിക് ദിനം. നമ്മുടെ പരമോന്നത ഭരണഘടന നിലവിൽ വന്നതിന്റെ ഓർമ്മപ്പിറന്നാൾ. 1950 ജനുവരി 26ന് ശേഷം വർഷങ്ങൾ 68 പിന്നിടുകയാണ്. നമുക്ക് ഓർക്കാൻ ഏറെയുണ്ട്. ലോകത്തിനുമുഴുവൻ വെളിച്ചം പകർന്ന ഭാരതത്തിന്റെ പാരമ്പര്യം കടന്നുവന്ന വിദേശീയർ നമ്മുടെ നാടിന്റെ അനൈക്യം മുതലെടുത്ത് നാടിന്റെ ഭരണം കൈപ്പിടിയിലൊതുക്കിയതിന്റെ ചരിത്രം. സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ നാഴികക്കല്ലുകൾ. കണ്ണീരും ചോരയും ജീവിതവും ജീവനും നൽകി നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ വില തിരിച്ചറിയുക തന്നെ വേണം. പ്രത്യേകിച്ച് തലമുറകൾ പിന്നിടുമ്പോൾ യാഥാർത്ഥ്യം മിത്തുകളാകുന്നു. വാർത്തകൾ ഐതിഹ്യങ്ങളാകുന്നു.

അങ്ങ് വടക്ക് ജാലിയൻ വാലാബാഗിലെ അടഞ്ഞമൈതാനത്ത് പിടഞ്ഞുവീണവരും ഇങ്ങ് കേരളക്കരയിൽ തീവണ്ടി ബോഗികൾക്കുള്ളിൽ ശ്വാസം കിട്ടാതെ ആർത്തലച്ച് മരിച്ചുവീണവരും കെട്ടുകഥകളല്ലെന്ന് കുട്ടികളറിയണം. ഒരു വടിയും കുത്തിപ്പിടിച്ച് 78 അനുയായികളുമായി മൈലുകൾ താണ്ടി ദണ്ഡി കടപ്പുറത്തേക്ക് ഒരു മഹാമനുഷ്യൻ നടന്നുപോയത് വെറും ഉപ്പുകുറയ്ക്കുവാൻ മാത്രമായിരുന്നില്ലെന്നും സ്വാതന്ത്ര്യം കടഞ്ഞെടുക്കാനായിരുന്നെന്നും നാം ഉൾക്കൊള്ളേണ്ടതുണ്ട്. അത് അമൃതുതന്നെയായിരുന്നു.

*സ്വാതന്ത്ര്യം തന്നെ അമൃതം*
*സ്വാതന്ത്ര്യം തന്നെ ജീവിതം*
*പാരതന്ത്ര്യം മാനികൾക്ക്*
*മൃതിയേക്കാൾ ഭയാനകം*

നമുക്ക് ഇന്നത്തെ ശക്തി ലഭിക്കാൻ കാരണം അവർ നൽകിയ അമൃതമാണ്. അതിന്റെ മൂല്യമാണ് റിപബ്ലിക് ദിനത്തിന്റെ പ്രാധാന്യം. നമ്മുടെ ഭരണഘടനയിൽ നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും സുവർണ്ണലിപികൾ കൊണ്ട് ആലേഖനം ചെയ്തിട്ടുണ്ട്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന ആ ഉറപ്പുകൾ എത്രമാത്രം പരിപാലിക്കാൻ കഴിഞ്ഞു എന്നത് പരിശോധിക്കേണ്ട ദിവസമാണിന്ന്. സൈനികപരേഡ് നടത്തിയും സല്യൂട്ട് സ്വീകരിച്ചും സാംസ്കാരിക വൈവിധ്യം പ്രദർശിപ്പിച്ചും പതാക ഉയർത്തിയും മധുരം നൽകിയും നാം ഈ ദിനം ഗംഭീരമായി ആഘോഷിക്കുമ്പോൾ തന്നെ ഇനിയും നേടേണ്ടതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയും വേണം.

രാഷ്ട്രപിതാവിന്റേയും സ്വാതന്ത്രസമരഭടന്മാരുടേയും സ്വപ്നസാക്ഷാത്ക്കാരം. പാവപ്പെട്ടവരുടേയും പണിയെടുക്കുന്നവരുടേയും സന്തോഷം. സമത്വസുന്ദരവും സഹകരണാധിഷ്ഠിതവും സ്വതന്ത്രവുമായ ഒരു സന്തുഷ്ടസമൂഹം. നമ്മുടെ ഗവൺമെന്റിനെ നമുക്കു തന്നെ തിരഞ്ഞെടുക്കാനുള്ള മഹത്തായ അവകാശം ഭരണഘടന നമുക്ക് ഉറപ്പുനൽകുന്നു. അത് വിവേകപൂർവ്വം വിനിയോഗിക്കാൻ ജനത ശക്തമാകണം. അറിവും തിരിച്ചറിവുമുള്ളവരാകണം.

അറിവില്ലായ്മയിൽ നിന്നുള്ള മോചനമാണ് ഈ ദിനം നമ്മോടാവശ്യപ്പെടുന്നത്. 100% സാക്ഷരതയും വിദ്യാസമ്പന്നതയും മികവുറ്റ രാഷ്ട്രത്തിന്റെ അനിവാര്യതയാണ്. അതിലൂടെ വേണം തൊഴിൽ ലഭ്യതയും സാമ്പത്തികഭദ്രതയും നേടിയെടുക്കാൻ. ജനങ്ങളുടെ അസന്തുഷ്ടിയാണ് പലപ്പോഴും അക്രമങ്ങളിലൂടെ പ്രകടമാകുന്നത്.

മദംപൊട്ടി നാശം വിതയ്ക്കുന്ന ഭീകരതയെ തളയ്ക്കേണ്ടതുണ്ട്. അതിന് ജനങ്ങളെ ഒന്നിപ്പിക്കണം. വീര്യമുണർത്തണം. ഐക്യത്തിന്റെ ശക്തിയിലൂടെ ശാന്തിയും സുരക്ഷയും ഉറപ്പാക്കാനുള്ള അവസരമാണ് ഈ ദിനം നമുക്ക് ഒരുക്കിത്തരുന്നത്.

ഉണരാനും ഉണർത്താനുമാണ് ഈ ദിനം. രാഷ്ട്രത്തിന് നിങ്ങളെ വേണമെന്ന് ഓരോ പൗരന്റേയും കാതിൽ സന്ദേശമെത്തണം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന്റെ കണ്ണിയാണ് താങ്കൾ എന്നത് ഒരു മന്ത്രം പോലെ മനസ്സിലുമെത്തണം.

ദേശീയപതാകയ്ക്കെന്ന പോലെ ജീവിതത്തിനും നിറങ്ങളുണ്ട്. അവ കണ്ണിനു കുളിർമ്മയേകുന്ന കേവലം നിറങ്ങളല്ല. സന്ദേശങ്ങളാണ്. സമാധാനത്തിന്റെ ശക്തിയുടെ ഐക്യത്തിന്റെ ത്യാഗത്തിന്റെ പ്രതീകങ്ങൾ. നാടിനുവേണ്ടി പോരാടിയ, ത്യാഗം സഹിച്ച, ധീരദേശാഭിമാനികളുടെ ഓർമ്മകൾക്കുമുന്നിൽ നാം നമിക്കുന്നു.

***മനസ്സിലുണ്ടാകണം സ്വാതന്ത്ര്യം***
***വാക്കുകളിൽ വിശ്വാസം***
***ഹൃദയത്തിൽ അഭിമാനം***
***ആത്മാവിൽ ഓർമ്മ***
***രാഷ്ട്രത്തെ സല്യൂട്ട്***
***ചെയ്യുകയാണ് നാമിന്ന്.***

നമ്മൾ ചെയ്യുന്ന കാര്യങ്ങളും നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളും തമ്മിൽ വലിയ അന്തരമുണ്ട്. നമ്മൾ നേരിടുന്ന പ്രശ്നങ്ങൾ തീർക്കാൻ ആ വ്യത്യാസം നികത്തേണ്ടതുണ്ട്. നമ്മുടെ ഊർജ്ജസ്വല

മായ പ്രവർത്തനങ്ങളുടെ നൈരന്തര്യം സൃഷ്ടിക്കുന്ന സഫല നിമിഷങ്ങളിൽ ആകാശദേശത്തുകൂടി യാത്രചെയ്യുന്ന സൂര്യഭഗവാനോട് നമുക്ക് വിളിച്ചുചോദിക്കാൻ സാധിക്കണം. "ഹേ സൂര്യ ഇത്ര സന്തുഷ്ടവും പ്രണയപൂർണവുമായ ഒരു രാജ്യം ലോകത്തിൽ വേറെ എവിടെയെങ്കിലും നിനക്കുകാണാൻ കഴിയുന്നുണ്ടോ ?" അതിനുള്ള മഹായത്നമാകട്ടെ ഈ റിപബ്ലിക് ദിനത്തിന്റെ സന്ദേശം.

■ കവിത



# കൊല

**സൈനുദീൻ മുണ്ടക്കയം**

**9947253006**

ഒരാൾ കൊലയാളിയെ കൊന്നു,
മറ്റൊരുത്തനവനെ കൊന്നു,
വേറൊരുത്തനവനെ കൊന്നു,
പിന്നൊരുത്തനവനേം കൊന്നു,

കൊലയിങ്ങനെ പലതായി,
കൊലയാളികൾ നടമാടി,
കൊലയുണ്ടോ തീരുന്നു,
കൊല പിന്നേം തുടരുന്നു.

ചത്തവനും കൊലയാളി,
കൊന്നവനും കൊലയാളി,
കൊന്നാൽ പാപം തിന്നാൽ തീരും.
തിന്നാൻ പോയാൽ തല്ലിക്കൊല്ലും.


ചത്തവനും നീതിവേണം,
കൊന്നവനും നീതിവേണം,
നീതിയതാ കണ്ണും കെട്ടി,
ത്രാസും തൂക്കിയിരിക്കുന്നു.

## ചോദ്യോത്തരം

"നീതി ചോദിച്ചു ചെന്നപ്പോൾ,
ന്യായമുണ്ടോന്നു മറുചോദ്യം.
ചോദ്യോത്തരങ്ങളാവർത്തിക്കേ-
നേരു നാണിച്ചു നിന്നുപോയ്."

# ഊർജ്ജവ്യയം (ഊർജ്ജത്തെ പാഴാക്കൽ)

## Waste of Energy (മലയാള വിവർത്തനം)



**എം. എം. മേനോൻ**
**0491 6451469**

[ഭാരതീയ വിദ്യാ ഭവന്റെ 'ഭവൻസ് ജേർണൽ' Vol 64 No. 8, 30 Nov 2017 ന്റെ പേജ് 6 'കുലപതിവാണി'യുടെ പകർപ്പു; കൃതജ്ഞതയോടെ. ]


നമ്മൾ നമ്മുടെ ഊർജ്ജത്തെ ചെറുതും വലിയതുമായ കാര്യങ്ങൾക്കായി ഓരോ നിമിഷവും പാഴാക്കുന്നു. കൃത്യത കുറഞ്ഞ സംസാരത്താൽ ഊർജ്ജനഷ്ടം ഉണ്ടാക്കുന്നു. നിശ്ചലമായി ഇരിക്കേണ്ട അവസരങ്ങളിൽ അനാവശ്യ അസ്വസ്ഥത/ വെറിയാൽ ഊർജ്ജ വ്യയം വരുത്തുന്നു. മൗലിക സ്വാതന്ത്ര്യാവകാശത്തിന്റെ മറവിൽ, അനാവശ്യ /ഒഴിക്കേണ്ടുന്ന 'കിംവദന്തി വെട്ടിക്കൂട്ടം (GOSSIP AND LOOSE TALK ), വ്യർത്ഥ ശ്രമം, സമയത്തിന്റെ അനിയന്ത്രിത/അനുചിത ഉപയോഗം, എന്നിവ ചെയ്തുവരുന്നു. എത്ര 'ആധുനികർ' കായികാഭ്യാസത്തിന്റേയും മാനസിക വിശ്രമത്തിന്റേയും പേരിൽ, അന്യ 100 ഗുണകര വഴികളെ അവഗണിച്ച്/വെടിഞ്ഞ്, ജീവിതത്തിന്റെ ഉത്തമഭാഗത്തെ GOLF, ചീട്ടുകളി എന്നിവയാൽ പാഴാക്കുന്നു ? മനസ്സിന്റെ കാര്യം... കുട്ടികൾ കടൽ വെള്ളത്തെ തെറിപ്പിച്ച (SPLASH) കളിക്കുന്നതുപോലെ നാം മാനസിക ഊർജ്ജത്തെ നഷ്ടപ്പെടുത്തുന്നു. ശിക്ഷാർഹമായ ഇത്തരം മാനസിക ഊർജ്ജക്ഷയത്തെക്കുറിച്ച് തെളിഞ്ഞ് അറിവാൻ അധികം പരിശോധന ആവശ്യമില്ല. എത്ര കൂട്ടം ജോലിയുടെ തിരക്ക് എന്ന ഭാവത്തിൽ നാം ചെയ്യുന്നത് വാസ്തവത്തിൽ മാനസിക ഊർജ്ജത്തിന്റെ അനിയന്ത്രിതവും വ്യാപകവും ആയ വിധത്തിൽ വ്യയം മാത്രമല്ലെ? നമുക്ക് ലഭിച്ച ഉപകരണത്തിൽ (ശരീരത്തിൽ) 'ഉല്ലേഖനിയ ലക്ഷ്യസാധ്യം' എന്നാണു നമ്മുടെ ഉദ്ദേശമെങ്കിൽ, ഈ ഉപകരണത്തിലൂടെ ഊർജ്ജത്തെ പാഴാക്കാമോ ? ഈശ്വര സാമീപ്യത്തിനായി നൽകിയ 'ഉപകരണം' എല്ലാ നേരവും ചോർന്നുകൊണ്ടിരിക്കാൻ അനുവദിക്കുകയാണെങ്കിൽ ഈശ്വരാർപ്പണം തീരെ അസാധ്യമാണ്.

(പരേതൻ) കുലപതി
കെ. എം. മുൻഷി.

**ഒരു മുഖ്യ കുറിപ്പു**

1. നിരീശ്വരവാദി/യുക്തിവാദികൾക്കു എതിർപ്പുണ്ടാവാൻ സാധ്യതയുള്ള അവസാന വരിയെ വേണമെങ്കിൽ 'മനസ്സിന്മേൽ പ്രഭുത്വം/നിയന്ത്രണം ഇല്ലാതെ ഊർജ്ജത്തെ വ്യർത്ഥമായി ചോർന്നു കൊണ്ടിരിക്കാൻ അനുവദിക്കുന്ന പക്ഷം, ജീവിതത്തിലെ ഉന്നത ലക്ഷ്യം അടയുന്നത് തീരെ അസാധ്യമാണ്' എന്നു 'മാറ്റാം'!

2. എക്കണത്ത് ഈശ്വരൻ വ്യക്തമാക്കുന്നതുപ്രകാരം, ജീവിതത്തിൽ ചെറുതെറ്റുകളും വ്യതിചലനങ്ങളും സാധാരണമായതിനാൽ ലക്ഷ്യസാധ്യത്തിന്നാവശ്യത്തേക്കാൾ കുറച്ചധികം ഊർജ്ജം നമുക്കുണ്ട്. എന്നാൽ സമയനഷ്ടം പരിഹരാതീതം ആണ്... ഉണരുവിൻ ! എഴുന്നേൽക്കുവിൻ !



ചൂലന്നൂർ രാമചന്ദ്രൻ
9745675439

# പാഠം ഒന്ന്... പശു

**ഞ**ങ്ങൾ അമ്മയ്ക്ക് അഞ്ചുമക്കളാണ്. ഓരോരുത്തരും തമ്മിലുള്ള പ്രായവ്യത്യാസം- കേവലം ഒന്നൊന്നര രണ്ടുവയസുമാത്രം. അമ്മയുടെ മുലപ്പാൽ കുടിച്ചു രസിച്ചാനന്ദിച്ചു കൊഞ്ചിയും കുഴഞ്ഞും ഒക്കത്തും മടിയിലും ഇരുന്നു മതിവരുന്നതിനു മുമ്പായി അനിയനോ അനിയത്തിയോ ജനിക്കുന്നു. അങ്ങനെ പറക്കുമുറ്റാത്ത പ്രായത്തിൽ ഞങ്ങൾ ശാഠ്യം പിടിക്കുമ്പോൾ അമ്മ പറയും-കരയാതെ മക്കളെ, അമ്മ ഇപ്പം പശുവിനെ കറന്നിട്ടിത്തിരി പാലു തരാം ട്ടോ മക്കൾക്ക് കുടിക്കാൻ. ചിലസമയത്ത് പശുവിനെ കറന്നെടുക്കുന്ന വെള്ളോട്ടു ഗ്ലാസ്സിൽ തന്നെ ഉഴക്കുരിയോളം പതഞ്ഞു പൊങ്ങുന്ന പശുവിൻ പാൽ തരും കുടിക്കാൻ. ഓരോരുത്തരും അവരവരുടെ ഊഴത്തിനായി അക്ഷമയോടെ കാത്തുനിൽക്കും. അങ്ങനെ പശുവിൻ പാൽ കുടിച്ചുവളർന്ന ഞങ്ങൾക്ക് - 'പശു പാൽ തരുന്നു' എന്നുറക്കെ ചൊല്ലാനും എഴുതിപഠിക്കാനും ഒട്ടും മടി ഉണ്ടായിരുന്നില്ല. എന്നുവെച്ച് പശുവിനെ ദൈവമായി അംഗീകരിക്കാൻ ഞങ്ങൾക്കാർക്കും കഴിയില്ല. അത് പച്ചയായ സത്യമാണ്.

കാർഷികവൃത്തിയോടനുബന്ധമായിട്ടുണ്ടായ സ്ഥിരവാസം അതും ശുദ്ധജലം ധാരാളം ലഭ്യമാകും ഇടങ്ങളിൽ പശിമരാശി മണ്ണിൽ മനുഷ്യർ കേന്ദ്രീകൃത ഗോത്രമായപ്പോൾ പശുവും കാളയും എരുമയും പോത്തും കോഴിയും നായയുമെല്ലാം വളർത്തുമൃഗങ്ങളായും തീർന്നു. അതുവരെ സാർവത്രികമായി വേട്ടയാടി ഭക്ഷിച്ച ജീവികളെ തന്നെ മനുഷ്യർ ഇണക്കി ആവശ്യാനുസരണം ഉപയോഗിച്ചുതുടങ്ങി. ക്രമാനുക്രമമായി പശുവളർത്തൽ ഒരു വംശീയതുടെ ഛായാതലത്തിലെത്തി. അതല്ലാതെ പശുവളർത്തൽ ഈശ്വര സാക്ഷാൽക്കാരത്തിനോ- മതപ്രീണനത്തിനോ ഉള്ള മാർഗമോ ലക്ഷ്യമോ ആയിരുന്നില്ല. നാം എന്തുമാത്രം ആചരിച്ചാലും ഇനി പശുവിൽ നിന്നൊരു പുതുദൈവസങ്കല്പം രൂഢമൂലമാകാനും പോകുന്നില്ല. മറിച്ചൊരു ചിന്ത കരുപിടിപ്പിച്ചാൽ ഹിന്ദു എന്ന സങ്കല്പങ്ങൾക്കുമുമ്പുള്ള നാമരഹിതമായ ഗോത്രത്തിന്റെ ചിഹ്നങ്ങളായിരിക്കാം പശുവും ഗരുഢനും മയിലും സർപ്പവുമെല്ലാം. ഹിന്ദു എന്ന നാമം ഇന്ത്യാ ഭൂഖണ്ഡത്തിലേക്ക് മറുഭാഗത്തുള്ളവർ കടന്നുകയറിയപ്പോൾ ദർശിക്കാനിടയായ സിന്ധു ഗംഗ സമതലത്തെ ആധാരമാക്കിയാണ് രൂപപ്പെട്ടത്. അധിനിവേശക്കാരാണ് നമ്മെ ആദ്യമായി 'ഹിന്ദു' എന്ന് വ്യവഹരിച്ചു തുടങ്ങിയത്.

പശുവിൻ പാൽ ഒരു സമീകൃത പോഷകാഹാരം എന്ന നിലയിൽ സർവ്വത്ര അംഗീകാരം നേടിയതും, മാംസഭക്ഷണശീലം അനുദിനം വളർന്നതും, പശുവിൻ പാലിൽ നിന്നും തൈര്, വെണ്ണ, നെയ്യ് തുടങ്ങിയ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞതും, പശുവിൻ ചാണകം കാർഷിക വിളവുകൾക്കുള്ള അടിസ്ഥാന ജൈവവളമായി ഉപയോഗിച്ചു വിജയം വരിച്ചതും, പശുപരിപാലനത്തെ സാമ്പത്തിക അടിത്തറയുള്ള മുഖ്യതൊഴിലാക്കിമാറ്റി. പശുവിൻ ചാണകത്തിൽ നിന്നും പാചക ഗ്യാസ് വരെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞതും പശുവളർത്തലിനെ ആധുനികവൽക്കരിച്ചു. മാംസോല്പന്നങ്ങൾക്ക് ലോകകമ്പോളം ലഭിച്ചതും നല്ലൊരുനേട്ടമായി. അങ്ങനെ ഗ്രാമങ്ങൾ അടിസ്ഥാന പശുവളർത്തൽ കേന്ദ്രങ്ങളും നഗരങ്ങൾ സുപ്രധാന വിപണന വേദികളുമായി. സംസ്കൃതം പഠിക്കാനും ആചരിക്കാനും ബ്രാഹ്മണർക്കുമാത്രം അധികാരം കല്പിച്ചുകൊടുത്ത ഈ നാട്ടിൽ പശു വളർത്തലിനും ബ്രാഹ്മണർക്കു മാത്രമെ അധികാരമുള്ളു എന്നൊരു വ്യവസ്ഥിതി അടിച്ചുറപ്പിക്കാഞ്ഞത് എന്തുകൊണ്ടായിരിക്കും? ഒരു പക്ഷേ പശുവിൻ ചാണകത്തിന്റെ ദുർഗ്ഗന്ധവും, ദിവസവും പശുക്കളെ കഴുകി വൃത്തിയാക്കാനുള്ള ഭാരിച്ച ചുമതലയും, പശുവിന് പുല്ലുവെട്ടിയുണ്ടാക്കാൻ വേണ്ടിവരുന്ന കഠിനാധ്വാനവും പരിഗണിച്ചിട്ടാകാം അത്തരം നടപടിക്ക് ശ്രമിക്കാഞ്ഞത്.

കാളകളെ നിലം ഉഴുതാനും വണ്ടി വലിക്കാനും മറ്റും ആദിമകാലം മുതൽ തന്നെ മനുഷ്യർ ഉപയോഗിച്ചു. പശു പാൽ തരുന്നതിനാൽ അവയെ നിലം ഉഴുതാൻ ബുദ്ധിമുട്ടിച്ചില്ല. കറവുപശുക്കളെ കഠിനാധ്വാനത്തിനു ഉപയോഗിച്ചാൽ പാൽ ചുരുങ്ങും. ഗർഭിണി പശുക്കളെ അധ്വാനിപ്പിച്ചാൽ പുതിയ ഉരുവിന്റെയും മാതൃ ഉരുവിന്റെയും ആരോഗ്യ പ്രശ്നം ഇതായിരിക്കാം പശുക്കളെ കാർഷിക വേലയിൽ നിന്നും മാറ്റി നിർത്തിയ ഘടകം. പശുക്കൾ പ്രസവിച്ചാൽ ലഭിക്കുന്ന പുതിയ ഉരുക്കളെ ഒന്നുരണ്ട് വർഷത്തേക്ക് പോറ്റി അവയെ ചന്തയിൽ വിറ്റാൽ ലഭിക്കുന്ന മികച്ച സാമ്പത്തികനേട്ടവും കർഷകർക്ക് വൻനേട്ടങ്ങളായി. ഇന്ത്യയിൽ നിന്നും മാംസോല്പന്നങ്ങളുടെ കയറ്റുമതി 19% മായി വർദ്ധിച്ചതും ഇന്ത്യക്കാരിൽ 80% വും മാംസഭുക്കുകളായതും പശുവളർത്തലിനെ പ്രോത്സാഹിപ്പിക്കുന്ന മുഖ്യഘടകങ്ങളാണ്.

ഒന്നോ രണ്ടോ പ്രസവം കഴിഞ്ഞാൽ ആരോഗ്യത്തോടുകൂടി തന്നെ ഉരുക്കളെ ചന്തയിൽ വിറ്റുകൊണ്ട് കർഷകർക്ക് തങ്ങളുടെ അടിസ്ഥാന മൂലധനം ലോപിക്കാതെ നിലനിർത്താൻ കഴിയുന്നതും കാർഷിക മേഖലയെ ചലനാത്മകമാക്കി. ഒരു ചെറിയ ഇനം പശുവിനുപോലും 25000 രൂപമുതൽ മേൽത്തരം ഇനങ്ങൾക്ക് ലക്ഷങ്ങൾ വരെ വിലയുള്ള ഈ നാട്ടിൽ ഇവയെ സംരക്ഷിക്കാൻ അഞ്ഞൂറു മുതൽ ആയി


രം രൂപവരെ നിത്യവും ചെലവുവേണ്ടിവരും. അപ്പോൾ മാംസത്തിനായി പാൽ ചുരത്തും. പശുക്കളെ വിപണനം ചെയ്യാൻ പാടില്ല എന്ന നിയമം നിലനിന്നാൽ കർഷകരുടെ അടിസ്ഥാന വില നഷ്ടവും സംരക്ഷണ ചെലവും ആരു വഹിക്കും? കേന്ദ്ര സർക്കാറോ സംസ്ഥാന സർക്കാറോ മതവിഭാഗം നേതാക്കളോ കർഷകരുടെ നഷ്ടം നികത്താൻ മുന്നോട്ടു വരുമോ ? വന്നാൽ തന്നെ എത്ര കാലം അത് കൊണ്ടാടാൻ കഴിയും...??

സ്വന്തം മാതാവിനേയും പിതാവിനേയും മുത്തശ്ശിയേയും മുത്തശ്ശനേയും ക്ഷേത്രവളപ്പിൽ നടതള്ളി സ്വബാദ്ധ്യതകളിൽ നിന്നും തടിതപ്പുന്ന സംസ്കാരം ഉടലെടുക്കുന്ന ഈ നാട്ടിൽ പശുക്കൾക്ക് സമാധി കെട്ടണം എന്നു പറയുന്നതിന്റെ കൊള്ളരുതായ്മ ഓർത്തു നോക്കു?

'മാതാപിതാ ഗുരു ദൈവം' എന്ന ധർമ്മസങ്കല്പം സമൂഹത്തിൽ ഊട്ടിയുറപ്പിച്ചുകൊണ്ട് വൃദ്ധരാവുന്ന മാതാപിതാക്കളുടെ സംരക്ഷണം ഉറപ്പാക്കേണ്ട സമയത്ത് പശുക്കൾക്ക് സമാധി മണ്ഡപം ഒരുക്കാൻ ശ്രമിക്കുന്നത് ജനാധിപത്യത്തിന്റെ വളർച്ചയല്ല മറിച്ച് സങ്കുചിതത്വത്തിന്റെ കുലം കുത്തിയൊഴുക്കാണത്.

ഹിന്ദുക്കളുടെ ആദിമ ആരാധന മൂർത്തി ശിവനാണല്ലോ !! ശിവക്ഷേത്രങ്ങളിൽ 'നന്ദി' പ്രതിഷ്ഠകളുമുണ്ടല്ലോ ? എന്നിട്ടും എന്തേ നാം കാളകളെ ഉപയോഗിച്ച് നിലം ഉഴുതുന്നതും വണ്ടിവലിപ്പിക്കുന്നതും ? മരണദേവനായ യമന്റെ വാഹനമായി പോത്തുകളെ നിരൂപിച്ച നാം പോത്തുകളെ നിലം ഉഴുതാനും എരുമകളുടെ പാൽ കുടിക്കാനും മടിച്ചില്ല. ചില സങ്കുചിത താല്പര്യങ്ങൾക്ക് വിധേയരായി ഭാരതീയ കാർഷിക മേഖലകളെ നശിപ്പിച്ച് ഇന്ത്യയിലെ എട്ടുലക്ഷം ഗ്രാമങ്ങളെ പട്ടിണിക്കിടാനുള്ള ഗൂഢ നീക്കമാണോ പുത്തൻ ജനാധിപത്യം... ? ഇന്ത്യയിലെ 65% ജനങ്ങളും തൊഴിൽ ചെയ്യുന്ന കാർഷിക മേഖലയെ തളർത്തിയിട്ടാണോ നോട്ടുരഹിത സമൂഹത്തെ സൃഷ്ടിക്കുന്നത്. ഇന്ത്യയുടെ ഭാവി ഇരുപതു കോർപ്പറേറ്റ് കമ്പനികളുടെ കുത്തകയാക്കലാണോ വികസനവും ഐ. ടി. വിപ്ലവവും...?

# സ്ത്രീസുരക്ഷ



**പി. രാധാകൃഷ്ണൻ നായർ**
**9495367909**

**വ**ളരെയേറെ വേദനയോടെയാണ് ഈവരികൾ എഴുതുന്നത്! വനിതകൾക്ക് സുരക്ഷ ഉറപ്പാക്കേണ്ട കാര്യത്തെ പററി ഘോരഘോരം പ്രസംഗിക്കുന്ന വനിതാ സംഘടനകൾ ആദ്യം വേണ്ടത് വനിതകളെ ബോധവൽക്കരിക്കുക എന്നതാണ്.

പുരുഷന്മാരെ ബോധവൽക്കരിക്കേണ്ട എന്ന അർത്ഥത്തിലല്ല ഈ ലേഖനം. പണ്ടെങ്ങോ പറഞ്ഞു കേട്ട ഒരു കാര്യം ഓർമ്മയിൽ വന്നു. (പെണ്ണിന് ശത്രു പെണ്ണ് തന്നെയെന്ന്) പക്ഷെ അന്നൊന്നും ഞാൻ അത് വിശ്വസിച്ചിരുന്നില്ല. കാരണം, പുരുഷമേധാവിത്ത്വത്തിന്റെ പേരിൽ ആരോ പറഞ്ഞുപരത്തിയതാണെന്നാണ് കരുതിയിരുന്നത്. പിന്നീട് പല പത്രങ്ങളിലൂടെ വാർത്തകൾ വായിക്കുമ്പോൾ പണ്ടു പറഞ്ഞുകേട്ട വാർത്ത മുഴുവനും തെററാണെന്ന് പറയാൻ വയ്യാത്ത അവസ്ഥയായി മാറി.

**കാരണങ്ങൾ:**

കർണ്ണാടകയിൽ നഴ്സിങ്ങ് വിദ്ധ്യാർത്ഥിനിയെ റാഗു ചെയ്തതും പെൺകുട്ടികൾ; അതും ബാധിക്കപ്പെട്ടതും മലയാളി പെൺകുട്ടി, റാഗു ചെയ്തതും മലയാളി പെൺകുട്ടികൾ.

ഈ അടുത്തദിവസം അമ്മയുടെ സഹായത്തോടെ മകളെ പീഡിപ്പിച്ചു എന്ന വാർത്ത വളരെ ദുഃഖത്തോടെ വായിക്കേണ്ടിവന്നു. അതിനും വളരെ മുമ്പ് ഒരു സംഘം സെക്സ് റാക്കററ് പിടിക്കപ്പെട്ടു എന്ന വാർത്ത കണ്ടു. അന്വേഷണത്തിൽ അതൊരു വലിയ കണ്ണിയാണെന്നും അതിന്റെ വേരുകൾ അന്വേഷിച്ചുചെന്നപ്പോൾ അവസാനം എത്തിപ്പെട്ടത് ഒരു സ്ത്രീയിലാണെന്നും അറിയാൻ കഴിഞ്ഞതായി വാർത്ത വന്നിരുന്നു.

ഇതിനൊക്കെ പുറമെ അഞ്ചും, എട്ടും, വർഷം ഒരു പുരുഷന്റെ കൂടെ സഹയാത്രികയായി പല സ്ഥലത്തും ചുററിത്തിരിഞ്ഞ ഒരു കുട്ടിയുള്ള യുവതി, ഏതോ ഒരു സുപ്രഭാതത്തിൽ ബോധം വന്നതു പോലെ ഇത്രയുംകാലം കൂടെ ചുറ്റി തിരിഞ്ഞ ആ പുരുഷൻ, തന്നെ പീഡിപ്പിച്ചു എന്നുപറഞ്ഞ് പരാതിപ്പെട്ടതായി വാർത്തവന്നിരുന്നു.

വർഷങ്ങൾ വേണമോ പുരുഷൻ തന്നെ പീഡിപ്പിക്കുകയാണ് എന്ന് മനസ്സിലാക്കാൻ. കുഞ്ഞിനെ വിൽക്കുന്ന അമ്മമാർ, രണ്ടും, മൂന്നും, കുഞ്ഞുങ്ങൾ ഉള്ള സ്ത്രീ കാമുകന്റെ കൂടെ കുഞ്ഞുങ്ങളെ ഉപേക്ഷിച്ചു പോകുന്ന വാർത്തകൾ; കാമുകനുവേണ്ടി ഭർത്താവിനെ വധിയ്ക്കുന്ന ഭാര്യ, സമ്പത്തിനു വേണ്ടി ഭർത്താവിന്റെ അച്ഛനെ കാമുകനും, താനും, ചേർന്ന് വകവരുത്തുന്ന വാർത്ത, തനിക്കു കിട്ടാത്തത് സഹോദരിക്ക് കിട്ടുമ്പോൾ അസൂയ മൂത്ത് സഹോദരിയെ ഇല്ലായ്മ ചെയ്യുന്നത്, മകന്റെ കുട്ടുകാരനിൽ നിന്നും ഗർഭിണിയായ അമ്മ, സ്വർണ്ണം കടത്തിയതിന് പിടിക്കപ്പെടുന്ന സ്ത്രീകൾ, പുരയിടം പണയപ്പെടുത്തി വിവാഹം കഴിച്ചയക്കുന്ന മകൾ മൂന്നാം നാളിൽ ഭർത്താവിനെ വിട്ട് കാമുകന്റെ കൂടെ പോകുന്നുവൾ... ഇങ്ങിനെ സമൂഹം അറിയുന്നതും അറിയാത്തതുമായ കാര്യങ്ങൾ ധാരാളം.

വിദ്യാർത്ഥികളുടെ കാലിൽ കർപ്പൂരം കത്തിച്ച് ശിക്ഷ നടപ്പാക്കുന്ന അദ്ധ്യാപിക. ഇവരെല്ലാം തന്നെ സ്ത്രീകളാണല്ലോ? എന്നിങ്ങനെ എന്തെല്ലാം വാർത്തകൾ നാം നിത്യേന വായിക്കാറുണ്ട്. എങ്കിലും,

ആയതുകൊണ്ട് പുരുഷൻമാർ എന്തും ചെയ്യാം എന്ന തെറ്റായ ധാരണ എത്രയും വേഗത്തിൽ ഓരോ പുരുഷൻമാരും സ്വയം തിരുത്തേണ്ട സമയം വളരെ വൈകിയിരിയ്ക്കുന്നു. മാത്രമല്ല, മേൽ സൂചിപ്പിച്ച കാര്യങ്ങൾക്കെല്ലാം സമൂഹത്തിലെ പുരുഷൻമാർക്കും പങ്കുണ്ട്.

അദ്ധ്യാപകൻ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച വാർത്ത, അച്ഛൻ മകളെ പീഡിപ്പിച്ച വാർത്ത, രണ്ടാനച്ഛൻ 'മകളെ' പീഡിപ്പിച്ച വാർത്ത, പ്രായപൂർത്തിയായ മകളെ മദ്യപാനിയായ ഭർത്താവിന്റെ അടുത്ത് ഒററയ്ക്കാക്കി പുറത്തുപോകാൻ ഭയക്കുന്ന അമ്മ, സഹോദരിയെ പീഡിപ്പിക്കുന്ന സഹോദരൻ, എൺപത് വയസ്സിനോടടുത്ത വൃദ്ധയെ പീഡിപ്പിക്കുന്ന നരാധമൻമാരായ ഇരുകാലി പുരുഷൻമാർ, പാൽമണം പോലും മാറാത്ത പിഞ്ചു പെൺപൈതലിനെപ്പോലും പീഡിപ്പിച്ചുകൊല്ലുന്നവർ... പുരുഷ വർഗ്ഗത്തിനുതന്നെ തീർത്താൽ തീരാത്ത കളങ്കത്തേയും, ശാപത്തേയും നേടിക്കൊടുക്കുന്ന നരാധമൻമാർ.

ജോലിയും, സമ്പത്തും, വാഗ്ദാനം ചെയ്തു നിരപരാധികളായ പാവം പെൺമണികളെ പീഡിപ്പിയ്ക്കുന്ന വർഗ്ഗങ്ങൾ വേറെയും. വിവാഹാഭ്യർത്ഥന നിരസിച്ച കാരണത്താൽ വിവാഹം മുടക്കുന്നവർ, പ്രേമാഭ്യർത്ഥന നിരസിച്ചപ്പോൾ മാരകമായ ദ്രാവകം മുഖത്തൊഴിച്ച് വികൃതമാക്കുന്ന കാപാലികൻമാർ, വിവാഹവാഗ്ദാനം നൽകി വശത്താക്കി, വഞ്ചിച്ച് പീഡിപ്പിച്ച് കൈവിടുന്നവർ വേറേയും. ഇതിന്റെയൊക്കെ പുറമേയാണ് ദുരഭിമാന കൊല, എന്ന ഓമനപ്പേരിൽ നടക്കുന്ന ക്രൂരതകൾ വേറേ.

നമ്മുടെ ഈ പോക്ക് എങ്ങോട്ട്? അങ്ങിനെ ഏതുമേഖലയിലായാലും ശരി, പീഡിപ്പിയ്ക്കുക എന്ന മനുഷ്യന്റെ 'മഹാവ്യാധിക്ക്' ദിവസം ചെല്ലുന്തോറും പ്രവണത കൂടുതലായി കണ്ടുവരുന്നു. പ്രിയ സഹോദരീ, സഹോദരൻമാരെ,

ഇതിന് നമുക്ക് അന്ത്യം കുറിക്കണ്ടെ? ഒരു കാര്യം തീർച്ച, നാം നമ്മെ തന്നെ സ്നേഹിയ്ക്കാത്തതാണ് ഇതിനെല്ലാം കാരണം. നമ്മുടെ ബുദ്ധൻ, യേശു, നബി, ശ്രീനാരായണ ഗുരു, മഹാത്മാഗാന്ധി, കൂടാതെ ഈ ഭാരതഭൂമിയിൽ ജന്മം കൊണ്ട എല്ലാ പ്രവാചകൻമാരും നമ്മെ പഠിപ്പിച്ചത്. നമ്മെപ്പോലെ മററുള്ളവരേയും സ്നേഹിക്കാനാണ് എന്നോർക്കുക:

*കുപുത്രനാൽ കുലം നഷ്ടം;*
*ജന്മം നഷ്ടം കുഭാര്യയാൽ;*
*സുഖം നഷ്ടം കുമിത്രത്താൽ;*
*ദിവസം താൻ കുഭുക്തിയാൽ;*

നമ്മുടെ രാജ്യത്തെ തന്നെ നാം സംബോധനചെയ്യുന്നത് 'ഭാരത് മാതാ' എന്നാണല്ലോ! നമ്മുടെ ഭൂമിയെ 'മാതൃഭൂമി' യെന്നുമാണ്. കൂടാതെ നമ്മുടെ പുരാണേതിഹാസങ്ങളിൽ സ്ത്രീയെ ശക്തി സ്വരൂപമായിട്ടും, കൂടാതെ അമ്മ എന്ന പദത്തിന്റെ അർത്ഥം തന്നെ വിലമതിക്കാനാവാത്ത പദമായിട്ടാണ് പറഞ്ഞിരിയ്ക്കുന്നത്. നാം നമ്മുടെ സംസ്ക്കാരത്തെ ഉൾക്കൊണ്ടുജീവിച്ചാൽ മേൽ എഴുതിയ വേദനാജനകമായ വാർത്തകൾ കേൾക്കേണ്ടിവരില്ല.

ഇതിനെല്ലാം നമുക്ക് ഒരേ ഒരു മാർഗ്ഗമേയുള്ളു. എന്താണെന്നുവെച്ചാൽ നാം ഓരോരുത്തരും (സ്ത്രീയും, പുരുഷനും) സ്വയം ബോധവാൻമാരാകുക. കാരണം നാമാണ് സമൂഹം, ആ സമൂഹത്തിലാണ് നാം ഓരോരുത്തരും. നാം നന്നായാൽ സമൂഹം നന്നായി. അങ്ങിനെ സമൂഹത്തിലൂടേയും, നമ്മിലൂടേയും നമുക്ക് നല്ലൊരു നാളെയെ കാഴ്ചവെയ്ക്കാൻ സാധിക്കും.

സർക്കാരിന് നിയമം നിർമ്മിയ്ക്കാനെ സാധിക്കൂ. പ്രാവർത്തികമാക്കേണ്ടത് നമ്മളാണ്. അതിന് നമുക്കുവേണ്ടത് അനുസരണാശീലമാണ്. വേദനയോടെ നിർത്തുന്നു.

കുറിപ്പ്: ഈ വരികളിൽ വായനക്കാരായ എന്റെ സഹോദരീ, സഹോദരൻമാരെ, നിങ്ങൾക്ക് എന്തെങ്കിലും അഭാവങ്ങൾ തോന്നിയാൽ സദയം ക്ഷമിയ്ക്കുമല്ലോ!

●





ജ്യോതി ദാസ് ചമ്പത്ത്
9995197341

# അനിവാര്യ മാറ്റം

വെൺ തിങ്കൾ ഇരുൾ നീക്കുന്നു
മാനവമനസ്സിൽ ഇരുൾനീക്കാൻ
തിങ്കളിന്നാവുമോ?
നിയമങ്ങൾ ഏറെയുണ്ടെങ്കിലും
നിയമം പാലിയ്ക്കുന്നവർ
തുച്ഛമല്ലോ!
മണിമാളികകൾ, ഫ്ളാറ്റുകൾ
അനുദിനം പൊങ്ങുന്നു
പാവം! പരിതഃസ്ഥിതിതൻ
നിലനിൽപ്പോ?
ഉൾക്കാഴ്ചയില്ലാത്ത ജീവിതം
മുരടിയ്ക്കുന്നു
കബന്ധസമാനമായ്ത്തീർന്നിടുന്നു!
നിയമപാലകർതന്നെയനീതിതൻ
താണ്ഡവത്തിനു കൂട്ടു നിന്നാൽ
അപമാനഭീതിയാൽ നാരികൾക്ക്
തലനൂർത്താൻ പറ്റാത്തവസ്ഥ!
സ്ത്രീ ശാക്തീകരണം
പെരുമ്പറമുഴക്കുമ്പോഴും
സ്ത്രീ അബലയാണെന്ന
ഉൾകാഴ്ച്ചയ്ക്കു മങ്ങലുണ്ടോ?
പിഞ്ചു കുഞ്ഞിനെപ്പോലും
നോവിക്കും വിധം
കാലത്തിൻ മാറ്റം
പറഞ്ഞറിയ്ക്കാൻ വയ്യ!
സത്യത്തിനും നീതിയ്ക്കും വേണ്ടി
ഉണർന്നു പ്രവർത്തിയ്ക്കൂ
മാന്യജനങ്ങളേ
മഹാന്മാർക്കു ജന്മംനൽകിയ
ഭാരതരാജ്യമാണിത്
നല്ലൊരുനാളേയ്ക്കായ്
കൈകോർക്കു സോദരന്മാരേ
മനസ്സിൽ ഇരുളാം മറനീക്കി
സാദരം ഭാവിതൻ
വാഗ്ദാനമായ് മാറിയാലും!
ഓരോ പൗരനും
തൻകടമനേരാംവണ്ണം
ചെയ്തു തീർക്കിൽ
ഭാരതത്തിൽ പുകൾ
വാനോളമുയർത്താം സ്നേഹിതരേ!



ടി.വി.നാരായണൻകുട്ടി
9446030344

# ജാലവിദ്യയും പ്രൊഫ:വാഴക്കുന്നവും

**ലോ**കത്തെമ്പാടുമുള്ള ജനങ്ങളെ പ്രായഭേദമന്യേ ആകർഷിക്കുന്ന ഒരു കലാവിദ്യയാണ് പൊതുവെ 'മാജിക്ക്' എന്ന പേരിലറിയപ്പെടുന്ന 'ജാലവിദ്യ'. അറുപത്തിനാലുകലകളിലൊന്നായാണിതറിയപ്പെടുന്നത്. ഇത് കാണിക്കുന്നയാൾ അയാളുടെ കഴിവ് മാനസികമായതും, ശാരീരികമായതും പരമാവധി ഉപയോഗിച്ച് നല്ല ഏകാഗ്രതയോടുകൂടി, ഇല്ലാത്ത ഒന്ന് ഉണ്ടെന്ന് തോന്നിപ്പിക്കുന്നതരത്തിൽ ചിലവിദ്യകൾ കാണിച്ച് കാണികളെ രസിപ്പിക്കുന്നു. ഇത് കാണുമ്പോൾ കാണികൾക്കുണ്ടാകുന്ന അത്ഭുതവും, സംതൃപ്തിയും അവരിൽ നിന്നുണ്ടാക്കുന്ന പ്രതിഫലനങ്ങളിലൂടെ ജാലവിദ്യക്കാരന് അനുഭവവേദ്യമാക്കുകയും ചെയ്യും. കാണികളിൽ നിന്നുണ്ടാക്കുന്ന പ്രതിഫലനത്തെ അളവുകോലാക്കി ഒരു ജാലവിദ്യക്കാരന്റെ കഴിവിനെയും, പ്രാഗത്ഭ്യത്തേയും വിലയിരുത്തുന്നതിൽ തെറ്റില്ല. ജാലവിദ്യയിലെ സൂത്രപ്രയോഗങ്ങളെ നാലാക്കി തരം തിരിക്കാനെന്നാണ് പറയപ്പെടുന്നത്. ഇവ താഴെ ചുരുക്കിയെഴുതുകയാണ്.

1. **അഭ്യാസസൂത്രം:** മുറതെറ്റാതെ തുടർച്ചയായി ചെയ്യുന്ന, സാധന കൊണ്ടും, അഭ്യാസം കൊണ്ടുമാണിത് സാധിക്കുന്നത്. 'കൈയ്യടക്കം' എന്നും ഇതറിയപ്പെടാറുണ്ട്. സാധാരണനിലയിൽ കൈക്കുള്ളിൽ ഒതുക്കാൻ പറ്റാത്തൊരു വസ്തു ഉദാ: നാളികേരം, കാൽപന്ത്, മത്തൻ തുടങ്ങിയവ ഒളിപ്പിച്ചുവെക്കാൻ പറ്റുമെന്നതാണ് ഇത്തരം ജാലവിദ്യയെ മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാക്കുന്നത്. കൈയ്യടക്കത്തിന്റെ മറ്റൊരു രൂപമാണ് ചെപ്പടിവിദ്യ.

2. **ഉപകരണസൂത്രം:** യന്ത്രവൽക്കരണത്തിന് ഇന്ന് വളരെ പ്രധാന്യമുള്ളതിനാൽ, ഈ സങ്കേത ഉപയോഗിച്ച് കാണികളെ മായാലോകത്തേക്ക് കൈപിടിച്ച് കയറ്റി അവരെ അത്ഭുതപരതന്ത്രരാക്കാൻ ഇത്തരം സൂത്രം കൊണ്ട് സാധിക്കും. വലിയ അഭ്യാസമൊന്നും ആവശ്യമില്ല എന്നതാണ് ഇതിന്റെ ഗുണം. ഏതെങ്കിലും യന്ത്രങ്ങൾക്ക് ഓഡർ നൽകിയാൽ, അവ ഉപയോഗിക്കേണ്ടതെങ്ങിനെയെന്ന വിശദമായ വിവരണത്തോടെ അവ നിങ്ങൾക്ക് അയച്ചു തരും. പക്ഷെ ഇതുപയോഗിക്കുന്ന ആൾക്ക് അല്പം വാക്ക് ചാതുരിയും, അതിലൂടെ കാണികളെ കൈയ്യിലെടുക്കാനുള്ള കഴിവും അത്യന്താപേക്ഷിതമാണ്. ഇത് രണ്ടും ചേരുമ്പോൾ കാണികൾ ഒന്നായി അതിൽ ലയിച്ച് പ്രകടനം പൂർണ്ണമായി ആസ്വദിക്കുന്നു. ഇങ്ങിനെ വിജയത്തിലെത്തിക്കുന്ന പ്രകടനങ്ങൾ മാന്ത്രികന്റെ വ്യക്തിത്വത്തേയും അദ്ദേഹത്തിലുള്ള കലയുടെ വിജയത്തേയുമാണ് സൂചിപ്പിക്കുന്നത്. ഈ സൂത്രത്തിൽ കാണിക്കുന്ന വിദ്യയുടെ രഹസ്യം അറിഞ്ഞു കഴിഞ്ഞാൽ പെട്ടെന്നതിന്റെ പ്രസക്തി നഷ്ടപ്പെടുമെന്നത് ഒരു ന്യൂനതയാണ്.

3. **ഔഷധസൂത്രം:** പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന ചില മരുന്നുകൾ തങ്ങളുടെ പ്രകടനങ്ങൾക്കായി ചിലർ ഉപയോഗപ്പെടുത്താറുണ്ട്. ഇത്തരത്തിൽ, പ്രകൃതി വിഭവങ്ങളിൽ നിന്ന് തയ്യാറാക്കിയ ഔഷധങ്ങൾ സേവിച്ചിട്ടാണ്, ചില ജാലവിദ്യക്കാർ കുപ്പിച്ചില്ലുകൾ കടിച്ച്, ചവച്ച് ഭക്ഷിക്കുന്നതും. അഗ്നിക്ക് മുകളിൽ കൂടിനടക്കുന്നതുമെന്നാണ് പറയപ്പെടുന്നത്. പക്ഷെ ഇതിന്നായി അയാൾ തന്റെ കഴിവിന്റെ പരമാവധി വിനിയോഗിക്കേണ്ടിവരും.

4. **മന്ത്ര സൂത്രങ്ങൾ:** വളരെ വിരളമായേ ജാലവിദ്യക്കാർ ഇതുപയോഗിക്കാറുള്ളു. കാരണം ഇത് സ്വായത്തമാക്കാൻ നിരന്തരമായ അഭ്യാസം, ഇതിലുള്ള വിശ്വാസം, അതിനോടുള്ള ഭക്തി ഇവയെല്ലാം ആവശ്യമാണ്. കാലിൽ മെതിയടി ധരിച്ച് ജലത്തിന്റെ ഉപരിതലത്തിൽ കൂടി നടക്കുക, ജലനിരപ്പിൽ പായ വിരിച്ച് അതിലിരുന്നു സഞ്ചരിക്കുക തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽ വരുന്നവയാണ്. 'ഹിപ്നോട്ടിസം', (മെസ്മറിസം) എന്ന് വിളിക്കുന്ന ശാസ്ത്രത്തിന്റേ വിജയത്തിനും നിരന്തരമായ അഭ്യാസം ആവശ്യമാണ്. മറ്റുള്ളവരുടെ മനസ്സിനെ ഒരു ധാരണാശക്തിയിലൂടെ സ്വാധീനിക്കുകയാണ് ഈ അഭ്യാസത്തിൽ ചെയ്യുന്നത്.



പ്രൊഫ: വാഴക്കുന്നം

അതായത് 'മെസ്മരിസ'ത്തിന് വിധേയയാക്കപ്പെട്ട വ്യക്തിയുടെ മനസ്സിന്റെ പൂർണ്ണമായ നിയന്ത്രണം ജാലവിദ്യക്കാരന്റെ കൈയ്യിലായിരിക്കുമെന്നാണ്.

ജാലവിദ്യയെപ്പറ്റി ഒരേകദേശരൂപം കിട്ടാൻ വേണ്ടി ചിലകാര്യങ്ങൾ പ്രസ്താവിച്ചുവെന്ന് മാത്രം. ഈ ലേഖനത്തിന്റെ പ്രധാന ഉദ്ദേശം ഈ കലയിൽ കഴിഞ്ഞ നൂറ്റാണ്ട് കാലത്ത്, പ്രശസ്തിയുടെ കൊടുമുടിയിലെത്തിയ ഒരു മഹാമാന്ത്രികനെപ്പറ്റി പ്രതിപാദിക്കലാണ്. ഇദ്ദേഹം മറ്റാരുമല്ല, ജാലവിദ്യയുടെ തലതൊട്ടപ്പനായ പ്രൊഫ: വാഴക്കുന്നം നീലകണ്ഠൻനമ്പൂതിരിപ്പാടാണ്. ഏകദേശം അമ്പത് വർഷക്കാലം കേരളത്തിലും, ഇന്ത്യയിലും, പുറത്തും തന്റെ പ്രകടനങ്ങൾ കൊണ്ട് കാണികളെ സ്തബ്ദരാക്കിയ മഹത്വ്യക്തിയാണിദ്ദേഹം.

പട്ടാമ്പിക്കടുത്തുള്ള തിരുവേഗപ്പുറയിൽ വാഴക്കുന്നത്ത് മനക്കൽ രാമൻ അടീരിപ്പാടായിരുന്നു അച്ഛൻ. അമ്മ കാറൽമണ്ണ നരിപ്പറ്റമനക്കൽ ആര്യാ പത്തനാടി. ഇവരുടെ നാലാമത്തെ പുത്രനായി 1903 ഫെബ്രുവരി 8ാം തീയതിയാണ് വാഴക്കുന്നം ജനിച്ചത്. സംസ്കൃതപഠനവും, ഓത്തും, കൂടെ അല്പം ഇംഗ്ലീഷും പഠിച്ചു. ഇതുമായി ബന്ധപ്പെട്ട് ഗുരുവായൂരിലായിരുന്നു കൂടുതൽ കാലം താമസിച്ചത്. തുടക്കത്തിൽ ജാലവിദ്യക്ക് പകരം ആനക്കമ്പമായിരുന്നു വാഴക്കുന്നത്തിന്റെ മനസ്സുനിറയെ. ഇതേത്തുടർന്ന് കൊടുങ്ങല്ലൂർ കോവിലകത്തു നിന്ന് 'മാതംഗലീല' യിൽ പഠനം തുടർന്നു. അവിടെവെച്ച് കണ്ട ഒരു ചെപ്പടിവിദ്യ വാഴക്കുന്നത്തിന്റെ മനസ്സിനെ ഏറെ സ്വാധീനിച്ചു. തുടർന്ന് ആ ജാലവിദ്യക്കാരന്റെ (പള്ളത്തേരിനമ്പ്യാത്തൻ നമ്പൂതിരി) ശിഷ്യത്വം സ്വീകരിച്ച് ജാലവിദ്യയിൽ പഠനം തുടർന്നു. ഇവയിൽ വാഴക്കുന്നത്തിന്റെ ഇഷ്ടവിദ്യ നല്ല കൈയ്യൊതുക്കവും, കൈവേഗവും ആവശ്യമുള്ള 'ചെപ്പും, പന്തും' ആയിരുന്നു...

ചെപ്പടിവിദ്യ കൂടാതെ ലോകപ്രശസ്ത മാന്ത്രികനായ 'സക്കീർ' എന്ന വ്യക്തിയിൽ നിന്ന് മറ്റുപല വിദ്യകളും ഇദ്ദേഹം പഠിച്ചു. 'ബുള്ളറ്റ് മാജിക്ക്' ഇത്തരത്തിൽ പഠിച്ചതാണ്. ചീട്ടുകൊണ്ടുള്ള വിദ്യകളും മറ്റൊരു മാന്ത്രികനിൽ നിന്ന് വാഴക്കുന്നം പഠിച്ചു. 'ഗില്ലറ്റിൻ', 'കുരിശ് ബന്ധനം', തുടങ്ങിയ പ്രയോഗങ്ങളും, മെസ്മരിസത്തിന്റെ ഭാഗമായ 'ആളെ കാണാതാക്കുന്നവിദ്യ' എന്നിവയെല്ലാം വാഴക്കുന്നം തന്റെ പ്രകടനത്തിൽ ഉൾപ്പെടുത്തുമായിരുന്നു. ജാലവിദ്യയിലെ പ്രകടനത്തിൽ ഒരു പ്രത്യേക ശൈലി തന്നെ ഇദ്ദേഹം രൂപപ്പെടുത്തിയെടുത്തിരുന്നു. അതുകൊണ്ട് തന്നെ ചില പ്രകടനങ്ങൾ ആവർത്തിച്ചാലും കാണികൾക്ക് അതിന്റെ പുതുമ നഷ്ടപ്പെടാതെ ആസ്വദിക്കാൻ സാധിക്കുമായിരുന്നു. ഭീകരതയെ ഒഴിവാക്കി ജാലവിദ്യയെ മഹത്തരമായൊരു കലയാക്കി വളർത്തിയെടുക്കാനാണിദ്ദേഹം ശ്രമിച്ചത്. മാന്ത്രിക കലയെ ജനകീയമാക്കിയെടുക്കുന്നതിന്റെ ഭാഗമായി പണ്ടത്തെ പ്രശസ്ത കോവിലകങ്ങളിലും. ധാരാളം അംഗങ്ങളുള്ള വീടുകളിലും ഇദ്ദേഹം തന്റെ പ്രദർശനം നടത്തിവന്നിരുന്നു. കാണികൾ ആവശ്യപ്പെടുന്ന ചില കാര്യങ്ങൾ ചെയ്ത് കാണിക്കാനും ഇദ്ദേഹം മിടുക്കനായിരുന്നു. മാത്രമല്ല, താൻ കാണിച്ച വിദ്യയുടെ തന്ത്രങ്ങൾ ചിലപ്പോൾ കാണികളെ ബോധിപ്പിക്കാനും ഇദ്ദേഹം തയ്യാറായിരുന്നു.

1940 ന് ശേഷമാണ് സഹപ്രവർത്തകരോടൊത്ത് സ്റ്റേജ് പരിപാടികൾ കേരളത്തിലും, ഇന്ത്യയിലുമായി അരങ്ങേറാൻ തുടങ്ങിയത്. 'സ്റ്റേജ്ഷോ' തുടങ്ങിയ ശേഷം ചില പ്രബല ശിഷ്യന്മാരും ഇദ്ദേഹത്തിന്നുണ്ടായി. ഇവരിൽ പ്രധാനി പരിയാനംപറ്റ കുഞ്ചുവണ്ണി നമ്പൂതിരിപ്പാടായിരുന്നു. ജാലവിദ്യ നടക്കുന്നതിനിടയിൽ പലതരത്തിലുള്ള ഹാസ്യ പ്രകടനങ്ങളും, ഒപ്പം ചില ജാലവിദ്യകളും ഇദ്ദേഹം കാണിക്കുമായിരുന്നു. ഇത് കാണികളെ നല്ല പോലെ ആകർഷിച്ചിരുന്നു. മേക്കപ്പുകല നല്ലവശമുണ്ടായിരുന്ന പരിയാനംപറ്റ, വി. ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിൽ സ്ത്രീവേഷം കൈകാര്യം ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മകൻ, ഈയിടെ അന്തരിച്ച പരിയാനംപറ്റ ദിവാകരൻ നല്ലൊരു കഥകളി നടനായിരുന്നു.

ശൂന്യതയിൽ നിന്ന് പല വസ്തുക്കൾ വരുത്തുന്നതിന് വാഴക്കുന്നത്തിനുള്ള കഴിവ് ഏറെ പ്രശസ്തമായിരുന്നു. സർക്കാർ സംരഭങ്ങൾക്കും സാമൂഹ്യ പ്രവർത്തനത്തിന്റെ ഭാഗമായ ഫണ്ട് ശേഖരിക്കുന്നതിനും ഇദ്ദേഹം മാന്ത്രിക പ്രകടനം നടത്താറുണ്ട്. ഗൾഫ് നാടുകളിലും പരിപാടികളവതരിപ്പിച്ചിരുന്നു. പ്രൊഫ: മുതുകാട്, ആർ. കെ. മലയത്ത്, കെ.ജെ.നായർ, രാഘവൻ, ജോയ് ഒലിവർ തുടങ്ങി ഒട്ടേറെ പ്രമുഖ മാജിഷ്യന്മാരെല്ലാം വാഴക്കുന്നത്തിന്റെ ശിഷ്യന്മാരാണ്. കൈയ്യൊതുക്കത്തിലൂടെ വാഴക്കുന്നത്തെപ്പോലെ മാജിക്ക് പ്രദർശിപ്പിക്കുന്നവർ ഇന്ന് വിരളമാണ്. പലതരം ഉപകരണങ്ങളും രാസവസ്തുക്കളും ഉപയോഗിച്ചാണ് ഇന്ന് പലരും പ്രദർശനം നടത്തുന്നത്. ജാലവിദ്യയിൽ വാഴക്കുന്നത്തിന്റെ കഴിവിനെ മാനിച്ച് തളിപ്പറമ്പ് ക്ഷേത്രത്തിലെ സദസ്സിൽ വെച്ചാണ് ഇദ്ദേഹത്തിന് വീരശൃംഖലയും, 'ജാലവിദ്യ വിദഗ്ദ്ധൻ പ്രൊഫ: വാഴക്കുന്നം' എന്ന ബഹുമതിയും നൽകി ആദരിച്ചത്.

വാഴക്കുന്നത്തിന്റെ ജാലവിദ്യയെപ്പറ്റി പലപ്രഗത്ഭവ്യക്തികളും നടത്തിയിട്ടുള്ള അഭിപ്രായങ്ങൾ, അവരുടെ സ്വന്തം അനുഭവങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണ്. മഹാകവികളായ ഉള്ളൂർ, ആശാൻ, വള്ളത്തോൾ. കുട്ടമത്ത്, പി.കുഞ്ഞിരാമൻനായർ തുടങ്ങിയവരും, കുഞ്ഞുണ്ണിമാഷ്, ആര്യവൈദ്യശാല ചീഫ് ഫിസിഷ്യൻ ശ്രീ.പി.കെ. വാരിയർ, ശ്രീ.എൻ.പി.മുഹമ്മദ്. മുണ്ടൂർ കൃഷ്ണൻകുട്ടി എന്നിവരും വാഴക്കുന്നത്തിന്റെ പ്രകടനങ്ങൾക്ക് സാക്ഷ്യം വഹിച്ച് അദ്ദേഹത്തിന്റെ ഈ കലയിലെ അറിവും, പാടവവും, മനസ്സിലാക്കി, പ്രശംസയുടെ പൂക്കളർപ്പിച്ചവരിൽ ചിലർ മാത്രം. ഇവരിൽ കുഞ്ഞുണ്ണി മാഷിന്റേയും, ശ്രീ. എൻ.പി.മുഹമ്മദിന്റേയും അനുഭവങ്ങൾ ഇവിടെ കൊടുക്കുന്നത്, വാഴ

ക്കുന്നത്തിന്റെ ജാലവിദ്യയുടെ പ്രത്യേകതകളെപ്പറ്റി വായനക്കാർക്ക് മനസ്സിലാക്കാൻ ഉപകരിക്കുമെന്ന് തോന്നുന്നു...

കുഞ്ഞുണ്ണിമാഷ്, പാലക്കാട്ടെ അദ്ധ്യാപക പരിശീലന കാലത്ത് വിക്ടോറിയ കോളേജിൽ വെച്ചാണ് പ്രൊഫ: വാഴക്കുന്നത്തിന്റെ മാജിക്ക് കാണാനിടയായത്. ഏതാണ്ട് ഇരുപത്തഞ്ചോളം കോഴിമുട്ട കൈയ്യിലടക്കി വെക്കുകയും, അത് പെട്ടെന്ന് അപ്രത്യക്ഷമാക്കുകയും ചെയ്യുന്ന വിദ്യകാണിച്ച ശേഷം, രണ്ടുഭാഗവും തുറന്ന ഒരു ചെണ്ടക്കുറ്റിയിൽ നിന്ന് പൊതിക്കാത്തൊരു നാളികേരം പുറത്തെടുത്ത് കാണികളെ സ്തബ്ദരാക്കുകയും ചെയ്തു. തുടർന്ന് കാണികൾക്കിടയിൽ നിന്ന് ഒരു കുട്ടിയെ വിളിച്ച് അവന്റെ വായിൽനിന്നും, പോക്കറ്റിൽ നിന്നും, ചെവിയിൽനിന്നും അനേകം കോഴിമുട്ടകൾ പുറത്തെടുക്കുകയും ചെയ്തു. വായിൽ നിന്ന് പലവണ്ണത്തിലുള്ള കടലാസ് ചുരുളുകൾ തുടർച്ചയായി വലിച്ച് പുറത്തേക്കിട്ട് കൊണ്ടേയിരുന്നതായും കുഞ്ഞുണ്ണി മാഷ് പറയുന്നു. കൂട്ടത്തിൽ ഫലിത രൂപത്തിൽ നമ്പൂതിരി ഭാഷയിലുള്ള സംഭാഷണവും ഏറെ ഇഷ്ടമായെന്ന് മാഷ് വിലയിരുത്തുന്നു. ചുരുക്കത്തിൽ ഏതാണ്ട് രണ്ടര മണിക്കൂർ കടന്നുപോയത് അവിടെ കൂടിയവർ അറിഞ്ഞതേയില്ലെന്ന അദ്ദേഹത്തിന്റെ അഭിപ്രായം വാഴക്കുന്നത്തിന്റെ പ്രകടനത്തിന്റെ ശരിയായ വിലയിരുത്തലായിരുന്നു.

ശ്രീ.എൻ.പി.മുഹമ്മദിന്റെ അനുഭവം വളരെ രസകരമായതാണ്. എൻ.പി.യുടെ ക്ഷണം സ്വീകരിച്ച് വീട്ടിലെത്തിയ പ്രൊഫ: വാഴക്കുന്നത്തോട് എന്തെങ്കിലും ജാലവിദ്യ പ്രകടപ്പിക്കാൻ ആവശ്യപ്പെട്ടു. ഒരു വിദ്യ വാഴക്കുന്നം കാണിച്ചു. അത് കണ്ട ശ്രീ.എൻ.പി.യുടെ മകൾ എന്തെങ്കിലും പലഹാരം തങ്ങൾക്ക് തിന്നാൻ തരണമെന്ന് ആവശ്യപ്പെട്ടു. ആവാമെന്ന് പറഞ്ഞ അദ്ദേഹം കൈയ്യുയർത്തി ചില അംഗവിക്ഷേപങ്ങൾ നടത്തി. തുടർന്ന് പ്രൊഫസറുടെ കൈയ്യിലേക്ക് ലഡു വന്ന് വീഴുന്നതാണ് അവിടെയുള്ളവർ കണ്ടത്. ഒരാൾക്കൊഴികെ ബാക്കിയെല്ലാവർക്കും വാഴക്കുന്നം ലഡു നൽകി. ലഡു കഴിഞ്ഞെന്ന് പറഞ്ഞപ്പോൾ, അത് കിട്ടിയവരൊക്കെ ചിരി തുടങ്ങി. ലഡു കിട്ടാത്ത ആൾ കാരണം തിരക്കി.

'ഉള്ള ലഡുമേ എനിക്ക് കൊടുക്കാൻ കഴിയൂ' എന്നായിരുന്നു വാഴക്കുന്നത്തിന്റെ മറുപടി.

അപ്പോളാണ് ഞങ്ങൾക്ക് കിട്ടിയതൊക്കെ യഥാർത്ഥ 'ലഡു' തന്നെ ആയിരുന്നെന്നവർക്ക് മനസ്സിലായത്. ഇതെവിടെ നിന്ന് വന്നെന്നവർ അത്ഭുതത്തോടെ തിരക്കി.

അടുത്ത വീട്ടിൽ നിന്നെന്നായിരുന്നു വാഴക്കുന്നത്തിന്റെ മറുപടി. അവിടെ ഇനി 'ലഡു' ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

ഇതുകേട്ട ഉടനെ ഒരാൾ അടുത്ത വീട്ടിൽ പോയി 'ലഡു' വെച്ച പാത്രം പരിശോധിച്ചു. അത് കാലിയായിരുന്നു. അത്ഭുതത്തോടേയും, ഒപ്പം രസിച്ചും അവർ തിരിക്കി

"ഇതെങ്ങിനെ സാധിച്ചു?"

"ഇതാണ് കൺകെട്ട്" വാഴക്കുന്നത്തിന്റെ മറുപടി.

പണവും, പ്രശസ്തിയും മാത്രം ലക്ഷ്യം വെച്ചല്ലാതെ ജാലവിദ്യാ പ്രകടനത്തെ ജനങ്ങളിലേക്കെത്തിച്ച മഹാനായൊരു മാന്ത്രിക കുലഗുരുവായിരുന്നു പ്രൊഫ: വാഴക്കുന്നം. 1983 ൽ അന്തരിച്ച ഇദ്ദേഹത്തിന്റെ ഒന്നാംവാർഷികത്തോടനുബന്ധിച്ച് ജന്മസ്ഥലമായ തിരുവേഗപ്പുറയിൽ ആഘോഷിച്ചതിന്റെ ഭാഗമായി കേരളത്തിലാദ്യമായി മാജിക്കിന് അഖില കേരളാടിസ്ഥാനത്തിൽ മത്സരങ്ങൾ അരങ്ങേറി. 1976 ൽ പ്രൊഫസറുടെ സാന്നിദ്ധ്യത്തിൽ രൂപം കൊണ്ട് 'യുഗാമി' (യുവ ഗായകമിത്രം ആർട്സ് & സ്പോർട്സ് ക്ലബ്ബ്) യുടെ നേതൃത്വത്തിലാണിത് സംഘടിപ്പിച്ചത്. ധാരാളം ജാലവിദ്യക്കാരെ സൃഷ്ടിക്കാനും ഇതുകൊണ്ട് കഴിഞ്ഞിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

ജാലവിദ്യയെന്ന പേരു കേട്ടാൽ അന്നൊക്കെ കേരളീയരുടെ മനസ്സിൽ ആദ്യം ഉയർന്നുവരുന്നത് പ്രൊഫ: വാഴക്കുന്നത്തിന്റെ പേരായിരുന്നു. ഇന്നത്തെ തലമുറയ്ക്ക് ഇദ്ദേഹം പരിചിതനായിരിക്കാൻ ഇടയില്ല.

മാജിക്ക് ആസ്വദിക്കുന്നവർക്ക് ഇദ്ദേഹത്തെ അറിയില്ലെങ്കിലും കേരളത്തിലെ ഇന്നത്തെ പ്രമുഖ മാന്ത്രികർക്കൊക്കെ പ്രൊഫ: വാഴക്കുന്നത്തെ നല്ല പോലെ അറിയുമെന്ന് തന്നെയാണ് കരുതുന്നത്.

മറ്റു കലാരൂപങ്ങളായ സംഗീതം, നൃത്തം, ചിത്രകല, ക്ഷേത്രകലകളായ കഥകളി, കൂത്ത്, കൂടിയാട്ടം എന്നിവയും, എന്തിന് ജനകീയ വിനോദമാണെങ്കിലും കൂടി ചില സിനിമകളും, നാടകങ്ങളും അടക്കം ആസ്വദിക്കുവാൻ അവയിൽ അല്പം ജ്ഞാനവും, അഭിരുചിയും ആവശ്യമാണെന്നിരിക്കെ 'മാജിക്ക്' എന്ന കല ആസ്വദിക്കാൻ കണ്ണിന് കാഴ്ച മാത്രം മതി. ഇന്ന് ശബ്ദവും, വെളിച്ചവും, ഉയർന്ന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള രംഗസംവിധാനങ്ങളും ഒരുക്കി ഇന്ത്യക്ക് പുറമെ ചൈന, ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലുള്ള ചെറുപ്പക്കാരായ ഒട്ടേറെ കാലാകാരന്മാർ കോടികൾ സമ്പാദിക്കുന്നതോടൊപ്പം കാണികളെ മാന്ത്രിക വിദ്യയുടെ മായാലോകത്തിലേക്ക് കൈപിടിച്ച് കൊണ്ടുപോകുന്നവർ ഒരുവശത്തും ജനങ്ങളുടെ അന്ധവിശ്വാസങ്ങൾ മുതലെടുത്ത് ഇന്ദ്രജാലവിദ്യവഴി അത്ഭുതങ്ങൾ കാണിച്ച് അവരെ ചൂഷണം ചെയ്യുന്നു കപടവേഷക്കാർ മറ്റൊരു വശത്തും നിൽക്കുമ്പോഴാണ് കഴിഞ്ഞ നൂറ്റാണ്ടിൽ യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ, തോളിൽ തൂക്കിയ മാറാപ്പിൽ ചില സാമഗ്രികളുമായി വന്ന് കാണികൾക്ക് മുമ്പിൽ ഏതാണ്ട് രണ്ടര മണിക്കൂറുകളോളം മാന്ത്രികവിദ്യയുടെ ചെപ്പുതുറന്ന് കാണികളെ വിസ്മയരാക്കിയ പ്രൊഫ: വാഴക്കുന്നത്തിന്റെ വ്യക്തിപ്രഭാവം മനസ്സിലാവുക. ഇദ്ദേഹത്തെപ്പറ്റി പുതുതലമുറയിൽപെട്ട ചിലരെങ്കിലും ഓർക്കട്ടെ എന്ന ഉദ്ദേശത്തോടെയാണ് കുറച്ച് കാര്യങ്ങൾ മുകളിൽ കുറിച്ചത്.

[2002-2003 ൽ പ്രസിദ്ധീകരിച്ച പ്രൊഫ: വാഴക്കുന്നം ജന്മശതാബ്ദി സ്മരണികയോട് കടപ്പാട്]

## കാലത്തെ വെല്ലുന്ന കവി

ശ്രീജ. ആർ
9496130546

കുഞ്ഞോമൽ കവി ഹൃദയം
ചിറക് വിടർത്തവേ,
അമ്മ തൻ മലയാളം
വിജയപുളകിതയായ്.
അക്ഷരശ്ലോകത്തിൻ
പ്രതിധ്വനിമുഴങ്ങവേ,
ഉയർന്നു നിൻ രമണീയ നിടിലം
അഭിമാനിയായ്.

ഓ ദേവദൂതനായ് കവി,
നീ പരിണമിക്കവേ,
സുമധുര ഗീതങ്ങളുടെ
പാരിതോഷികമായ്.
ധന്യയായ് ധരണി നിന്നെ
ആർജിക്കവേ,
രോമഹർഷമാമ്മീ ലോകം
മാറുകയായ്.


കദനതേങ്ങലിന്റെ വരികൾ
നീ രചിക്കവേ,
ഭക്തിഭാവമാം നിള
നീ ഒഴുകുകയായ്.
കരുണ തൻ മുകുളങ്ങൾ
നീ വിടർത്തവേ,
ആർദ്രതയാമീ ഭൂമി സാന്ത്വനമായ്.

കവി ഹൃദയമഴകാർന്ന
ചിത്രം രചിക്കവേ,
ജാലവിദ്യ നിൻ
തൂലികയിൽ നിന്ന് പ്രദർശനമായ്
പാവനമാം പ്രേമാമൃതം
നിറഞ്ഞൊഴുകവേ,
അലിഞ്ഞു നിൻ പാനപാത്രത്തിൽ
ചൈതന്യവത്തായ്.

കവി വിജയി ഭവ-എന്നു
വാഴ്ത്തവേ,
പ്രപഞ്ചം മുഴുവൻ മുഴങ്ങുന്നു
അമ്മ തൻ മാനസം
ആശംസാമംഗളമായ്.

***ഫെബ്രുവരി 21-ലോക മാതൃഭാഷ ദിനത്തോടനുബന്ധിച്ച് മലയാള പെരുമ പകരാൻ സ്നേഹാദരവോടെ സമർപ്പിക്കുന്നു.***







## എന്റെ അഭിനയ സ്മരണകൾ

ഭാഗം 13

മുക്കം ഭാസി
9846138693

# നാടകത്തിനൊരു ഊരുവിലക്ക്!

**മാ**നേജർ എങ്ങനെയോ നേരം പുലർത്തുന്നു. അപ്പുവേട്ടനെ ആളയച്ചുവരുത്തുന്നു. അദ്ദേഹത്തോട് തട്ടിക്കേറുന്നു.

"നീ എന്തുപണിയാ കാണിച്ചത്? സർപ്പം പോലെത്തെ ഒരു കമ്മ്യൂണിസ്റ്റുകാരനെ എന്റെ സ്കൂളിൽ നിയമിപ്പിച്ചില്ലെ? ഇനി എന്ത് ചെയ്യും?"

വെടി കൊണ്ട പന്നി പോലെ അയാൾ നട്ടം തിരിയുകയാണ്. "നീ ഒരു കാര്യം ചെയ്യ്. അയാളെ പോയി കണ്ട് dcc പ്രസിഡണ്ട് ഹാജ്യാരുടെ ഒരു എഴുത്തുമായി വരാൻ പറയൂ. എഴുത്തിൽ അയാൾ അപകടകാരിയല്ലെന്നും കോൺഗ്രസ്സ് അനുഭാവിയാണെന്നും സൂചിപ്പിയ്ക്കണമെന്നും പറയണം."

പാവം അപ്പുവേട്ടൻ എന്റെ വീട്ടിലെത്തുന്നു. എന്നോട് എല്ലാ കാര്യവും വിശദീകരിയ്ക്കുന്നു.

ഞാൻ പറഞ്ഞു "അപ്പുവേട്ടാ... ഞാൻ അയാളുടെ സ്കൂളിൽ കമ്മ്യൂണിസം പഠിപ്പിയ്ക്കാനല്ല പോണത്. ഇനി അങ്ങനെ വല്ല അബദ്ധവും ഞാൻ ചെയ്യുന്നുണ്ടെന്നറിഞ്ഞാൽ എന്നെ പിരിച്ചുവിടട്ടെ! അല്ലാതെ കോൺഗ്രസ്സ് ഹാജ്യാരുടെ കത്തുമായി വരുന്ന പ്രശ്നമേയില്ല. അദ്ദേഹം യുക്തം പോലെ ചെയ്യട്ടെ!"

അപ്പുവേട്ടൻ തിരിച്ചുപോയി. എന്തോ പിന്നീടൊരു നടപടിയും ഉണ്ടായില്ല. ഇത്തരമൊരു വിഷയത്തെ പറ്റി ഹാജിയുമായി ഞാൻ സംസാരിച്ചതേയില്ല. അയാളും ഒന്നും പറഞ്ഞില്ല എന്നോട്.

ഹാജിയാർ മരിയ്ക്കുന്നത് വരെ എന്റെ സുഹൃത്തായിരുന്നു. എല്ലാ നന്മകളും അദ്ദേഹത്തിനുണ്ടായിരുന്നെങ്കിലും രണ്ടു പ്രധാന ദോഷങ്ങൾ എന്റെ കാഴ്ചപ്പാടിൽ അദ്ദേഹത്തിന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നു.

കലയും കമ്മ്യൂണിസവും അയാൾക്ക് സഹിയ്ക്കാൻ പറ്റിയിരുന്നില്ല. അദ്ദേഹത്തിന്റെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മരിയ്ക്കുന്നത് വരെ കല എത്തി നോക്കിയിരുന്നില്ല!

1960-61 കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റുകാരെ ഭയമായിരുന്നു

ജന്മിമാർക്കും മുതലാളിമാർക്കും. കമ്മ്യൂണിസ്റ്റുകാർ എന്തും ചെയ്യുന്ന കൂട്ടരാണെന്നായിരുന്നു അവരുടെ വിശ്വാസം. അത് കുറെയൊക്കെ ശരിയുമായിരുന്നു. മാനേജൻ ഒരു പക്ഷെ എന്നെ ഭയപ്പെട്ടതിന്റെ കാരണവും അതാവാം. ഞാനൊരു സർപ്പമല്ല വെറും നീർക്കോലിയാണെന്നും പാവം മാനേജരുണ്ടോ അറിയുന്നു.

എനിയ്ക്ക് PSC നിയമനം കിട്ടുന്നത് വരെ - മൂന്നു വർഷക്കാലം - ഞാനവിടെ ജോലി ചെയ്തു; ഒരു പൊട്ടലും ചീറ്റലുമില്ലാതെ! ഈ കാലയളവിൽ ഞാൻ നേതൃത്വം നൽകി രൂപീകരിച്ച ബ്രദേഴ്സ് ക്ലബ്ബ് നാട്ടിൽ നിരവധി നാടകങ്ങൾ അവതരിപ്പിച്ചു. എല്ലാ നാടകവും സംവിധാനം ചെയ്തതും ഞാനായിരുന്നു. സംവിധാനം മാത്രമല്ല അതിലെ പാട്ടുകളും എന്റെ വക തന്നെ.

പന്ത്രണ്ടോളം നാടകങ്ങളാണ് ക്ലബ്ബ് അവതരിപ്പിച്ചത്. അതിലെല്ലാം ഞാനഭിനയിയ്ക്കയും ചെയ്തു. ഈ നാടകങ്ങളിൽ എനിയ്ക്കേറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം ടി. എൽ. ജോസിന്റെ-സി.എൽ.ജോസല്ല - 'സമുദായം' എന്ന നാടകത്തിലെ പിരി ലൂസായ പ്രൊഫസറുടെ റോളാണ്. ഒരു വല്ലാത്ത കഥാപാത്രമാണ് പ്രൊഫസർ. അദ്ദേഹം പറയുന്ന ഒരു ഡയലോഗ് ഓർമ്മയിൽ നിന്ന് ഞാൻ തപ്പിയെടുക്കട്ടെ!

"ആകാശത്തിലെ അനന്ത കോടി നക്ഷത്രങ്ങളെ കൂട്ടിയിണക്കുന്ന ഒരുചരടുണ്ടായിരുന്നെങ്കിൽ... ഹ... ഹ... ഹ... ഹ... ആ ചരട് ഇടയ്ക്കിടെ വലിച്ച് ഈ ഭൂഗോളത്തെ ഞാൻ കിടിലം കൊള്ളിയ്ക്കുമായിരുന്നു!!"

ഏതാണ്ടിങ്ങനെയായിരുന്നു ആ ഡയലോഗ്. ഈ നാടകത്തിന്റെ ഫോട്ടോ കണ്ട ചില നാടക പ്രവർത്തകർ അത്യുഗ്രമായ 'തിലോദകം' എന്ന നാടകത്തിലേയ്ക്ക് പിൽക്കാലത്ത് എന്നെ ക്ഷണിച്ചു അടിയന്തരാവസ്ഥ കാലത്ത്. ആ കഥ പിന്നീട്!

ഈ കാലഘട്ടത്തിൽ നാട്ടിലുള്ള ഒരു സഖാവിന്റെ ഊരുവിലക്കും ഞങ്ങൾക്ക് നേരിടേണ്ടിവന്നു. സഖാവിന് 'ബ്രദേഴ്സ് ക്ലബ്ബ്' പാർട്ടി ക്ലബ്ബാക്കണം. സഖാക്കന്മാരേ അഭിനയിയ്ക്കാവൂ.... അതായത് ഒരു കമ്മ്യൂണിസ്റ്റ് ക്ലബ്ബ്!

ഞാനുണ്ടോ വഴങ്ങുന്നു?. അഭിനയിയ്ക്കാൻ ആഗ്രഹമുള്ള കുട്ടികളെ ഞാൻ അഭിനയിപ്പിയ്ക്കും. നൃത്തം ചെയ്യാനിഷ്ടപ്പെടുന്നവരെ ഞാൻ നൃത്തം ചെയ്യിയ്ക്കും. കലയെ അങ്ങനെ വേലിയ്ക്കകത്ത് തളച്ചുകെട്ടണോ? കലാകാരന്മാർ എന്നും മനുഷ്യപക്ഷത്താണ്. മർദ്ദിതന്റെ പക്ഷത്ത്. ഞാനെന്നും ആ പക്ഷത്തായിരുന്നു. അതിന് പ്രത്യേക ലേബലിന്റെ ആവശ്യമില്ല.

സത്യം തിരിച്ചറിഞ്ഞ കലാകാരൻ ഇന്നല്ലെങ്കിൽ നാളെ മർദ്ദിതന്റെ പക്ഷം ചേരുമെന്ന വിശ്വാസക്കാരനാണ് ഞാൻ. അതുകൊണ്ട് അവനെ(ളെ) വേർതിരിച്ചുനിർത്തേണ്ട ആവശ്യമില്ല.

ഏതായാലും ഞങ്ങളുടെ സഖാവിന് ഇത് ബോധ്യപെട്ടില്ല. അദ്ദേഹത്തിന് വാശിയായി. ആരും നാടകം കാണാൻ പോകരുത്. ഊരുവിലക്ക്! ഈ പ്രദേശമാണെങ്കിൽ കമ്മ്യൂണിസ്റ്റ് കോട്ടയും. വളരെ കുറച്ച് കോൺഗ്രസ്സ് കുടുംബങ്ങളെ ഇവിടെയുള്ളൂ!

ഏതായാലും മുന്നോട്ടു പോകാൻ തന്നെ ഞങ്ങളും തീരുമാനിച്ചു. സ്റ്റേജും മറ്റു സൗകര്യങ്ങളുമൊരുക്കി. ഞങ്ങളെ സ്നേഹിയ്ക്കുന്ന- നാടകത്തെ സ്നേഹിയ്ക്കുന്ന- ഏതാനും ചെറുപ്പക്കാർ ഞങ്ങൾക്ക് ധൈര്യം പകർന്നു. "മാഷ് ഒന്നുകൊണ്ടും പേടിയ്ക്കണ്ട. ഏത് ഭീഷണിയേയും ഞങ്ങൾ നേരിടും"

ഏഴ് എട്ടുമണിയായപ്പോൾ അതാവരുന്നു ജനക്കൂട്ടം! പായയും ചൂട്ടുമായി. സ്ത്രീകളും കുട്ടികളും.... നാടകം കാണാനുള്ള ത്വര. അവർക്കറിയാം ഞങ്ങൾ അവരെ നിരാശപ്പെടുത്തില്ലെന്ന്... ഊരുവിലക്ക്... മണ്ണാങ്കട്ട!

സഖാവിന്റെ വീട്ടിലുള്ളവർ മാത്രം നാടകം കാണാൻ വന്നില്ല...! (രസകരമായ ഒരു കാര്യം. ഞങ്ങളുടെ ഒരു നാടകം പിന്നീട് അദ്ദേഹത്തിന്റെ അഭ്യർത്ഥന പ്രകാരം, സഹകരണത്തോടെ അദ്ദേഹത്തിന്റെ പറമ്പിൽ വെച്ചും കളിച്ചു.) പക്ഷെ ഈ നാടകത്തിന്റെ തുടക്കത്തിൽ ചില അപശകുനങ്ങളുണ്ടായി. ഞങ്ങളുടെ പ്രധാന നടിയുടെ ജ്യേഷ്ഠൻ പൂസ്സായി സ്റ്റേജിൽ വന്നിരുന്നു, തെല്ലധികാരത്തോടെ!

കർട്ടൻ തുറന്നാൽ കക്ഷിയെ ഓഡിയൻസ് കാണും. ഞാനാണെങ്കിൽ അത്തരം കാര്യങ്ങളിലൊക്കെ നിഷ്ക്കർഷയുള്ളവനും. വളരെ സൗമ്യമായും മാന്യമായും ഞാനയാളോട് പറഞ്ഞു. "നിങ്ങൾ മുമ്പിൽ പോയിരിയ്ക്കു! ഇരിയ്ക്കാൻ കസേരയിട്ടുതരാം..." ചങ്ങാതി കേൾക്കുന്നില്ല. അയാൾക്കവിടെ തന്നെയിരുന്ന് നാടകം കാണണം. പെങ്ങളാണല്ലോ നായിക.

ഞാൻ ചൂടായി. എന്റെ ഭാവം മാറി. "എഴുന്നേൽക്കെടാ... കടക്ക് പുറത്ത്" എന്റെ അട്ടഹാസം അവനെ എഴുന്നേൽപ്പിച്ചു. അവൻ ഇറങ്ങി നടന്നു.

ഒരു പത്ത് മിനിറ്റായി കാണും ഒരു കഠാരി അരയിൽ തിരുകിക്കൊണ്ട് അവൻ വീണ്ടും വന്നു. പെങ്ങളെ വിളിച്ചു. അമ്മയ്ക്ക് ബോധക്ഷയം. ആശുപത്രിയിൽ കൊണ്ടുപോയി. നീ ഉടൻ വരണം.

കുഴഞ്ഞല്ലോ. കുളമാക്കാനാണ് അവന്റെ ഭാവം. ഞങ്ങളുടെ സംരക്ഷകരായ യുവ സുഹൃത്തുക്കളോട് ഞാൻ കാര്യം പറഞ്ഞു. അവർ അവനെ പിടിച്ച പിടിയാലെ കൊണ്ടുപോയി.

ഞാൻ നടിയെ വിളിച്ചു. "ഈ നാടകത്തിൽ അഭിനയിയ്ക്കാതെ നീ ഇറങ്ങി പോയാൽ കൊല്ലും ഞാൻ" ഭീഷണിപ്പെടുത്തി. അവൾ കരഞ്ഞു.

പ്രേക്ഷകരറിയാതെ ഞങ്ങൾ നാടകം അരങ്ങേറി. ഏതുനിമിഷവും വില്ലന്റെ 'കത്തിമുന' പ്രതീക്ഷിച്ച് ഞാനും അഭിനയിച്ചു... എല്ലാം അഭിനയമാണല്ലോ.

*വാൽക്കഷണം*- ആ നടി പ്രശസ്തനായ ഒരു രാഷ്ട്രീയ പ്രവർത്തകന്റെ സഹധർമ്മിണിയാണ്. ഇപ്പോൾ നല്ല കുടുംബിനി!

(തുടരും)



പി. എം. ശശിധരൻ
9745228779

# പ്രണാമം

2004 ജനുവരി അവസാന വാരം അയൽവാസിയായ വേലായുധേട്ടൻ മരിച്ചു. ആത്മഹത്യയായിരുന്നു. അഞ്ചുമക്കളുണ്ടായിട്ടും വാർദ്ധക്യകാലത്ത് നോക്കാൻ ആളില്ലാത്തതു മൂലം ആത്മഹത്യ ചെയ്യേണ്ടി വന്ന കാര്യങ്ങളെ വേണമെങ്കിൽ ഒരു കഥയാക്കാം. പക്ഷേ ഇപ്പോഴത്തെ വിഷയം അതല്ല, തിരുവില്വാമല ഐവർമഠത്തിൽ സംസ്കരിക്കാനായി വേലായുധേട്ടനേയും കൊണ്ടുചെല്ലുമ്പോൾ നാട്ടുനടപ്പനുസരിച്ചു ദേശവാസിയെന്ന നിലയ്ക്ക് കൂടെ ചെല്ലേണ്ടിവന്നു. ഒരുക്കങ്ങളുടെ ഇടവേളയിൽ അവിടത്തെ ജീവനക്കാരനോട് കുശലം പറഞ്ഞുതുടങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു, ഇന്നലെ വലിയൊരു ആൾക്കൂട്ടമായിരുന്നു. പോലീസുകാരുടെയും വി. ഐ. പികളുടേയും തിരക്ക്. ആ കാണുന്ന, വലതുഭാഗത്തു നിന്നും മൂന്നാമത്തെ ചിതയിലാണ് വി. കെ. എൻ എരിഞ്ഞടങ്ങിയത്. കണ്ണീർവാർത്തു വിതുമ്പിപ്പോയി എന്നൊക്കെ എഴുതാമായിരുന്നു. പക്ഷേ അതൊന്നും ഉണ്ടായില്ല. എഴുത്തിലെ മാനസിക ഗുരുവിനെ സംബന്ധിക്കുന്ന ഒന്നു രണ്ടു കാര്യങ്ങൾ മനസ്സിലൂടെ കടന്നുപോയി.

ഗുരുവിന്റെ 'പയ്യൻകഥകൾ' ദൂരദർശനിൽ 13 എപ്പിസോഡുകളായി കാണിക്കാൻ പോകുന്നു എന്നറിഞ്ഞപ്പോൾ സന്തോഷമായിരുന്നു, തെളിഞ്ഞുകാണാൻ ആന്റിനയുടെ ഉയരം പരമാവധി കൂട്ടിവച്ചുകാത്തിരുന്നു. ജയിംസ് ബോണ്ടിന്റെ ചില സ്വഭാവഗുണങ്ങളുള്ള പയ്യൻ. പാർലമെന്റിന്റെ ഇടനാഴികളിൽ ഡൽഹി രാഷ്ട്രീയത്തിന്റെ പുകമഞ്ഞിനിടയിലൂടെ നേതാക്കളേയും 'തടിച്ചികളെയും' പൊളിച്ചടുക്കി വിലസുന്ന പയ്യൻ ദൂരദർശനിലൂടെ വന്നപ്പോൾ നിരാശയായിരുന്നു. കഥയും, തിരക്കഥയും സംഭാഷണവും അഭിനയവും ഒന്നിച്ചു കരാറെടുത്ത നടൻ, സൃഷ്ടിയിൽ സ്ത്രീ ഹോർമോൺസ് കൂടിപ്പോയി എന്നു തോന്നിയ്ക്കുന്ന ഭാവത്തോടെ നമ്മുടെ സ്വന്തം പയ്യനെ കൈകാര്യം ചെയ്യുന്നതു കണ്ടപ്പോൾ നിരാശയും ദേഷ്യവും തോന്നി. ഒരു ഇൻലന്റിൽ എഴുതി അയച്ചു "മൂത്താരേ ! ഇതുചതിയായിപ്പോയി."


ചില ദിവസങ്ങൾക്കുശേഷം പത്രത്തിൽ അദ്ദേഹം എഴുതുന്ന കോളത്തിൽ മറുപടി വന്നു. "ഒരു പാടുപേരുടെ കത്തുകൾ വന്നിരുന്നു. എന്തു ചെയ്യാം, തിണ്ണത്തലയ്ക്കൽ ഒരുത്തൻ വന്നിരുന്ന് ടി. വി. യിൽ അവതരിപ്പിക്കാൻ അനുവാദം തരണമെന്ന് പറഞ്ഞു കുത്തിരിക്കുമ്പോൾ ഒഴിഞ്ഞുപോട്ടെ എന്ന് കരുതി അനുവാദം കൊടുത്തതാണ്. ഇനി ഒരുത്തനും കൊടുക്കാൻ പോണില്ല."

ഗ്രന്ഥശാലാ സംഘത്തിന്റെ പരിപാടികളിൽ ദൂരെ നിന്ന് കണ്ടിട്ടുണ്ടെങ്കിലും ഒന്ന് അടുത്തുകാണാൻ കാത്തിരിക്കുമ്പോഴാണ് പാലക്കാടു വച്ച് ഒരു പുസ്തക കടക്കാരൻ ഗുരുവിന് സ്വീകരണം കൊടുക്കാൻ പോകുന്നു എന്നറിഞ്ഞത്. തുല്യസ്ഥാനം കൊടുത്ത് ആദരിക്കാൻ പോകുന്ന ആളുടെ പേരുകേട്ടപ്പോൾ പരിപാടിയ്ക്ക് പോകേണ്ടെന്ന് വച്ചു. വായിച്ച് അഭിപ്രായം പറയാൻ കൂട്ടുകാരൻ തന്ന ഇയാളുടെ പുസ്തകം, ഭാഷാ വൈകൃതം മൂലം ഒരു പേജുപോലും മുഴുവനാക്കാൻ കഴിയാതെ തിരികെ കൊടുക്കുമ്പോൾ തീരുമാനിച്ചതാണ്, അങ്ങേരുടെ പേര് മനസ്സിലെ ലിസ്റ്റിൽ നിന്നും ഡിലീറ്റ് ചെയ്യുക എന്ന്. എസ്. കെ. പൊറ്റേക്കാടിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച വർഷം രണ്ടാമതായി മലയാളത്തിൽ നിന്ന് പരിഗണനയ്ക്കെടുത്തത് ഗുരുവിന്റെ കൃതിയായിരുന്നുവല്ലോ.

ഗുരുവിന്റെ സിംഹാസനത്തിനടുത്ത് ഇങ്ങനെയൊരാളെ സങ്കൽപ്പിക്കാൻ പറ്റാത്ത ചെറുപ്പത്തിലെ വിവരക്കേട് കൊണ്ടായിരിക്കാം അന്ന് ആ പരിപാടിയ്ക്ക് പോയില്ല.

V.K.N. ഓർമ്മയായിട്ട് ഈ ജനുവരി 25ന് 14 വർഷം തികഞ്ഞു. ലൈബ്രറിയിൽ 5822 നമ്പറായുള്ള 'പിതാമഹൻ' കൈവശമുണ്ട്. പല പ്രാവശ്യം വായിച്ചതാണെങ്കിലും അന്നേദിവസം ഒരിക്കൽ കൂടി വായിച്ചു. ഗുരുവിന്റെ ഓർമ്മകളിലൂടെ ഒരു ദിവസം. ●

■ കവിത



## വിപ്രലംഭം

വിജയപ്രകാശ് കണ്ണാടി
9495497453

ഉൾത്തടം നീറുന്നുവോ, കാളിന്ദീ ! നിൻകൺകളിൽ
കണ്ണു നീരൂറുന്നുവോ, വിരഹശോകാഗ്നിതൻ-
നാളങ്ങൾ ഫണം നീർത്തി മാനസം പൊതിയുമീ-
വേളയിൽ മുഖം പൊത്തിക്കരയുന്നുവോ തോഴീ ?
എത്രയോ നിറമോലും സ്വപ്നങ്ങൾ താലോലിച്ചു
നീയന്നു വിലസിയ ധന്യമാം മുഹൂർത്തങ്ങൾ-
ഗായത്രി നീട്ടിപ്പാടിയുണരുമുഷസ്സുകൾ;
രാഗത്തിലഷ്ടപദിപാടിടും ത്രിസ്സന്ധ്യകൾ !
കണ്ണന്റെ കുഴൽവിളി കേൾക്കവേ, നുരതുള്ളി-
ച്ചന്നു നീയാടി രാസനടനച്ചുവടുകൾ-
താളത്തിൽ ചവിട്ടി നീ മതിമറന്നീടവേ
രോമാഞ്ചം വാരിച്ചൂടീ തീരത്തെ വൃന്ദാവനം !
ദ്വാപരയുഗം പോയി, കലിയുഗത്തിൻ ഘോര-
താണ്ഡവ കേളിയിലാരംഗങ്ങളോർമ്മകളായ്.
നീയിന്നു പാടും ശോകഗാനം കേട്ടുറങ്ങുന്ന
മാധവം മറന്നൊരീ വിജനവൃന്ദാവനം !
മങ്ങിക്കത്തിടും തവ ജീവിത ചിരാതിന്റെ
നാളത്തെയുലയ്ക്കുന്നു വിരഹശോകം നിത്യം.
എങ്കിലും പ്രതീക്ഷതൻ മാല്യവും കൊരുത്തു നീ
പിന്നെയുമൊഴുകുന്നു ദ്വാപര യുഗം തേടി !

# ഇരുളകറ്റുന്ന ജോൺസൺ




ജോസഫ് പൂതക്കുഴി
9846751749

**അ**ന്ധകാരമയമായ ലോകത്തിൽ 'വെളിച്ചം ദുഃഖമാണുണ്ണീ' എന്ന് പറയാൻ മഠത്തിനകത്ത് ജോൺസൺ ഒരിക്കലും സമ്മതിക്കില്ല. അന്ധനല്ലെങ്കിലും അന്ധകാരം ജോൺസനെ പൊതിയാൻ പലപ്പോഴും ശ്രമിച്ചു. ആ ശ്രമങ്ങളെല്ലാം തട്ടിത്തെറിപ്പിച്ച് വെളിച്ചം സുഖമാണ് എന്ന് ഉറക്കെപ്പറയുന്നതാണ് ജോൺസന്റെ രീതി. വെളിച്ചത്തിനെതിരെ വിഷഫണമുയർത്തും. നിഴലിൽ പൊയ്മുഖത്തെ ജോൺസൺ എത്രയോ കണ്ടിരിക്കുന്നു. കയ്പേറിയ ആ ദർശനങ്ങളൊന്നും ജോൺസനെ നിരാശനാക്കിയില്ല. ജീവിതത്തിൽ എന്നും പ്രകാശം പരത്തുന്ന പ്രത്യാശയാടെ ജോൺസൺ ജീവിതത്തെ മുന്നോട്ടുനയിക്കുന്നു.

ജനിച്ച് ആറുമാസമായപ്പോൾ പിടിപ്പെട്ട പനി ജോൺസനെ തളർത്തി. പോളിയോബാധ ജോൺസന്റെ രണ്ടു കൈകളേയും രണ്ടു കാലുകളേയും നിശ്ചലമാക്കി. ചലനശേഷിയില്ലാത്ത തീർത്തും തളർന്നുപോയ കൈകാലുകളുമായിത്തളരാത്ത മനസ്സുള്ള ജോൺസൺ ഇന്നും സന്തോഷവാനായി ജീവിക്കുന്നു. ജോൺസൺന്റെ ഇരുളടഞ്ഞ ഭാവിയോർത്ത് മാതാപിതാക്കൾ ഒരുപാടു വേദന അനുഭവിച്ചു. ആയുർവേദവും അലോപതിയും ഹോമിയോയും ഒക്കെ മാറിമാറി ജോൺസന്നെ പരീക്ഷിച്ചു. ദൈവത്തിൽ പൂർണ്ണമായും വിശ്വസിച്ച് തന്റെ വിധിയെ പഴിക്കാതെ വൈകല്യങ്ങളെ വിജയങ്ങളാക്കിമാററാനുള്ള മനക്കരുത്ത് ജോൺസൺ ആർജ്ജിച്ചു. ഇപ്പോൾ 48 വയസ്സുള്ള ജോൺസൺ മനുഷ്യരെ സ്നേഹിക്കുന്നു, പ്രകൃതിയെ സ്നേഹിക്കുന്നു. ആരോടും വെറുപ്പില്ലാതെ പരാതിയില്ലാതെ 80% തളർന്ന തന്റെ ശരീരത്തെ സ്നേഹിച്ചുകൊണ്ടു ജോൺസൺ ഈ ഭൂമിയിൽ പ്രകാശം പരത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

അനിതരസാധാരണമായ



ബുദ്ധിവൈഭവം പ്രകടിപ്പിക്കുന്ന ജോൺസൺ ഇന്ന് ഇലക്ട്രിക്ക് ചോക്ക്, സെററബിലൈസർ, സ്റ്റെപ്പ് അപ്പ്, സീ. എഫ്. എൽ. ലാമ്പ്, എൽ. ഇ. ഡി. ബൾബുകൾ, സോളാർ പാനലുകൾ എന്നിവയുടെ നിർമ്മാണ- വിതരണക്കമ്പനിയുടെ ചുക്കാൻ പിടിക്കുന്നു. അന്ധകാരത്തെ ഭൂമിയിൽ നിന്നും അകററാൻ തന്റെ വെളിച്ചത്തിനുവേണ്ടിയുള്ള ശ്രമങ്ങളെ ജോൺ അതീവ ജാഗ്രതയോടെ മുന്നോട്ടുനയിക്കുന്നു.

കോഴിക്കോട് ജില്ലയിൽ പെരുവണ്ണാമ്മൂഴിയിൽ നിന്ന് ചെമ്പനോടയ്ക്ക് പോകുന്ന റോഡിൽ നിന്നും ഒരു 1/2 കിലോമീറ്റർ ദൂരമുണ്ടാകും മഠത്തിനകത്ത് ജോൺസന്റെ വീട്ടിലേക്ക്. ശാലോം ടെലിവിഷൻ (പെരുവണ്ണാമൂഴി) ഡയറക്ടർ ശ്രീ. ബെന്നി പുന്നത്തറയുടെ അയൽവാസിയാണ് ജോൺസൺ. എം.എ. മദ്ധ്യതിരുവിതാംകൂറിൽനിന്നും ചെമ്പനോടയിൽ കുടിയേറി പാർത്ത അബ്രഹാം-ഏലി ദമ്പതികളുടെ മകനായി 1969 മാർച്ച് രണ്ടാം തിയ്യതി ജോൺസൺ ജനിച്ചു. ജന്മനാ കുട്ടിക്ക് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. ആറാം മാസത്തിൽ പിടിപ്പെട്ട പോളിയോരോഗമാണ് ഈ ബാലനെ കിടന്ന കിടപ്പിൽ അല്ലെങ്കിൽ ഇരുന്ന ഇരുപ്പിൽ ആക്കിയത്. അമ്മ ആയിരുന്നു എല്ലാത്തിനും ആശ്രയം. കണ്ണീരും കൈയ്യുമായി ആ അമ്മ കൃശഗാത്രനായ തന്റെ മകന്റെ ആവശ്യങ്ങൾ സാധിച്ചുകൊടുത്തു.

ജോൺസൺ സ്കൂളിൽ പോയിട്ടില്ല. ഔപചാരിക വിദ്യാഭ്യാസം മാത്രമേ ലഭിച്ചിട്ടുള്ളു. അമ്മ മകനെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ചു. പിന്നെ മുതിർന്ന സഹോദരങ്ങൾ പഠിക്കുമ്പോൾ അവരുടെ അടുത്തിരിക്കും. അവർ വായിക്കുന്നതും എഴുതുന്നതും കണ്ണും കാതും കൂർപ്പിച്ച് ശ്രദ്ധിച്ചിരിക്കും. അങ്ങിനെയാണ് എഴുതാനും വായിക്കാനും അഭ്യസിച്ചത്. അമ്മ മററുകുട്ടികൾ സ്കൂളിൽ പോയിക്കഴിയുമ്പോൾ ഹതഭാഗ്യനായ ഈ മകന് പാഠങ്ങൾ പറഞ്ഞു കൊടുത്തു. കൈയുടെ സ്വാധീനക്കുറവ് എഴുത്ത് ശരിക്കു നടത്തുവാൻ കഴിഞ്ഞിരുന്നില്ല. വായിക്കാൻ പഠിച്ചു. അമ്മ വാങ്ങിക്കൊടുത്ത ബാലരമയും പൂമ്പാറ്റയും യൂറീക്കയും മുത്തശ്ശിയുമൊക്കെയായി ഈ ബാലന്റെ കൂട്ടുകാർ.

തിരിച്ചറിവിന്റെ കാലമായപ്പോൾ ശാസ്ത്രവിഷയങ്ങളിലായി കൂടുതൽ താൽപര്യം. പ്രത്യേകിച്ച് മെക്കാനിക്കൽ ഉപകരണങ്ങളായിരുന്നു കളിക്കോപ്പുകൾ. അതിന്റെ പ്രവർത്തനങ്ങൾ എങ്ങിനെയൊക്കെയാണ് സംഭവിക്കുന്നത് എന്ന് കൂലംകഷമായി പരിശോധിക്കാൻ തുടങ്ങി. പിന്നീട് ഇലക്ട്രോണിക്കുപക

രണങ്ങളോടായി കമ്പം. വിവിധതരം ബാറ്ററികൾ, ബൾബുകൾ, ചോക്കുകൾ ഇവയൊക്കെ പ്രവർത്തിക്കുന്നതും റീസെറ്റുചെയ്യുന്നതുമായി ഇഷ്ട വിനോദം. എങ്ങിനെ ബൾബ് പ്രകാശിക്കുന്നു എന്ന് സ്വയം പരീക്ഷണങ്ങളിലൂടെ ഈ കൗമാരക്കാരൻ കണ്ടെത്തി. പിന്നെ പുതിയ മാതൃകയിലുള്ള ബൾബുകൾ സ്വന്തമായി രൂപകൽപന ചെയ്യാൻ തുടങ്ങി. ബൾബുകൊണ്ട് മാലകൾ ഉണ്ടാക്കുക ജോൺസന് കൗതുകകരമായിരുന്നു. ജോൺസൺന്റെ ബുദ്ധിവൈഭവം നാട്ടിൽ പരക്കാൻ തുടങ്ങി. കുട്ടികളും മുതിർന്നവരും ഈ ചെറുപ്പക്കാരന്റെ സ്വന്തം നിർമ്മിതികൾ കാണാൻ വീട്ടിൽ വന്നു തുടങ്ങി.

വീടിന്റെ ഒരുഭാഗം ജോൺസന്റെ നിർമ്മാണ യൂണിറ്റായി. ഉയർന്ന വോൾട്ടേജിൽ മാത്രം പ്രവർത്തിക്കുന്ന ചോക്കുകളായിരുന്നു അന്നുണ്ടായിരുന്നത്. ചോക്കിലെ ട്രാൻസിസ്റ്ററിന്റെ ഘടന മാറ്റിയാൽ വോൾട്ടേജ് പ്രശ്നം ലഘൂകരിക്കാമെന്ന് ജോൺസൺ പരീക്ഷണങ്ങളിലൂടെ കണ്ടെത്തി. ആയിരക്കണക്കിന് പരാജയങ്ങൾ പരീക്ഷണസമയങ്ങളിൽ ഉണ്ടായതായി ജോൺസൺ ഓർമ്മിക്കുന്നു. 5 വോൾട്ടിൽ മിന്നുന്ന ചോക്കുമായി ജോൺസൺ നാട്ടിലാകെ പ്രസിദ്ധനായി. 500 ദിവസം ഗ്യാരണ്ടിയോടുകൂടിയാണ് ജോൺസൺ തന്റെ ചോക്കുകൾ വിപണിയിലെത്തിച്ചത്. ചോക്കിനൊപ്പം 5 വോൾട്ടിലും 30 വോൾട്ടിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റെബിലൈസറും മാർക്കറ്റിലെത്തിച്ചു. ഇതിന് വൻ സ്വീകാര്യതയാണ് ലഭിച്ചത്. മാർക്കറ്റിൽ അന്ന് കിട്ടിയിരുന്നതിനേക്കാൾ എത്രയോ വില കുറച്ചാണ് ജോൺസന്റെ നിർമ്മാണക്കമ്പനി സാധനങ്ങൾ വിറ്റഴിച്ചത്. കൂടുതൽ ഓർഡറുകൾ കിട്ടാൻ തുടങ്ങിയപ്പോൾ വീട്ടിലുള്ള സൗകര്യങ്ങൾ പോരാതെവന്നു. പെരുവണ്ണാമൂഴി ഡാമിനടുത്തുള്ള ഒരു കെട്ടിടത്തിലേക്ക് നിർമ്മാണ യൂണിറ്റ് മാറ്റിസ്ഥാപിച്ചു. അന്ന് 15 സ്ഥിരം ജോലിക്കാരും വിതരണരംഗത്ത് 60 പേരും സജീവമായി ജോൺസനോടൊപ്പമുണ്ടായിരുന്നു.

എന്നാൽ 1998 - ൽ ജോൺസന്റെ നിർമ്മാണ കമ്പനി പൂർണ്ണമായും കത്തിനശിച്ചു. ജീവിത്തിൽ അന്നുവരെ കെട്ടിപ്പൊക്കിയതെല്ലാം ചാമ്പലായി മണ്ണടിഞ്ഞപ്പോൾ ജോൺസന്റെ ഹൃദയം നുറുങ്ങിപ്പോയി. പല ലോണുകളും എടുത്തിട്ടാണ് കമ്പനി വികസിപ്പിച്ചത്. യന്ത്രസാമഗ്രികൾ എല്ലാം നഷ്ടപ്പെട്ടു. എങ്കിലും പ്രതീക്ഷ കൈവിടാതെ ജോൺസൺ ധൈര്യം അവലംബിച്ചു. ക്രൂരമായ വിധിയുടെ മുമ്പിൽ മുട്ടുമടക്കാൻ ആ കർമ്മശാലി തയ്യാറായില്ല. പൂർവ്വാധികം ശക്തി പ്രാപിച്ച് ഒരു ഫീനിക്സ് പക്ഷി പോലെ ജോൺസൺ വീണ്ടും കർമ്മനിരതനായി. സി. എഫ്. എൽ. എമർജൻസിലാമ്പിന്റെ ഒരു പുതിയ മോഡൽ വിപണിയിലിറക്കി ഗുണമേന്മയിൽ നിലവാരമുള്ളതും വിലക്കുറവുള്ളതുമായ ജോൺസന്റെ ഉല്പന്നങ്ങൾക്ക് ഡിമാന്റ് ഏറിക്കൊണ്ടിരിക്കുന്നു.

ഉല്പന്നങ്ങളിൽ വൈവിധ്യവും ഗുണമേന്മയും വേണമെന്ന കാര്യത്തിൽ ജോൺസന് നിർബന്ധമുണ്ടായിരുന്നു. അമിതമായ ലാഭേച്ഛ അദ്ദേഹത്തെ ഒട്ടും സ്പർശിച്ചിട്ടില്ല. അലങ്കാരത്തിനായി ഉപയോഗിച്ചിരുന്ന എൽ.ഇ.ഡി. ബൾബ്പ്രകാശത്തിനും ഉപയോഗിക്കാമെന്ന് ജോൺസൺ കണ്ടെത്തി. പിന്നീട് മലിനീകരണം വളരെ കുറവുള്ളതും താപപ്രസരണം വളരെ ലഘുവായതുമായ എൽ.ഇ.ഡി മേഖലയിലേക്കായി പിന്നത്തെ ശ്രമങ്ങൾ.

2005-ൽ എം. ടെക് ഇലക്ട്രോ ഡിജിറ്റൽ ഇൻഡസ്ട്രീസ് ആരംഭിച്ചു. സോളാർ എനർജി, സോളാർ പവർപായ്ക്ക്, സ്ട്രീറ്റ് ലൈറ്റ്, ടേബിൾലാമ്പ്, സ്റ്റെബിലൈസർ എങ്ങിങ്ങനെ വൈവിധ്യമാർന്ന ഉപകരണങ്ങളുമായി സജീവമാണിപ്പോൾ വിപണി. ജോൺസന്റെ ഉപകരണങ്ങൾക്ക് ഒരു പ്രത്യേകത കൂടിയുണ്ട്. അവ സർവ്വീസ് ചെയ്തു വീണ്ടും ഉപയോഗയോഗ്യമാക്കാം.

ഊർജ്ജമേഖലയിലെ മാലിന്യങ്ങൾ കുറക്കുക വഴി ഭൂമിയെ ശുദ്ധമായി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി 'സത്വ' എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിവിധ സന്നദ്ധസംഘടനകൾക്ക് എൽ.ഇ.ഡി. ബൾബുകൾ നിർമ്മാണത്തിനുള്ള പരിശീലനവും നൽകുന്നുണ്ട്.

ഞാൻ ജോൺസനെ കാണാൻ ചെല്ലുമ്പോൾ ഭാര്യ ഉഷയും മക്കളായ ജിയൂണും ജിഷൂണും ഉമ്മറത്തു തന്നെ ജോൺസനെ സഹായിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു

●



■ കവിത

റോസി അശോക്

9288408607

## സോഷ്യൽ മർഡർ

അച്ഛനമ്മമാരുടെ
പഴയ കല്യാണഫോട്ടോ
തപ്പിയെടുത്ത്
പൊടിതൂത്ത് വച്ചു ഞാൻ
ഫേസ്ബുക്കിൽ
അപ്‌ലോഡ് ചെയ്ത്
നിമിഷങ്ങൾ കഴിയവേ
വൈറലായി, വന്നൂ
ലൈക്കും ഷെയറും
നൂറു നൂറായിരം
കൂട്ടത്തിൽ
ഞെട്ടിച്ചൊരു കമന്റും
അടിയിലുണ്ടായിരുന്നു.
മൂപ്പിൽസ് രണ്ടും
മൂത്തു നരച്ചോ,
അതോ വടിയായ് കാണുമോ ?

## ആയുധം

എന്റെ പേരുപോലും നിങ്ങളിൽ
ഭയം ജനിപ്പിക്കുന്നെങ്കിൽ
എന്റെ മുഖം കണ്ട്
വിറകൊള്ളരുത്
അടവികളിലുലയിലാട്ടി
തീക്കുണ്ഡത്തിൽ
വെന്തു പഴുത്ത്
പതം വന്ന പച്ചിരുമ്പ്
വെള്ളമൊഴിച്ചെന്റെ
അഗ്നി കെടുത്തിയാലും
വായ്ത്തല മൂർച്ച കൂട്ടി
പുറത്തുവരുന്ന
പേടി സ്വപ്നം !

# ടെറ്റനസ്സ് (Tetanus)



ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

ടെറ്റനസ്സ് ബാസില്ലസ്സ് (Tetanus Bacillus) എന്ന അണുബാധ മൂലം ഉണ്ടാകുന്ന രോഗമാണ്. പേശികൾ കീഴ്ത്താടി, കഴുത്ത്, നട്ടെല്ല് എന്നീ അവയവങ്ങളെയാണ് അധികവും ബാധിക്കുന്നത്. അണുബാധ, ശരീരത്തിലുണ്ടാവുന്ന മുറിവുകളിൽ കൂടിയാണ് സാധാരണ കണ്ടുവരുന്നത്. ഈ അണുക്കൾ, അഴുക്കുചാലുകൾ, പാതകളിലുള്ള പൊടിപടലങ്ങൾ, ധാന്യം, വൈക്കോൽ എന്നിവ സൂക്ഷിക്കുന്ന കളപ്പുരകൾ, കുതിരലായം ഇവകളിൽ യഥേഷ്ടം കണ്ടുവരുന്നു. കുതിരചാണകങ്ങളിലും ഈ അണുക്കൾ ഉണ്ടാവാൻ സാദ്ധ്യതയുണ്ടെന്ന് പറയപ്പെടുന്നു. ചിലപ്പോൾ ഏറ്റവും കുറഞ്ഞ അണുക്കൾ മുറികളിലും രക്തത്തിലും കാണപ്പെടുവാൻ സാദ്ധ്യതയുണ്ട്. കൂടാതെ തുരുമ്പുപിടിച്ച ആണി, കത്തി മുതലായ മൂർച്ചയുള്ള ഉപകരണങ്ങളിൽ കൂടിയും അണുക്കൾ പ്രവേശിക്കാൻ സാദ്ധ്യത ഏറെയാണ്. ചർമ്മത്തിലെ വിള്ളൽ ഈ അണുബാധ ഏൽക്കാൻ സാധ്യത കാണുന്നു. പ്രത്യേകിച്ച് കാലുകളിലെ അടിഭാഗം വിള്ളൽ ഉള്ളവർക്ക്, അവർ പാദരക്ഷകൾ ഉപയോഗിക്കാതെ നടക്കുമ്പോൾ മാലിന്യങ്ങൾ സ്പർശിക്കാൻ ഇടയുള്ളതുകൊണ്ട് ടെറ്റനസ്സ് അണുക്കൾ വിള്ളലിൽ കൂടി പ്രവേശിക്കുവാൻ സാദ്ധ്യതയേറെയാണ്.

***രോഗലക്ഷണം***

അണുബാധ ഏറ്റാൽ ആദ്യം പ്രകടിപ്പിക്കുന്ന രോഗലക്ഷണം വായ തുറക്കുവാൻ സാധിക്കാത്ത (Lock Jaw) അവസ്ഥയാണ്. ഇതോടു കൂടി പനിയും ഉണ്ടാവും. സംക്ഷോഭം (Convulsion) വേറൊരു രോഗലക്ഷണമാകുന്നു. ഇത് ഇടയ്ക്കിടെ ഉണ്ടാവുന്നതാണ്. സംക്ഷോഭത്തിന്റെ എണ്ണം വർദ്ധിക്കുന്തോറും പനിയുടെ തീക്ഷണത വർദ്ധിക്കുന്നതായിരിക്കും. ഒരു ഘട്ടത്തിൽ ശരീരം മുഴുവനും ബലം പ്രയോഗിക്കുന്ന (Stiffness) അവസ്ഥയിലായിരിക്കും കാണപ്പെടുക. കമാന രൂപേണ പിൻവശത്തേക്കു വളയുന്നത് (Opisthotonos) പ്രത്യേകിച്ച് കുട്ടികളിൽ കണ്ടുവരുന്നു. അപസ്മാരലക്ഷണങ്ങളിൽ കാണപ്പെടുന്ന അവസ്ഥയാണ് ഇത്. രോഗലക്ഷണങ്ങളുടെ ആവർത്തനം വർദ്ധിക്കുന്നത് മരണത്തിലേക്കായിരിക്കും നയിക്കുക. അതുകൊണ്ട് ഈ അസുഖം പിടിപെടാതെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ചികിത്സയിൽ ഇതിന്ന് പ്രതിരോധമരുന്ന് നട്ടെല്ലിൽ കുത്തിവെപ്പാണ് (Tetanus antitoxin). ഇത് തുടർച്ചയായി എടുക്കേണ്ടിവരും. തുരുമ്പുപിടിച്ച മൂർച്ചയുള്ള ഉപകരണങ്ങൾ ശരീരത്തിൽ പ്രവേശിച്ചാൽ ഒട്ടും വൈകാതെ പ്രതിരോധസൂചിവേധനം (Injection) എടുത്തിരിക്കണം. കാൽ വിള്ളിച്ച ഉള്ളവർ പാദരക്ഷ ഉപയോഗിക്കാതെ നടക്കരുത്. ഹോമിയോപതിയിലും പ്രതിരോധമരുന്നുകൾ ലഭ്യമാണ്. ●

---

■ ലേഖനം

# രോഗീസന്ദർശനം പീഡിതമാകുമ്പോൾ...

പി. ആർ. ജോസ്
9847946094

രോഗീസന്ദർശനം രോഗീപീഢനമാകുന്നുണ്ടോ? ആശുപത്രികളിലും വീടുകളിലും രോഗികളായ നമ്മുടെ ബന്ധുക്കളേയും സുഹൃത്തുക്കളേയും സന്ദർശിക്കുക പതിവാണ് ; ആവശ്യവുമാണ്. അങ്ങിനെ സന്ദർശിക്കുന്നവർ ചില കാര്യങ്ങൾ ഓർമ്മിക്കുന്നത് നന്നായിരിക്കും.

രോഗവിവരം അറിയുന്നതിന് രോഗിയോടുതന്നെ ചോദിച്ചറിയണമെന്നുണ്ടോ ? രോഗികൾ അവർക്കിഷ്ടമുണ്ടെങ്കിൽ രോഗവിവരം പറയട്ടെ, നാം പോലീസുമുറയിൽ അന്വേഷിക്കാൻ തയ്യാറാകരുത്. മാരകരോഗങ്ങൾക്കടിമപ്പെട്ടുകഴിയുന്ന രോഗികളോട് രോഗവിവരങ്ങൾ ആരായുന്നത് ഒരിക്കലും രോഗിക്ക് ഗുണം ചെയ്യില്ല. രോഗവിവരങ്ങൾ രോഗിയുടെ കൂടെ നിൽക്കുന്നവരോടോ ബന്ധുക്കളോടോ രോഗി കേൾക്കാതെയും കാണാതെയും അന്വേഷിക്കുന്നതാണ് ഉത്തമം. നമ്മുടെ സന്ദർശനം രോഗിക്ക് ആശ്വാസം പകരുന്നതും സന്തോഷിപ്പിക്കുന്നതുമായിരിക്കണം. ഇപ്പോൾ ചികിത്സിക്കുന്ന ഡോക്ടറും ആശുപത്രിയും മോശമാണെന്നും മറ്റൊരു ആശുപത്രിയേയും ഡോക്ടറേയും രോഗിയുടെ സാന്നിധ്യത്തിൽ നിർദ്ദേശിക്കുന്നതും വിലകുറഞ്ഞ സഹതാപമായേ കണക്കാക്കാനാകൂ. ഇത് രോഗിക്ക് ഡോക്ടറേയും ആശുപത്രിയേയും വിശ്വാസക്കുറവിന്നിടയാക്കുമെന്നും തന്മൂലം രോഗമുക്തിയുടെ കാലദൈർഘ്യം കൂടുമെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. രോഗിയോട് സംസാരിക്കുമ്പോൾ അവർക്കിഷ്ടമുള്ള വിഷയത്തെക്കുറിച്ച് സംസാരിച്ചാൽ അവർക്ക് സന്തോഷമായിരിക്കും. സംസാരം കുറച്ചുമതിയെന്നുള്ള ഡോക്ടറുടെ നിർദ്ദേശമുണ്ടെങ്കിൽ രോഗിയോടു സംസാരിക്കാൻ മിനക്കെടരുത്. ഇതേപോലെ രോഗം വന്ന ഒരാൾ മരിച്ചുപോയെന്നും അതുകൊണ്ട് കൂടുതൽ ശ്രദ്ധിക്കണമെന്നുള്ള ഉപദേശം അസ്ഥാനത്താണ്.

ശുഭാപ്തിവിശ്വാസത്തോടെയുള്ള സംസാരമാണ് രോഗിക്ക് ആശ്വാസം പകരുക. അതുകൊണ്ട് രോഗീസന്ദർശനം നടത്തുന്ന വ്യക്തി സാമാന്യമര്യാദയും അച്ചടക്കം പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ സന്ദർശനം കൊണ്ട് രോഗിക്ക് പോസിറ്റീവ് എനർജി (പ്രത്യാശ) നൽകുവാൻ പര്യാപ്തമല്ലെങ്കിൽ രോഗീസന്ദർശനം ഒഴിവാക്കുന്നതാണ് അഭികാമ്യം. ●



പ്രമോദ് മഞ്ചേരി
9495607393

# തടി മുതൽ മുടിവരെ

## തടി

വയസ്സാവുമ്പോൾ തടി ഭയങ്കര ആപത്താണെന്ന് പറഞ്ഞ ഭാര്യയോട് അയാൾ പറഞ്ഞു. "അധ്വാനിച്ചുണ്ടാക്കിയ തടിയാ..... ചുരുങ്ങാൻ പാടാ......!"

രണ്ടുനാൾ കഴിഞ്ഞ് ശ്മശാനത്തിലേക്കെടുക്കുമ്പോൾ മഞ്ചം ചുമന്നവർ പറഞ്ഞു. "മെനങ്ങാത്ത തടിയാ.... ഒതുങ്ങാൻപാടാവും...!!"

## ശബ്ദം

നവദമ്പതികൾ താമസിക്കുന്ന വീടിനടുത്ത വഴിയിൽ കേട്ടത് "പുത്തനല്ലേ തുങ്ങീട്ട് ഇല്ല!!!"

വർഷങ്ങൾക്ക് ശേഷം "മൂത്ത് നരച്ചാലും നിർത്തീട്ടില്ല!!!"

## മോക്ഷം

ജന്മമോക്ഷം തേടി കോടികൾ ശബരിമല കയറി വിഴുപ്പും മാലിന്യവും വീണ് പമ്പയും പൂങ്കാവനവും മോക്ഷത്തിന്നായി കേണു. മൂക്ക് പൊത്തി വണ്ടിയിൽ കയറിയ ഒരു കുഞ്ഞയ്യപ്പൻ മാത്രം പറഞ്ഞു "നമ്മളേ ഇത്ര കഷ്ടപ്പെടുന്നു പാവം അയ്യപ്പൻ!" പിള്ള മനസ്സിൽ പണ്ടേ കള്ളമില്ലല്ലോ!!!


## മുടി

ഫ്രീക്കൻ കൊച്ചുമോൻ കഷണ്ടിമുത്തച്ഛനോട് പറഞ്ഞു: "മൊട്ടത്തല മുത്തച്ഛൻ".

മുത്തച്ഛൻ: "പോടാ മുടിയാ, ബുദ്ധി ഉള്ളിടത്ത് മുടി ഉണ്ടാവില്ല. ഗാന്ധി, നെഹ്രു..."

കൊച്ചുമോൻ: "അങ്ങനെയല്ല അവരൊക്കെ ജനത്തിന്റെ പഴി കേൾക്കും, മുടിയുള്ളവരെ പൂജിക്കും. കൃഷ്ണൻ, ക്രിസ്തു, ഇപ്പൊ രാംദേവ്"

മുത്തച്ഛൻ ഫ്ളാറ്റ്.



സുരേഷ് തെക്കീട്ടിൽ
9446330957

# പുതുമനസ്സ്

മനസ്സിൽ തട്ടിയകഥ മകനെ കാണിച്ചു. മനസ്സിലാക്കട്ടെ എന്നുദ്ദേശിച്ചുതന്നെ. ഒരു നിമിഷം ഈ കഥയൊന്നു വായിച്ചുനോക്ക്. ഭാഗ്യം അന്നെന്തോ അവൻ പതിവുപോലുള്ള തിരക്കോ ധിക്കാരമോ കാണിച്ചില്ല എന്റെ കൈയ്യിൽ നിന്നും കഥവാങ്ങി. വലിയ താൽപര്യമൊന്നുമില്ലാത്ത മട്ടിലാണെങ്കിലും വായന തുടങ്ങി. പ്രായം കൊണ്ട് ഓർമ്മശക്തി നഷ്ടപ്പെട്ടു തുടങ്ങിയ ഒരച്ഛന്റേയും യുവാവായ മകന്റേയും കഥയായിരുന്നു അത്. ഒരുകാക്കയുടെ കരച്ചിൽ കേട്ട് അതെന്തെന്നന്വേഷിക്കുന്ന അച്ഛനോട് മകൻ അത് കാക്കയുടെ കരച്ചിലാണെന്ന് പറയുന്നതും നിമിഷങ്ങൾക്കകം അക്കാര്യം മറന്നുപോകുന്ന അച്ഛൻ വീണ്ടും അതുതന്നെ ചോദിക്കുന്നതും മൂന്നാലുതവണ ഇതാവർത്തിക്കപ്പെടുമ്പോൾ മകന് ദേഷ്യം വരുന്നതുമാണ് കഥയുടെ തുടക്കം. ദേഷ്യപ്പെടുന്ന മകനോട് പണ്ട് കുട്ടിക്കാലത്ത് കാക്കയുടെ കരച്ചിൽ കേട്ട് അതെന്തെന്നന്വേഷിച്ച മകന് അത് കാക്കയുടെ കരച്ചിലാണെന്ന് അച്ഛൻ പറഞ്ഞുകൊടുത്തതും പത്തിരുപതുതവണ അതേ ചോദ്യം ആവർത്തിച്ച മകനോട് യാതോരു മടുപ്പുമില്ലാതെ ആ അച്ഛൻ വീണ്ടും വീണ്ടും പറഞ്ഞുമനസ്സിലാക്കികൊടുത്തതും അമ്മ ബോദ്ധ്യപ്പെടുത്തുമ്പോൾ സങ്കടം വന്ന മകൻ അച്ഛനെ കെട്ടിപിടിച്ച് കരയുന്നതുമാണ് കഥാന്ത്യം.

കഥ വായിച്ച എന്റെ മകൻ പ്രത്യേക ഭാവമൊന്നുമില്ലാതെ നിന്നു. കഥ എങ്ങനെയുണ്ട് എന്ന എന്റെ ചോദ്യത്തിന് തീർത്തും ലാഘവമായ അവന്റെ മറുപടി. എന്തോന്നു കഥ. വളർന്നുവരുന്ന പ്രായത്തിൽ കുട്ടിയുടെ സംശയങ്ങൾ തീർത്തുകൊടുക്കേണ്ടത് അച്ഛന്റെ ബാദ്ധ്യതയും സംശയങ്ങൾ തീർത്ത് കാര്യങ്ങൾ മനസ്സിലാക്കേണ്ടത് വളർന്നുവരുന്ന കുട്ടിയ്ക്ക് ആവശ്യവുമാണ്. അതുപോലാണോ ചാവാൻ നേരത്ത് വെറുതേ കുത്തിയിരുന്ന് ആർക്കും ഒരു ഉപകാരവുമില്ലാത്ത ചോദ്യങ്ങൾ വീണ്ടും വീണ്ടും ചോദിച്ച് മറ്റുള്ളവരെ വെറുപ്പിക്കുന്നത്. അവരുടെ വിലപിടിച്ച സമയം കൂടെ കളഞ്ഞ് വെറുതെ മെനക്കെടുത്തുന്നത്. പുസ്തകം അവിടെയിട്ട് അവൻ തിരിഞ്ഞു നടന്നു.



# മൺമറയുന്ന പ്രാചീന കലകൾ

സുകുമാരൻ നെല്ലാനിക്കാട്
9495276965

## തോറ്റംപാട്ട്

സ്തോത്രം എന്ന വാക്കിന്റെ നാടൻരൂപമാണ് തോറ്റം. ഈ കലാരൂപം ഭദ്രകാളിക്ഷേത്രങ്ങളിൽ മാത്രം നടത്തിപ്പോന്നിരുന്ന ഒരു വഴിപാടായിരുന്നു. അതാതുക്ഷേത്രങ്ങളിലെ പരദേവതമാരെ പ്രകീർത്തിച്ചുകൊണ്ടു സ്തോത്രം ചെയ്യപ്പെട്ടിരുന്നു. കേരളത്തിലെ ഭദ്രകാളിക്ഷേത്രങ്ങൾക്ക് വളരെക്കാലത്തെ പഴക്കമുള്ളതിനാൽ ഈ കലാരൂപത്തിനും അത്രതന്നെ പഴക്കമുണ്ടായിരിക്കുമെന്നനുമാനിക്കാം.

ദാരികവധമെന്ന സ്തോത്രമാണ് പ്രധാനപ്പെട്ടത്. ദാരികന്റേയും ഭദ്രകാളിയുടേയും വേഷങ്ങൾ കെട്ടി തോറ്റം പാട്ടുകൾക്കൊത്ത് അഭിനയിക്കുന്നു. കർണ്ണകി സ്തോത്രം, മണിമങ്ക സ്തോത്രം എന്നീ തോറ്റം പാട്ടുകളോടൊപ്പം ഗദ്യരീതിയിലുള്ള തോറ്റങ്ങളും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവയിൽ ചിലതാണ് കരുവൂർതോറ്റം, പാണ്ഡവർ തോറ്റം, ശാസ്താവുതോറ്റം, കുറത്തോറ്റം, ദാരികവധം തോറ്റം, കലിത്തോറ്റം എന്നിവകൾ.

പൂന്താനത്തിന്റെ പ്രസിദ്ധമായ തോറ്റമാണ് ദാരുകവധം തോറ്റം. വടക്കൻ പ്രദേശങ്ങളിലെ തോറ്റം പാട്ടുകളിൽ ഭദ്രകാളിയുടെ അവതാരകഥയെയാണ് വർണ്ണിക്കുന്നതായി കാണുന്നത്. ഈ കലാരൂപങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരുന്നത് സമുദായത്തിലെ താഴ്ന്ന വിഭാഗക്കാരായിരുന്നു. ഇതും മൺമറഞ്ഞുകഴിഞ്ഞ ഒരു കലാരൂപമാണ്. ഇതവതരിപ്പിക്കാൻ കഴിവുള്ള കലാകാരന്മാർ ഇന്നുണ്ടോ എന്നുപോലും സംശയമുണ്ട്. എന്നാൽ ചില ഗ്രാമാന്തരീക്ഷങ്ങളിൽ ഈ കലാരൂപങ്ങൾ ഇപ്പോഴുമുള്ളതായി സംസാരമുണ്ട്.

മുൻകാലങ്ങളിൽ പലതരം ബാധകളും മസൂരി മുതലായ രോഗങ്ങളേയും ഒഴിവാക്കാനായിരുന്നു ഇതുനടത്തപ്പെട്ടിരുന്നത്. ഇക്കാലത്ത് വൈദ്യശാസ്ത്രം വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടായിരിക്കാം ഈവിധ അന്ധവിശ്വാസങ്ങൾ ജനങ്ങൾ ദൂരെയെറിഞ്ഞത്. പക്ഷേ അന്ധവിശ്വാസങ്ങളോടൊപ്പം നല്ലൊരു കലാരൂപവും മൺമറഞ്ഞുപോയി. എങ്കിലും മലയാള സാഹിത്യവേദിയിൽ തോറ്റം പാട്ടുകൾ എന്നെന്നും അനുസ്മരിക്കപ്പെടുകതന്നെ ചെയ്യും.

## പുള്ളുവൻ പാട്ട് അഥവാ സർപ്പപ്പാട്ട്

പണ്ടുകാലത്ത് കേരളത്തിൽ സർപ്പാരാധന ഹൈന്ദവരുടെ ഇടയിൽ സർവ്വസാധാരണമായിരുന്നു. സർപ്പക്കാവുകൾ ഇല്ലാത്ത പഴയ തറവാടുകൾ ചുരുക്കമായിരുന്നു. ഇന്നും ചില തറവാടുകളിൽ സർപ്പക്കാവുകൾ കാണാനുണ്ട്.

നാഗത്താൻമാർക്ക് 'വെള്ളരി' കഴിക്കുക സർപ്പക്കളം വരച്ച് തുള്ളൽ നടത്തുക എന്നീ ചടങ്ങുകൾ ഇപ്പോഴും ചിലയിടങ്ങളിൽ നടത്തിവരാറുണ്ട്. നാഗവംശത്തിന്റെ പൗരാണികമായ കഥയെ ആസ്പദമാക്കി പുള്ളുവർ (പ്രത്യേക ജാതിക്കാർ) പാടുന്നു. പുള്ളവ സ്ത്രീകളുടെ പാട്ടിന് താളമിടാൻ ഉപയോഗിക്കുന്ന ഉപകരണമാണ് പുള്ളുവക്കുടം. അതുപോലെതന്നെ പാട്ടിന് ശ്രുതിയേകാൻ ഒരുതരം വീണയും ഉപയോഗിക്കുന്നു. ഈ നാടൻ വീണയ്ക്കാണ് പുള്ളുവവീണ എന്നുപറയുന്നത്. ഈ നാടൻ വീണയുടെ നാദവും പുള്ളുവക്കുടത്തിന്റെ താളവും ശ്രുതിമധുരമാണ്.

പഴയകാലത്ത് മിക്ക വീടുകളിലും കാവുകളിലും നടത്തിപ്പോന്നിരുന്ന പുള്ളുവപ്പാട്ട് ഇപ്പോൾ അപൂർവ്വം ചില വീടുകളിലേക്കും കാവുകളിലേക്കുമായി ചുരുങ്ങിയിരിക്കുന്നു. ഇതിന്റെ പിന്നിലെ സങ്കല്പമെന്തായിരുന്നാലും ഈ കലാരൂപത്തെ പരിപോഷിപ്പിക്കേണ്ടത് കലാസ്നേഹികളുടെ ചുമതലയാണ്.

## കുറത്തിയാട്ടം

ക്ഷേത്രങ്ങളിൽ നടത്തിവരുന്ന ഒരു നൃത്തവിശേഷമാണിതും. ആദികാലങ്ങളിൽ നായന്മാരായിരുന്നു ഇതു കൈകാര്യം ചെയ്തിരുന്നത്. അമ്പലമുറ്റങ്ങളിൽ നടത്തപ്പെട്ടിരുന്ന ഈ നാട്യരൂപം സാധാരണ ജനവിഭാഗങ്ങളെ വളരെയധികം രസിപ്പിച്ചിരുന്നു.

കത്തിച്ച നിലവിളക്കിന്റെ മുമ്പിൽ കുറവൻ, കുറത്തി, മുത്തിയമ്മ എന്നീ പ്രധാന കഥാപാത്രങ്ങൾ ചേർന്ന് ഈ കലാരൂപം അവതിരിപ്പിക്കുന്നു. ആണുങ്ങൾ തന്നെയാണ് സ്ത്രീവേഷമണിയുന്നത്. മൃദംഗവും കൈമണിയുമുപയോഗിച്ചുകൊണ്ട് പിൻപാട്ടുകാർ പാടുന്ന പാട്ടിനൊത്ത് കലാകാരന്മാർ നൃത്തമാടുന്നു. ആദ്യമായി ഗണപതിയേയും

സരസ്വതിയേയും സ്തുതിച്ചശേഷം കുറത്തിയാട്ടം നടത്തുന്നു. മഹാവിഷ്ണുവിന്റേയും പരമശിവന്റെയും പത്നിമാർ തമ്മിലുള്ള വാഗ്വാദങ്ങൾ നൃത്തരൂപത്തിൽ അവതരിപ്പിക്കുന്നു. പാർവ്വതി വിഷ്ണുവിനെ കണക്കിലേറെ കുറ്റും പറയുമ്പോൾ ലക്ഷ്മി ശിവനെയും കുറവില്ലാതെ പരിഹസിക്കുന്നു. അവസാനം സരസ്വതിയുടെ വേഷമിട്ട മറ്റൊരു കുറത്തി വന്ന് അവരുടെ ശണ്ഠയവസാനിപ്പിക്കുന്നു. പിന്നീട് കുറവന്റെ പുറപ്പാടാണ്. അയാൾ ഞാണിന്മേൽ പല അഭ്യാസമുറകളും കാണിക്കും. ഒടുവിൽ കുറവന്റെ അമ്മയായ മുത്തിയുടെ നൃത്തമാണ് നടക്കുന്നത്. കാഴ്ചക്കാരെ പൊട്ടിച്ചിരിപ്പിക്കുന്ന ഈ നൃത്തവിശേഷവും പാട്ടും അതീവ സുന്ദരങ്ങളാണ്.

## പാങ്കളി

ഈ കലാരൂപത്തെ പൊറാട്ടുനാടകമെന്നും പറയാറുണ്ട്. കേരളത്തിൽ പാലക്കാട്ടാണ് കൂടുതൽ പ്രചാരം സിദ്ധിച്ചിട്ടുള്ളത്. ഇതൊരു സാമൂഹ്യപ്രാധാന്യവുമുള്ള കലയാണ്. പാണസമുദായക്കാരാണ് ഇതിലെ കളിക്കാർ. ക്ഷേത്രങ്ങളുടെ മതിൽക്കെട്ടിനകത്തോ പുറത്തോ വച്ച് നടത്തുന്ന ഈ ആട്ടത്തിൽ പുരുഷന്മാർ തന്നെയാണ് സ്ത്രീവേഷമിടുന്നത്. കഥകളി മേളത്തോടുകൂടി നടത്തുന്ന ഈ നൃത്തവിശേഷം രാത്രി പത്തുനാഴികയ്ക്ക് ശേഷമാരംഭിക്കുകയും പുലർച്ചവരെ നീണ്ടുനില്ക്കുകയും ചെയ്യും. ഉയർന്ന ഒരു സ്റ്റേജിൽ തിരശ്ശീലയില്ലാതെ നടത്തുന്ന ഈ കലയിൽ സാധാരണവേഷവും സർവ്വസാധാരണമായ പ്രാദേശിക ഭാഷാശൈലിയും ഉപയോഗിക്കുന്നു. മാന്യന്മാരുടെ ചെയ്തികളെ അതിനിശിതമായ ഭാഷയിൽ പരിഹസിക്കുന്നത് കാണികളെ വളരെയധികം രസിപ്പിക്കാറുണ്ട്.

പൂക്കാരി, മണ്ണാനും മണ്ണാത്തിയും, ചെറുമനും ചെറുമിയും, കുറവനും കുറത്തിയും എന്നിങ്ങനെ പല കഥാപാത്രങ്ങളുമുണ്ടിതിൽ. പാട്ടിനിടയ്ക്ക് സംഭാഷണവും ഈ കലയുടെ പ്രത്യേകതയാണ്. കൂടാതെ കൈനോട്ടവും നാട്ടുവിശേഷം പറച്ചിലുമുണ്ട്. കുറത്തിയെ തേടിവരുന്ന കുറവന്റെ ഞാണിന്മേൽ കളിയും അവയുടെ പ്രണയകലഹവുമെല്ലാം വിനോദത്തിന് വകനൽകുന്നവയാണ്. എന്നാൽ എല്ലാരംഗങ്ങൾക്കും ജീവൻ നൽകുന്നത് പൊറാട്ടുകാരൻ എന്ന ഹാസ്യനടനാണ്. സാമൂഹ്യ പ്രശ്നങ്ങളിലേക്ക് മറ്റുള്ളവരെ നയിക്കുന്നതും ഈ കഥാപാത്രം തന്നെ. ഈ കഥാപാത്രത്തിന്റെ തലയിൽ കൂർത്ത നീളമുള്ള തൊപ്പിയണിഞ്ഞുകൊണ്ട് സർക്കസ്സിലെ വിദൂഷകനെപ്പോലെ നർമ്മഭാഷ്യങ്ങളുമായി നിലകൊള്ളുന്നു. ഇയാൾ കഥയുടെ ജീവനുമാണ്.

## കോലംവെട്ട്

സാധാരണ ഭഗവതിക്ഷേത്രങ്ങളിൽ മാത്രം നടത്തിവരാറുണ്ടായിരുന്ന ഒരു പ്രാചീന കലാരൂപമാണിത്. ഭഗവതി ദാരികനെ വധിച്ച കഥയാണിതിനടിസ്ഥാനം. ഭഗവതിയേയും ദാരികനേയും പ്രതിനിധീകരിച്ച് വേഷമണിയുന്നു. ഭഗവതി വാളുമായി ദാരികനെ വെട്ടുമ്പോൾ ദാരികൻ അത് തടുക്കുന്നു. ഭവഗതിയുടെ വെട്ടുകൊള്ളാതെ ദാരികൻ ഒഴിഞ്ഞുമാറുക മാത്രമല്ല ഭഗവതിയെ പരിഹസിക്കുക കൂടി ചെയ്യുന്നുണ്ട്. ഇതുകണ്ട് കലി കയറിയ ഭഗവതി ശൂലവുമേന്തി ദാരികനെ വധിക്കാൻ ഓടിയടുക്കുമ്പോൾ ദാരികൻ ഓടിയൊളിക്കുന്നു. ഭവഗതിയുടെ കലിയിറങ്ങി ശാന്തമാകുമ്പോൾ ദാരികൻ വീണ്ടും രംഗത്തുവരുന്നു. ഭഗവതി ദാരികന്റെ കിരീടം തട്ടിത്തെറിപ്പിച്ചുകൊണ്ട് കളിയവസാനിപ്പിക്കുന്നു. സാധാരണയായി ഈ വേഷമണിയുന്നവർ തെയ്യമ്പാടി കുറുപ്പന്മാരായിരുന്നുവെന്ന് പറയപ്പെടുന്നു.

ഈ കല വളരെയധികം പഴക്കമുള്ള ഒന്നാണ്. ഇന്ന് കേരളത്തിൽ ആർഭാടപൂർവ്വം ചിലയിടങ്ങളിൽ മാത്രം നടത്തിവരുന്നുണ്ടെങ്കിൽപോലും വേണ്ടത്ര പ്രോത്സാഹനമില്ലാതെ മൺമറഞ്ഞുകൊണ്ടിരിക്കുന്ന മറ്റൊരു കലാരൂപമാണിത്.

## കോലംതുള്ളൽ

ഉത്തരകേരളത്തിലെ തിറയാട്ടത്തോട് വളരെയധികം സാമ്യമുള്ള ഒരു കലയാണിത്. ദക്ഷിണ കേരളത്തിലായിരുന്നു ഇത് പ്രചാരത്തിലിരുന്നത്. ക്ഷേത്രങ്ങളിൽ ദേവീപ്രീതിക്കും കുടുംബങ്ങളിൽ ബാധ മാറ്റുന്നതിനും ഈ കളി നടത്തിവന്നിരുന്നു. ഗണകസമുദായക്കാരാണിത് നടത്തിവന്നിരുന്നത്. എങ്കിലും സാംബവന്മാരും ഈ കലയിൽ കൈവച്ചിട്ടുണ്ട്.

ചെങ്കല്ലും ചെഞ്ചല്യവും കരിയും ചുണ്ണാമ്പും മഞ്ഞളും മനയോലയും ചാലിച്ചുകൊണ്ടുള്ള വിവിധ വർണ്ണങ്ങളിലുണ്ടാക്കിയിട്ടുള്ള ഒരു പ്രത്യേക കൂട്ടുകൊണ്ടാണ് കവുങ്ങിൻപാളകൾ മുറിച്ചെടുത്ത് കോലംവരച്ച് വേഷക്കാർ ധരിക്കുന്നത്. ഈ കലാരൂപവും കേരളക്കരയിൽ നിന്നും പാടെ മാഞ്ഞുപോയതായിട്ടാണ് കരുതപ്പെടേണ്ടത്.

കഥ: ശ്രീപാർവ്വതിക്ക് ഗന്ധർവ്വബാധയുണ്ടായി എന്നും അതുമാറ്റാൻ യക്ഷിയുടേയും ഗന്ധർവ്വന്റേയും കോലംകെട്ടി കളമിട്ട് പൂപ്പടയിട്ട് തുള്ളൽ നടത്തിയിരുന്നുവെന്നുമാണ് ഐതിഹ്യം. കോലങ്ങൾക്ക് വട്ടക്കാത്, കോങ്കാത്, ദംഷ്ട്ര, കണ്ണ്, താലി, പട്ടം, തൊപ്പി എന്നിങ്ങനെ പലഭാഗങ്ങളുണ്ട്.

പിശാച്, കുറക്കുറ, ഭൈരവി, ദേവത, പിള്ളതീനിക്കാളി, പ്രജാമാംസയക്ഷി, കരിനാഗയക്ഷി, സുന്ദരയക്ഷി എന്നെല്ലാമുള്ള പേരുകളിൽ കോലങ്ങൾ പലതുണ്ട്. ഒരിക്കൽ ധരിക്കുന്ന കോലങ്ങൾ പിന്നീട് ഉപയോഗിക്കാറില്ല. ആ കോലങ്ങളെടുത്ത് കൃഷിത്തോട്ടങ്ങളിലും മറ്റും വയ്ക്കുകയായിരുന്നു പതിവ്. ഇതിന്റെ പിന്നിലുള്ള ഉദ്ദേശം കണ്ണുകിട്ടരുതെന്നുള്ളതാണ്. ഇപ്പോഴും ഈ വിശ്വാസം ജനങ്ങളിൽ തങ്ങിനിൽക്കുന്നുണ്ടെന്നതിന്റെ തെളിവാണ് പുതിയതായിപ്പണിയുന്ന കെട്ടിടങ്ങളിലും കൃഷിത്തോട്ടങ്ങളിലുമിതുപയോഗിക്കുന്നത്. പക്ഷെ ഇതിന്റെ പിന്നിലുള്ള സുന്ദരമായ കലാരൂപത്തെ ജനങ്ങൾ വിസ്മരിച്ചിരിക്കുന്നു.

## മുടിയേറ്റ്

ഭദ്രകാളിക്ഷേത്രങ്ങളിലെ ഒരു ചടങ്ങാണീകലാരൂപം. എങ്കിലും ചിലർ വീടുകളിൽവെച്ചും ഇത് നടത്താറുണ്ട്. അമ്പലവാസികളായ കുറുപ്പന്മാരാണ് ഇതിന്റെ അവകാശികൾ. തീയാട്ടിനേക്കാൾ വികസ്വരമായ ഒരു നാടകകലാരൂപമാണിത്. കളമെഴുത്ത്, കളംപാട്ട്, തിരിയുഴിച്ചിൽ എന്നീ ചടങ്ങുകളെല്ലാം മുടിയേറ്റിന്റെ ആരംഭത്തിലും നടത്തുന്നുണ്ട്. പൂജാരി വെള്ളം നിറച്ച കിണ്ടി തലയിലേറ്റി അത് ദേവിയാണെന്ന് സങ്കല്പിച്ച് പഞ്ചവാദ്യം, തായമ്പക, താലപ്പൊലി എന്നിവയുടെ അകമ്പടിയോടെ കളത്തിലേക്ക് വരുന്നു. പിന്നീട് പൂജാരി ദേവിയുടെ കളം പാദം തൊട്ട് ശിരസ്സുവരെ മായ്ക്കുന്നു. അവസാനമാണ് മുഖവും മുലയും മായ്ക്കുന്നത്. തുടർന്നാണ് നാടകം ആരംഭിക്കുന്നത്. ദാരികൻ, കാളി, നാരദൻ, ശിവൻ, കോയിമ്പിടാര്, വേതാളം, കൂളി എന്നീ വേഷങ്ങളാണ് നാടകത്തിൽ പങ്കെടുക്കുന്ന കഥാപാത്രങ്ങൾ.

ആദ്യം അരങ്ങുകേളിയും വാഴ്ത്തലും നടത്തുന്നു. ആ സമയം ഒരു ഭാഗത്തിരുന്ന് നടന്മാർ വേഷം ചമയുന്നു. ചെണ്ട, വീക്കൻ, എലത്താളം ഇവയാണ് മേളോപകരണങ്ങൾ. പന്തലിന്റെ മുമ്പിൽ കളിവിളക്ക് കത്തിച്ചുവയ്ക്കും. അതിനുമുമ്പിൽ നെല്ലും തേങ്ങയും വയ്ക്കാറുണ്ട്. വിളക്കിനു പിന്നിലാണ് മേളക്കാരുടെ സ്ഥാനം. പന്തലിനുള്ളിൽ മാത്രം കളിരംഗം ഒതുങ്ങിനില്ക്കാതെ ക്ഷേത്രമതില്ക്കകം മുഴുവനും ഉപയോഗിക്കുന്നു. രാത്രി മുഴുവൻ നീണ്ടുനില്ക്കുന്ന ഈ കലയും ഇന്ന് ദുർല്ലഭമായിട്ടേ ചിലയിടങ്ങളിൽ കാണാറുള്ളൂ.

## കൂത്ത് -കൂടിയാട്ടം

സംസ്കൃതനാടകങ്ങളും പ്രാചീന അഭിനയരീതികളും കൂടിചേർന്നുണ്ടായ ഒരു ദൃശ്യ കലയാണിത്. നായകനും നായികയും വിദൂഷകനും കൂടിചേർന്നതുകൊണ്ടോ മറ്റോ ആണ് കൂടിയാട്ടമെന്ന പേര് ലഭിച്ചതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

കുലശേഖരപ്പെരുമാളും ഭാസ്കര രവിവർമ്മപ്പെരുമാളും മഹാകവി നമ്പിത്തോലനും കൂടിയാണ് കൂടിയാട്ടത്തെ ചിട്ടപ്പെടുത്തിയെടുത്തത്. കഥകളിപോലെ കൈമുദ്രകൾ ഉപയോഗിക്കുന്ന ഈ കലയും ആഴവും പരപ്പുമേറിയതാണ്. ഈ കലാരൂപത്തിന് കേരളത്തിൽ സമുന്നതമായ ഒരു സ്ഥാനമുണ്ടായിരുന്നതിന്റെ തെളിവാണ് മിക്കവാറും എല്ലാക്ഷേത്രങ്ങളിലും കൂത്തമ്പലങ്ങൾ കാണുന്നത്. കേരളത്തിലെ എല്ലാ രാജാക്കന്മാരും ഒരുപോലെ ആദരിച്ച് പരിപോഷിപ്പിച്ചിരുന്ന ഒരു കലയായിരുന്നു. അക്കാലത്തെ ഭരണാധിപന്മാരും നാട്ടുകാരും നാട്യകലകൾക്ക് നൽകിവന്നിരുന്ന പ്രോത്സാഹനം സ്തുത്യർഹമാണ്.

അഭിനയത്തിന് ചാക്യാർ, കൊട്ടുവാൻ നമ്പ്യാർ, പാടുവാൻ നങ്ങ്യാർ എന്നിങ്ങനെയായിരുന്നു പതിവ്. സ്ത്രീവേഷം കെട്ടുന്നതും നങ്ങ്യാന്മാർ തന്നെ. അക്കാലത്ത് സ്ത്രീകൾ തന്നെ സ്ത്രീ വേഷം കെട്ടിയിരുന്നു എന്നുകേൾക്കുമ്പോൾ ഇന്ന് പലർക്കും അത്ഭുതം തോന്നിയേക്കാം. കേരളത്തിലെ സ്ത്രീകളുടെ കലാഭിരുചി ചൂണ്ടിക്കാണിക്കുന്ന മകുടോദാഹരണമാണിത്.

പൂജകളിൽ മന്ത്രങ്ങൾക്കും തന്ത്രങ്ങൾക്കുമുള്ള സ്ഥാനമാണ് നാട്യകലകളിൽ വാക്കുകൾക്കും ആംഗ്യങ്ങൾക്കുമുള്ളത്. അതുകൊണ്ട് നാടകാഭിനയം ദേവപൂജയാണെന്ന് പറയുന്നതിൽ തെറ്റില്ല. കാളിദാസ മഹാകവി മാളവികാഗ്നിമിത്രത്തിൽ നാട്യം ദേവന്മാർക്കുള്ള ദൃശ്യകലയാണെന്ന് വ്യക്തമാക്കിയിട്ടുള്ളത് ഇത്തരുണത്തിൽ പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. ഈ കലയെക്കുറിച്ച് വളരെയധികം എഴുതാനുണ്ടെങ്കിലും വിസ്താരഭയത്താൽ ഒഴിവാക്കുന്നു.

*അവലംബം:-*
വിശ്വവിജ്ഞാനകോശം.

## പ്രണയകാലം

**ശ്രിധിൻ ശ്രീധർ**
8086458851

വാക്കുകളില്ലിനി പ്രിയേ
നിനക്കു നൽകുവാൻ
വാക്കിന്റെ മധുരം
ചാലിച്ച പ്രണയവും
നോവിന്റെ കടലലതല്ലുന്ന മനസ്സിൽ
മൂകമാം മൗനവും
വാക്കിന്റെ വറുതിയും
പൊഴിയുന്നു മോഹവും
പഴമതൻ കുങ്കുമചെപ്പിൽ
ഞാൻ സൂക്ഷിച്ച പൊൻതാലിയും
കുങ്കുമം ചാലിച്ച സന്ധ്യയും
മൗനമാം രാവിന്റെ നിഴലിൽ
മറയുന്ന നേരത്തു
പിരിയുന്നു നാംപ്രിയേ
മണൽ ചിത്രങ്ങളായ്
കരളിന്റെ പാതിയും
പിരിയുന്നു മൗനമായ്
പൊഴിയുന്നു പ്രണയവും
കണ്ണുനീർ തുള്ളിയായ്
മൊട്ടിട്ടു വിരിയുന്നതിൻ
മുൻപേ പൊഴിയുന്നു
നാം നട്ട പ്രണയമാം
വസന്തത്തിൻ പൂക്കളും
ഒരുമാത്രയെങ്കിലും
തിരിഞ്ഞുനോക്കുവാ-
നാകുമെങ്കിൽ പ്രിയേ
നിൻ പാദമേറ്റ മണൽ കാറ്റു
ശ്വസിച്ചുകൊണ്ടീ വഴി താരയിൽ
കാത്തുനിൽപ്പുണ്ടു ഞാൻ
എന്നോ പെയ്തൊഴിഞ്ഞ മഴക്കും
കുളിരേകുവാനായില്ലെൻ മനസ്സിനെ
എരിയുന്നു മോഹവും
കനലായി മനസ്സിൽ
പൊഴിയുന്നു മോഹവും മൂകമാം
സന്ധ്യയിൽ പിരിയുന്നു നീയും
നോവായി മനസ്സിൽ
ഇനിയെനിക്കറിയാം
മടങ്ങുവാനാവില്ല
നിനക്കാപോയ കാലത്തിൻ
മധുരമാം നിമിഷത്തിലേക്ക്
ഓർമ്മയിലെവിടെയോ
കരുതിവെച്ചിട്ടുണ്ട് ഞാൻ
ആ പ്രണയദിനത്തിൽ
നീ തന്ന ചെമ്പനീർ മൊട്ടുകൾ
പ്രണയമായിരുന്നോ പ്രിയേ
നിനക്കെന്നിൽ
അതോ വെറും
മിഥ്യയാം മോഹമോ...

# ഭക്ഷ്യസുരക്ഷ

## റേഷൻ വ്യാപാരികൾ ദുരിതത്തിൽ

പി.വി.ഗോപാലൻ
8593951355

ഏതാണ്ട് പന്ത്രണ്ട് വർഷമായി ഞാനൊരു ഹൃദ്രോഗിയാണ് എന്നു മാത്രമല്ല പണ്ടത്തെപ്പോലെ എഴുതാനും സാധിക്കുന്നില്ല കൈവിറയും പിന്നെ നടക്കാനും ശേഷിയില്ല. പ്രായം എഴുപത്തെട്ട്. ഉള്ള പഴയ റേഷൻകാർഡ് എടുത്ത് റേഷൻ കടയിൽ പോയി. കട ഉടമസ്ഥൻ കസേരയിൽ ഇരിക്കുന്നു. സഹായിയായ ചെറുപ്പക്കാരൻ അതിന്റെ മുൻ വശത്തുള്ള മരത്തിന്റെ ചില്ലകളും, ഇലകളും, നോക്കി നില്ക്കുന്നു. ഇരുവർക്കും പണിയില്ല. കാരണം സർക്കാർ വിതരണം തുടങ്ങിയതിന്നു ശേഷം ഒന്നും സമയത്തു കിട്ടുന്നില്ല. ഞാൻ അദ്ദേഹത്തെ സമീപിച്ചപ്പോൾ ഒരു കസേര തന്ന് ഇരിക്കാൻ പറഞ്ഞു. വളരെ ആദരവോടെ ചായ കൊണ്ടുവരുവാൻ അദ്ദേഹത്തിന്റെ സഹായിയോടാവശ്യപ്പെട്ടുവെങ്കിലും, ഞാൻ നിരസിച്ചു. കാരണം ചായ, കാപ്പി, തുടങ്ങിയ പാനീയങ്ങളെല്ലാം ഉപേക്ഷിച്ചിട്ട് 12 വർഷത്തോളമായി.

എന്റെ പ്രധാന ആവശ്യം രണ്ടു കിലോ പച്ചരിയെങ്കിലും വാങ്ങണം എന്നായിരുന്നു. എന്നാൽ അവിടെ ഒന്നും ഇല്ല. നടക്കാൻ ശേഷികുറഞ്ഞതിനാൽ മുപ്പത് മിനുട്ട് അവിടെ ഊന്നി ഇരുന്നു. നിരവധി പേർ കാർഡുമായി വരുന്നു. അരി, ഗോതമ്പ്, മണ്ണെണ്ണ പഞ്ചസാര, വിവിധ ആവശ്യങ്ങൾക്കായി 16 മുതൽ 85 വയസ്സുവരെ പ്രായമായവർ. ചിലർ കാറിൽ, ചിലർ സ്ക്കൂട്ടറിൽ. എല്ലാവരോടും ഇല്ലെന്ന് മറുപടി അല്ലാതെ മറ്റു മാർഗ്ഗമില്ല. അതിന്നു വേണ്ടി ഉടമസ്ഥനും സഹായിയും റേഷൻ കടയിൽ ഉണ്ടായത് ഭാഗ്യം. കാർഡ് ഇനിയും എത്തിയില്ലേ എന്നു ചിലർ ചോദിക്കുന്നു. അടുത്താഴ്ച വരും എന്നദ്ദേഹം പറയുന്നു. കാർഡിലും കാർഡ് വിതരണത്തിലും പല അപാകതകളും ഉണ്ട്. ഗൾഫ് മണിയും, മണിമാളികകളും സ്വന്തമായുള്ള ചിലർക്ക് ചുവപ്പുനിറമുള്ള ബി.പി.എൽ കാർഡ് , മൺകൂരയിൽ താമസിക്കുന്ന ചിലർക്ക് നീലകാർഡും. വേറേയുമുണ്ടത്രെ രണ്ടു നിറവും, രണ്ടു തരത്തിലുമുള്ള കാർഡും.

മറ്റുള്ളവരെ പോലെ വെറും കൈയുമായി മടങ്ങേണ്ടിവന്നതിൽ എനിക്കൊട്ടും ഖേദമില്ല. വന്നവരെല്ലാം തിരിച്ചു പോകുമ്പോൾ ചുണ്ടു കടിച്ചും നാവിറക്കിയും, പിറു പിറുത്തും, സഭ്യേതരവാക്കുകൾ ഉച്ചരിച്ചു. നല്ല വാക്കിൽ എല്ലാം കരിചന്ത, ബ്ലാക്ക് ആയി വിറ്റിരിക്കും. എന്നാൽ ആ പദങ്ങൾ ഒട്ടും ശരിയല്ല എന്ന് എനിക്കു തോന്നി. ഏതാണ്ട് അറുപതു വർഷത്തിനുമുമ്പ് കർണ്ണാടക സംസ്ഥാനത്തെ ബാങ്കളൂർ സിററിയിൽ റേഷൻ കടകളുമായി എനിക്കു ബന്ധപ്പെടുവാനും അവിടുത്തെ കണക്കുകൾ പരിശോധിക്കുവാനും ഉള്ള ഒരു ജോലി കിട്ടിയിരുന്നു. അന്ന് മനസ്സിലാക്കിയത് റേഷൻ കടകളിൽ പ്രധാനമായി കണക്കുപ്രകാരം സാധനങ്ങൾ എത്തുന്നില്ല. 70 കിലോ അരി ചാക്ക് 60,62 കിലോയേ കാണൂ. 100 കിലോ ഗോതമ്പ് ചാക്കുകൾ എടുത്ത് തൂക്കി നോക്കിയപ്പോൾ ഓരോ ചാക്കിലും 80,81,82 കിലോ എന്നീ തോതിലാണ് തൂക്കം കണ്ടെത്തിയത്.

മണ്ണെണ്ണ വിതരണക്കാർ ടാങ്കിൽ നിന്ന് ലിറ്റർ പ്രകാരം 1000 ലിറ്റർ അഞ്ചു ബാരലിലായി അളക്കുന്നു. അതു ഓരോ ബാരലിലും 20, 22, ലിറ്റർ കുറവുണ്ടാവാറ് പതിവാണ്. ഇങ്ങനെ ശരാശരി പത്തുശതമാനം കുറവുവരുമ്പോൾ കട ഉടമ എങ്ങിനെ കട നിലനിർത്തുന്നു എന്ന് ഞാൻ ചിന്തിക്കാറുണ്ട്. അവർ വാങ്ങാത്ത, കിട്ടാത്ത സാധനങ്ങൾ എങ്ങിനെ കരിം ചന്തയിൽ വിൽക്കാനാകും. ഒരുപക്ഷെ പാവങ്ങളെപ്പറ്റിച്ച് അവരുടെ വിഹിതം കരിംചന്തയിൽ വിൽക്കുന്നവരുമുണ്ടാകാം. ഭക്ഷ്യസുരക്ഷ ആർക്ക്, എന്തിന്ന് എന്ന ചോദ്യം പ്രസക്തം. ഇപ്പോഴത്തെ നയത്തിൽ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഒന്നും നടപ്പിലായിട്ടില്ല എന്നതാണ് സത്യം. എനിക്കു മനസ്സിലായത് അളവ്, തൂക്കം എല്ലാം ശരിയാക്കി സത്യസന്ധമായി കൊടുക്കാൻ തുടങ്ങി എന്ന് നമ്മുടെ സർക്കാർ അവകാശപ്പെടുന്നുവെങ്കിലും, അവർക്കാർക്കും ശമ്പളമോ നിശ്ചിത കമ്മീഷനോ കിട്ടുന്നില്ല എന്നാണ് പൊതുവെയുള്ള കട നടത്തുന്നവരുടെ സങ്കടം. അതിനാൽ റേഷൻ വ്യാപാരികൾ കട പൂട്ടി സമരം ചെയ്യുന്നു, ഭക്ഷ്യക്ഷാമം പെരുകുന്നു, സാധാരണക്കാർ വലയുന്നു. പണാധിപത്യം എന്നും വിജയിക്കുന്നു.

■ കവിത

# വീണപൂവിൻ വിഷാദം

കെ.കെ. രാഘവൻ
9496135489

വീണ പൂവിന്റെ കാവ്യഭംഗിയിൽ
ഞാനലിഞ്ഞിരുന്നീടവെ
ഞാനറിഞ്ഞിടും ജീവിതം വെറും
നീർക്കുമിളപോലാണു പോൽ
എത്ര സൗരഭ്യം തൂകി നിന്നൊരു
പുഷ്പമായിരുന്നന്നു നീ
എത്ര ഭൃംഗങ്ങൾ നിന്നെ മോഹിച്ചി.
ന്നാർത്ത മോദമോടെത്തവേ
മഞ്ഞുതുള്ളിതൻലാളനമേറ്റു
കുഞ്ഞുമൊട്ടായ് പിറന്നു നീ
കാലമേറെക്കഴിഞ്ഞു നീയൊരു
സൂനമായ് വിടർന്നീടവേ
വേനലിൽ ജലമേകി ഭൂമിയും
വാടിവീഴാതെ നിർത്തിയോ !
വർഷമേഘം പൊഴിച്ച തുള്ളികൾ
നിന്നെയുന്മാദയാക്കിയോ !
മുത്തുപോലുള്ള മൊട്ടുകളെല്ലാം
പുത്തനായൊരു പൂക്കളായ്
കാറ്റിലാടിയുലഞ്ഞ ചില്ലയിൽ
വാടി വീണു നിൻ പൂവുകൾ
ക്ഷണികമായൊരു നിന്റെ ജീവിതം
മണ്ണിലേയ്ക്ക് മടങ്ങവേ
നിമിഷമേതുമേയെത്തിടാം നാശം
ക്ഷണികമാണിന്നീ ജീവിതം
ഇപ്പരമാർത്ഥമോർത്തു നിങ്ങളീ
ആഴിയിൽ നന്മ ചെയ്യുവിൻ !!



പി. എൻ. ഗംഗാലക്ഷ്മി
9447972209




**ആവശ്യമുള്ള സാധനങ്ങൾ**

| | |
|---|---|
| വെള്ളകടല | - 1 കപ്പ് |
| സവാള | - 1 |
| തക്കാളി | - 2 |
| പച്ചമുളക് | - 2 |
| ഇഞ്ചി | - 1 കഷണം |
| കാശ്മീരി മുളകുപൊടി | - 1 ടീസ്പൂൺ |
| മല്ലിപ്പൊടി | - 1 ടീസ്പൂൺ |
| മഞ്ഞൾ പൊടി | - 1/4 ടീസ്പൂൺ |
| ഗരം മസാല | - 1/2 ടീസ്പൂൺ |
| ഉപ്പ് | - ആവശ്യത്തിന് |
| മല്ലി ഇല അരിഞ്ഞത് | - കുറച്ച് |
| എണ്ണ | - ആവശ്യത്തിന് |
| കസ്കസ്, അണിപ്പരിപ്പ് | - 25 ഗ്രാം വീതം |

**തയ്യാറാക്കുന്നവിധം-**

കടല 4 മണിക്കൂർ കുതിർത്തിയ ശേഷം കുക്കറിൽ വേവിച്ചെടുക്കുക. കസ്കസും അണ്ടിപ്പരിപ്പും കുതിർത്തി അരച്ചെടുക്കുക. സവാള, ഇഞ്ചി, പച്ചമുളക് തുടങ്ങിയവ ചെറുതായി അരിഞ്ഞെടുത്ത്എണ്ണ ചൂടാക്കി ഓരോന്നായി എണ്ണയിൽ വഴറ്റി തക്കാളിയും ബാക്കി മസാലകളും ചേർത്തു നന്നായി വെന്തു തുടങ്ങുമ്പോൾ കടല ചേർക്കുക. വെള്ളം വറ്റി തുടങ്ങുമ്പോൾ അരച്ചു വെച്ച അണ്ടിപ്പരിപ്പും കസ്കസും ചേർത്ത് തിള വന്നു തുടങ്ങുമ്പോൾ മല്ലിയില വിതറി വാങ്ങുക.



# ഹതാശ

തുളസി കേരളശ്ശേരി
9526144499



കരിഞ്ഞുണങ്ങിയ
വനാന്തരങ്ങളിൽ
വെറുതെ എന്തിനോ
കരഞ്ഞ പക്ഷി നീ

ഒഴിഞ്ഞ കുന്നിന്റെ
വരണ്ട ചുണ്ടത്ത്
വെറുതെ മുത്തിയ
വിരഹ ഗായിക


ഒഴുക്ക് വറ്റിയ
പുഴതൻ നെഞ്ചത്ത്
പതുക്കെ കൊത്തിയ
പഴമനസ്സു നീ

വരില്ല വീണ്ടുമാ
നിറഞ്ഞ യൗവ്വനം,
വസന്തഗീതികൾ
മുഴങ്ങും പൂവനം!

തിരികെ പോവുക
നിനക്കിരിക്കുവാൻ
തരത്തിലുള്ളതാം
തുരുത്തു തേടുക

തിരികെ പോവുക
തരിശു തീരത്ത്
തളിർപ്പതെങ്ങനെ
തുറപ്പുകാടുകൾ...?!

■ കവിത



അജയ് ബാലചന്ദ്രൻ


# ദിനചരിത്രം

9895659050

കൺതുറന്നാൽ പിന്നെ വിശപ്പുതന്നെ,
പശിയാറിയാൽ വീണ്ടും ഉറക്കമായി.
അങ്ങിനെ പോയി കുറേദിനങ്ങൾ.

മഹത്കർമ്മങ്ങളൊന്നുമേ ചെയ്വാനില്ലെങ്കിലും,
ശ്വാനന്റെ ചിത്തമുണർന്നുതന്നെ,
അങ്ങിനെയും പോയി പലദിനങ്ങൾ.
സഫലമെന്നും വെറും വിഫലമെന്നും തോന്നി,
മനസ്സിന്റെ കളികൊണ്ടനേകം ദിനം.
സ്നേഹമാം ഈശ്വരസ്പർശത്താൽ വാടാത്ത
പൂവായ് അനുദിനം മാറിയെങ്കിൽ...

# മധുരിയ്ക്കും ഓർമ്മകൾ



ടി.ജെ.നായർ
9446630412

എന്റെ മധുരിയ്ക്കും ഓർമ്മകൾ പറയുവാനോ എഴുതുവാനോ തുടങ്ങിയാൽ ആ വിഷയത്തിന്റെ എല്ലാ നാരായവേരുകളും മദിരാശിയിലാണ്. അതെ, ഇന്നത്തെ ചെന്നൈ. ഞാൻ എന്റെ പതിനേഴാമത്തെ വയസ്സിലാണ് കേരളത്തിലെ തിരുവാലിയിൽ നിന്ന് മദ്രാസിലേക്കു വണ്ടികയറുന്നത്. വാണിയമ്പലത്തു നിന്ന് ഷൊർണ്ണൂരിലേക്ക്, അവിടെ നിന്ന് മംഗാലാപുരം- മദ്രാസ് മെയിലിൽ മദ്രാസിലേക്കും. കാരണം അന്ന് ഞങ്ങളുടെ സംസ്ഥാനം മദ്രാസ് സംസ്ഥാനമാണ്. അന്ന് അവിടെ വണ്ടിയിറങ്ങിയപ്പോൾ തമിഴരേക്കാൾ പ്രാധാന്യം മലയാളികൾക്കാണ്.

സിനിമാ സാമ്രാജ്യം മലയാളിയായ എം.ജി.രാമചന്ദ്രന്റെ കാൽക്കീഴിൽ. ഹോട്ടലുകളെല്ലാം മലയാളികളുടേത്. പോലീസിൽ എല്ലാ ഉദ്യോഗസ്ഥരും കോഴിക്കോട്- കണ്ണൂർ- തലശ്ശേരിക്കാർ. സെക്രട്ടറിയേറ്റിലെ ഒരുവിധം ഒട്ടുമുക്കാൽ IAS, IPS ഉദ്യോഗസ്ഥരും, നായർ, മേനോൻ, അയ്യർ എന്നീ ജാതിപ്പേരോടുകൂടിയവർ. മദ്രാസ് യൂണിവേഴ്സിറ്റിയുടെ തല തൊട്ടപ്പന്മാരൊക്കെ നമ്മുടെ സ്വന്തം മലയാളികൾ: ഡോ. എസ്. കെ. നായർ, ഡോ. കെ. എൻ. എഴുത്തച്ഛൻ, ഡോ. കുഞ്ഞുണ്ണിരാജ, ഡോ. ശങ്കുണ്ണിമേനോൻ മുതലായവരുടെ പേരുകൾ എഴുതുവാൻ തുടങ്ങിയാൽ അവസാനിക്കുന്നില്ല. ഇവരെല്ലാം തന്നെ സാഹിത്യകാരന്മാരും എഴുത്തുകാരുമായിരുന്നു. പിന്നെ പത്രപ്രവർത്തനത്തിന്റെ കാര്യം പറയുവാൻ തുടങ്ങിയാൽ അതും ഒരു കൊച്ചുമലയാളസാമ്രാജ്യം. എം. ഗോവിന്ദന്റെ സമക്ഷെ; ഡോ. കെ. എം. ജോർജിന്റെ ലോകവാണി; അപ്പുക്കുട്ടി ഗുപ്തന്റെ ജയകേരളം, പിന്നെ ഒരു വീക്ഷണം. അന്നൊക്കെ പത്രമാസികകളുടെ പേരിൽ ഒരു 'ക്ഷ' ചേർക്കുന്നത് പതിവായിരുന്നു. ഉന്നതകുല ജാതരായിരുന്ന നമ്പൂതിരിമാരുടെ ഏറെ ഇഷ്ടപ്പെട്ട വാക്കിൽ ഒരു 'ക്ഷ' ഉണ്ടായിരിക്കും എന്ന് അന്നത്തെ നാലാൾ കൂടുന്നിടത്തെ ഒരു ഫലിതമായിരുന്നു- ഇന്നത്തെ ഫലിത ബിന്ദുക്കൾ പോലെ.

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടു പോയതിന്റെ ഒരു ബാക്കി പത്രമായിരുന്നു 1957 ലെ ഞാനെത്തിയ മദ്രാസ്. 'ക്ലീൻ ആന്റ് പേൾ', 'വെയിൽ ആന്റ് സൺസ്;' 'വാമൻ ബ്രദേഴ്സ്' എന്നിയവയാണ് അന്നത്തെ പ്രധാന ഫോട്ടോ സ്റ്റുഡിയോകൾ. കേരളത്തിൽ കുഞ്ചാക്കോവിന്റെ ഉദയയും, സുബ്രഹ്മണ്യ സ്വാമിയുടെ മേരിലാന്റും പോലെ മദ്രാസിലെ മിക്ക സ്റ്റുഡിയോകളും റെഡ്ഢിമാരുടേയും, ചെട്ടിമാരുടേയും ആയിരുന്നു. നാഗറെഡ്ഢിയുടെ വാഹിനി, മെയ്യപ്പ ചെട്ടിയാരുടെ വിജയ എന്നിവയെല്ലാം അവരിൽ ചിലരുടേതു മാത്രം. മലയാളം സിനിമാ നിർമ്മാതാക്കളും, നടീനടന്മാരും, ഗാനരചയിതാക്കളും മദ്രാസിൽ സ്ഥിരതാമസക്കാരായിരുന്നു. ജയമാരുതി വാസുദേവൻ നായർ, ചന്ദ്രതാരാ പരീകുട്ടിമുതലാളി, ഗാനരചയിതാവ് പി.ഭാസ്കരൻ, നടീനടന്മാരുടെ പലരുടേയും ആദ്യകാലവാസം സ്വാമീസ് ലോഡ്ജായിരുന്നു. എസ്സ്. പി. പിള്ള, അടൂർ ഭാസി, സത്യൻ, നസീർ, മിസ്കുമാരി എന്നിങ്ങനെ പലരേയും ഞാൻ അവിടെ വെച്ചു കണ്ടിട്ടുണ്ട്, മലയാളി സ്വാമിയുടെ സ്വാമീസ് ലോഡ്ജിൽ. ചെമ്മീൻ എന്ന സിനിമയുടെ നിർമ്മാണ കേന്ദ്രവും, രാമുകാര്യാട്ടിന്റെ താമസവും റോയപ്പേട്ടയിലെ വുഡ്ലാന്റ്സ് ഹോട്ടലിലായിരുന്നു. ഇതേപേരിൽ മൈലാപ്പൂരിലും ഒരു ഹോട്ടൽ ഉണ്ട്. പ്രശസ്തമായ സസ്യാഹാര കേന്ദ്രം. അജന്താ ഹോട്ടലും സിനിമാക്കാരുടെ ഒരു കേന്ദ്രമായിരുന്നു. പൊൻകുന്നം വർക്കിയ്ക്കും, തിക്കുറിശ്ശി സുകുമാരൻനായർക്കും ഏറെ ഇഷ്ടപ്പെട്ട വാസസ്ഥലം. ഏറെ പ്രശസ്തമായ ഒരു സിനിമാഗാനം വന്നാൽ അതിനൊരു പേരഡിയെഴുതണമെങ്കിൽ തിക്കുറിശ്ശി സാറു തന്നെ വേണം. അന്ന്- 'അഞ്ജന കണ്ണെഴുതി ആലില താലി ചാർത്തി' എന്നാരംഭിക്കുന്ന സിനിമാഗാനം ഏവരും ചുണ്ടുകളിൽ പഞ്ചാര പായസം പോലെ നുണഞ്ഞ് ഓമനിച്ചു പാടി നടക്കുന്ന ഒരു കാലഘട്ടമായിരുന്നു അന്ന്. അന്ന് ആ ഗാനത്തിന് തിക്കുറിശ്ശി സാർ എഴുതിയ ഏതാനും പേരഡി വരികൾ സിനിലോകത്തിനു മാത്രം അറിയാവുന്ന ഒരു പരമരഹസ്യമായിരുന്നു. ഇന്നും ഞാൻ ഓർക്കുന്ന ആ ചില വരികൾ ഇങ്ങിനെ: 'കാലുരണ്ടും നീട്ടി വെച്ച്.......... രണ്ടും കെട്ടഴിച്ച്........ അറിഞ്ഞൊന്നു....... വാനായി ഞാൻ കാത്തിരുന്നു... ഞാൻ കാത്തിരുന്നു...' എന്നു തുടങ്ങിയ ആ വരികൾ. സെൻസറിങ്ങിനെ ഭയന്നു ഞാൻ ഏതാനും ചില വാക്കുകൾ എഴുതാതെ 'ഡോട്ടി' ടേണ്ടിവന്നതിൽ ക്ഷമിക്കുക.

അക്കാലം മദിരാശിയിലെ ഒരു സുവർണ്ണകാലമായിരുന്നു മലയാളികൾക്ക്. തിരുവാലിയിൽ- 'കുട്ടിക്കമ്മളേ, കുട്ടി തമ്പുരാ' എന്ന് സംബോധനകൾ കേട്ടു വളർന്ന എനിക്ക് അവിടത്തെ 'എടാ, വാടാ, പോങ്കോ, കോമണാണ്ടി' എന്നീ സംബോധനകൾ തികച്ചും അരോചകമായിരുന്നു.

പിന്നീട് കാലം മാറി. കോൺഗ്രസും, കാമരാജരും, മറ്റും തോറ്റപ്പോൾ ഡി.എം.കെയും, പിന്നീട് എ.ഡി.എം.കെ.യും കോട്ടയിൽ കയറി ഭരണം തുടങ്ങി. ഭാഷാപ്രിയരായിരുന്ന അവർ റോഡിന്റെ പേരിന്റെ വാലുകൾ പോലും വെട്ടി മുറിച്ചു. അയ്യർ, റാവു, റെഡ്ഢി, മുതലിയാർ, നായർ എന്നിങ്ങനെ റോഡിന്റേയും, തെരുവിന്റേയും പേരിലെ ജാതി പേരുകൾ വെട്ടി മാറ്റി. ഉദാ: ലിങ്കചെട്ടി- ലിങ്കിയായി. ഡോക്ടർ നായർ റോഡ്- വെറും ഡോക്ടർ റോഡായി- മാമ്പലത്തെ-വാണിമഹാളിന്നു സമീപം ഇന്നും ഈ റോഡും പേരും

കാണാം.

പിന്നെ മദിരാശിയിലെ അന്നേത്തേയും ഇന്നത്തേയും ഒരു ഭാഗ്യം-ചെയ്ത തെറ്റുകൾക്കെല്ലാം പൊറുക്കാനും മാപ്പപേക്ഷിയ്ക്കുവാനുമായി തിരിക്കുന്നേടത്തും, നോക്കുന്നേടത്തുമെല്ലാം ഒട്ടേറെ ക്ഷേത്രങ്ങളാണ്. അവിടേയും ജാതി മതഭേദമില്ല. പാരീസിലെ സെന്റ് അന്റണീസ് ചർച്ച്- മൗണ്ട് റോഡിലെ ആയിരം വിളക്ക് പള്ളി, തിരുവല്ലിക്കേണിയിലെ പാർത്ഥസാരഥി കോവിൽ, മൈലാപ്പൂരിലെ കപാലീശ്വരൻ കോവിൽ, മഹാബലിപുരം പോകും വഴിയിലെ ശനീശ്വരൻ കോവിൽ എന്നിങ്ങനെ എഴുതിയാൽ തീരാത്ത എത്രയോ ക്ഷേത്രങ്ങൾ!

അന്ന് മദ്രാസ് ഒരു സിനിമാ നഗരം മാത്രമല്ല- ഒരു ക്ഷേത്രനഗരി കൂടിയാണ്. ഇന്നും മാറ്റമില്ല. അന്നു നിരീശ്വരവാദികളായ രാഷ്ട്രീയ നേതാക്കൾ പോലും ഇന്ന് സൂര്യോദയത്തിനുമുമ്പുതന്നെ ക്ഷേത്രാങ്കണത്തിൽ എത്തിയിരിക്കും. ഒരു പക്ഷെ അതായിരിക്കാം ചെന്നൈയുടെ മാത്രമല്ല- തമിഴ്നാട്ടിന്റെ ആകമാനവും അവിടെ ഉപജീവന മാർഗ്ഗത്തിനായി എത്തിച്ചേരുന്ന മലയാളികളുടേയും ഭാഗ്യം.

■കഥ

# ലഹരി

**ടി. കെ. ഉണ്ണികൃഷ്ണൻ**
**0491 2578098**

ഉറക്കഗുളികയുടെ ലഹരിയിൽ മയങ്ങിക്കിടക്കാനെ കഴിഞ്ഞുള്ളു. ഉറക്കം കിട്ടിയിട്ട് ദിവസങ്ങളായി. ആശുപത്രിയിലെ അന്തരീക്ഷം വെറുപ്പുളവാക്കുന്നതായിരുന്നു. കിടക്കുന്നതും എഴുന്നേൽക്കുന്നതും നേഴ്സിന്റെ സഹായത്തോടെയാണ്.

ഇത് രണ്ടാമത്തെ അറ്റാക്കാണ്. മൂന്നു ബ്ലോക്കുകൾ ഉണ്ടത്രെ. ബൈപാസ് സർജറി നടത്താനുള്ള ആരോഗ്യമില്ലെന്ന് ഡോക്ടർ പറയുന്നു. മരുന്നുകൾകൊണ്ട് പോകുന്നത്ര പോകട്ടെ. ആ അഭിപ്രായത്തോട് ബന്ധുക്കൾ യോജിച്ചു. കാണാൻ ബന്ധുക്കളും സുഹൃത്തുക്കളും നാട്ടുകാരും വന്നുംപോയുമിരുന്നു. അവരിൽ പലരും മുറുമുറുക്കുന്നതുകേട്ടു. "എപ്പോഴും ലഹരിയിൽ അല്ലായിരുന്നോ."

ശരിയാണ് താൻ എന്നും ലഹരിയിലായിരുന്നു. പക്ഷെ ലഹരിയെ അന്വേഷിച്ചുപോയിട്ടില്ല. ലഹരി പിറകെ വന്നു വിളിക്കുകയായിരുന്നു. അല്ലെങ്കിലും ജീവിതം തന്നെ ഒരു ലഹരിയല്ലെ?

പിറന്നപ്പോൾ അമ്മ മുലയൂട്ടി. ആ പാലിന്റെ ലഹരിയിലാണ് കാലുകൾ അനക്കിയതും കൈകൾ ഇളക്കിയതും. കമിഴുമ്പോഴും പിച്ചവച്ചു നടക്കുമ്പോഴും പലവട്ടം വീണു. മുലപ്പാലിന്റെ ലഹരിയായിരുന്നോ അത്. ഏതായാലും ആ ലഹരി നീണ്ടുനിന്നില്ല. മകന്റെ ലഹരിയുടെ ആർത്തികാരണമായിരുന്നോ അമ്മയുടെ മരണം. അതാവില്ല. നാട്ടുകാർ പറയുന്നത് ക്യാൻസറായിരുന്നു എന്നാണ്.

പൂജാരിയായിരുന്ന അച്ഛന്റെ കൂടെ അമ്പലത്തിൽപ്പോയി. അവിടെ നിന്നുകിട്ടുന്ന ഒണങ്ങലരിച്ചോറും പായസവും വയറുനിറയാൻ മതിയായിരുന്നു. അമ്പലത്തിണ്ണയിൽ കിടക്കുമ്പോൾ അച്ഛൻ ചൊല്ലാറുള്ള കീർത്തനങ്ങൾ ഉച്ചത്തിൽ പാടി. അതു കേൾക്കാൻ ഓടിവന്ന പലരും പറയും. "അവന്ന് പായസ്സമടിച്ച ലഹരിയാണ്."

അച്ഛൻ രണ്ടാംവേളി കഴിച്ചപ്പോൾ ഇളയമ്മയെ അമ്മയായി കാണാൻ മനസ്സ് സമ്മതിച്ചില്ല. വീട്ടിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ അടുത്തുള്ള ഭാഗവതരുടെ അവിടെ സംഗീതം പഠിക്കാൻ പോയി. പിന്നെ അതായി ലഹരി. രാവുപകൽ സംഗീതമയമായി.

ഗുരുനാഥനോടൊപ്പം നാടുചുറ്റി. സംഗീതകച്ചേരികളിൽ നിറഞ്ഞുനിന്നു. അതിന്നിടയിൽ അച്ഛൻ മരിച്ചതും ഇളയമ്മ ആനക്കാരനുമായി നാടുവിട്ടതും നാട്ടുകാരിൽ നിന്നറിഞ്ഞു.

ഗുരുനാഥന്റെ മരണശേഷം സ്വന്തമായി കച്ചേരി നടത്തി. കച്ചേരികൾ കഴിഞ്ഞാൽ പണമെണ്ണി വാങ്ങുന്ന സുഹൃത്തുക്കൾ മദ്യക്കുപ്പികൾ നിരത്തി. സംഗീതത്തിന്റെയും മദ്യത്തിന്റെയും ലഹരിയിൽ ജീവിതം ഉത്സവമായി. ബന്ധുക്കളും സുഹൃത്തുക്കളും സ്നേഹംകൊണ്ട് ശ്വാസം മുട്ടിച്ചു.

ആ കാലത്താണ് പ്രണയത്തിന്റെ ലഹരി കയറിയത്. ഒരു കച്ചേരിയിൽ വച്ചായിരുന്നു അവളെ കണ്ടത്. മധുരമായ സ്വരത്തിൽ തുറന്ന ശബ്ദത്തിൽ അവൾ പാടിയപ്പോൾ ആ ലഹരിയിലും അകത്തുള്ള മദ്യത്തിന്റെ ലഹരിയിലും പരിസരം മറന്നു. ആയിരക്കണക്കിനു ജനത്തിന്റെ മുന്നിൽ സ്റ്റേജിൽ കയറി അവളെ കെട്ടിപ്പിടിച്ച് ഉമ്മവച്ചു. പ്രണയത്തിന്റെ ആദ്യ ലഹരി. പ്രണയത്തിന്റെ അവസാന ലഹരി.

ആളുകൾ വന്ന് തന്നെ പിടിച്ച് മാറ്റുമ്പോൾ ഒരാളുടെ മർദ്ദനം മൂക്കിൽ നിന്ന് രക്തം ചീറ്റിച്ചു. ബോധംകെടുന്നതിനു മുമ്പ് അയാളുടെ ശബ്ദം മനസ്സിൽ കയറിനിന്നു. 'എന്റെ ഭാര്യയെ അപമാനിച്ച ഇവനെ ഞാൻ വിടില്ല.'

വാർത്തകൾ പത്രത്തിലും കോടതിയിലും എത്തിയപ്പോഴാണ് ആദ്യത്തെ അറ്റാക്ക് വന്നത്. പറ്റിയ തെറ്റ് ലഹരിയിലായതിനാൽ ശിക്ഷ കുറഞ്ഞു. ശിക്ഷ കഴിഞ്ഞ് ജയിലിൽ നിന്നു വന്നപ്പോഴാണ് അറിഞ്ഞത് അപമാനം സഹിക്കാൻ പറ്റാതെ അവൾ ആത്മഹത്യ ചെയ്തു എന്ന്. നാട്ടുകാർ നെയ്തെടുത്ത കെട്ടുകഥകൾ അവരുടെ വിവാഹജീവിതം അവസാനിപ്പിച്ചുവത്രെ.

അത് അറിഞ്ഞതോടെയാണ് ഈ അറ്റാക്ക്. കുറ്റബോധം മനസ്സിൽ നിന്ന് മായുന്നില്ല. എല്ലാ തെറ്റുകളും ലഹരിയിൽ ഒതുക്കുമ്പോഴും ചേരയുടെ വായയിൽ പകുതിയമർന്ന തവള പാറ്റയെത്തിന്നാൻ നാവു നീട്ടുമ്പോലെ ഞാനയാളെയും കാത്തുകിടന്നു. ആശുപത്രിയിൽ ആരുമറിയാതെ രോഗികൾക്ക് ലഹരിസാധനങ്ങൾ വിൽക്കുന്ന രാമനെ.

# അമ്മ

**സൗമിനി അലക്സാണ്ടർ**
**ഓതറ, 9496871803**

പത്തു മാസം ചുമന്നെന്നേ വളർത്തിയ
പത്തര മാററുള്ള തങ്കമേ നീ
പത്തും പലതുമില്ലെന്നു പറഞ്ഞിട്ട്
പട്ടിണികൂടാതെ പോറ്റിയില്ലേ.

വാരിത്തരുന്നൊരു ഉരുളയിലൊക്കെയും
വാരിധിപോലുള്ള സ്നേഹമുണ്ട്
വാരിപ്പുണരുന്ന ചുംബനങ്ങൾക്കൊക്കെ
വാർമഴവില്ലിന്റെ വർണ്ണമുണ്ട്.

താരാട്ടു പാടിയുറക്കിയ നേരത്ത്
താളം പിടിച്ചൊരാ കൈകളിന്ന്
താളം നിലച്ചൊരു തന്ത്രികൾ പോലഹോ
താനേ ചലിക്കുവാൻ വെമ്പിടുന്നു.

ഉണ്ണിക്കഥകൾ പറഞ്ഞു രസിപ്പിച്ച്
ഉണ്ണിക്കുടവയർ നീ നിറച്ചു
ഉണ്ണാതുറങ്ങാതെ നീയിരുന്നപ്പോഴും
ഉണ്ണിയേ ഊട്ടിയുറക്കിയില്ലേ.

പിച്ചവെയ്ക്കും നേരം പിഞ്ചിളം കാലുകൾ
വേച്ചുപോകാതെ നീ കാത്തതല്ലേ
കുഞ്ഞിളം കൈകളിൽ സൂക്ഷിച്ച മാമ്പഴം
കാക്കകൊത്താതെ നീ നോക്കിയില്ലേ

ആദ്യമായ് ചൊല്ലിയോരെൻ വാക്കിനിപ്പോഴും
ആലിപ്പഴത്തിന്റെ നേർമ്മയുണ്ട്
ആരും അറിയാതെ എൻകാതിൽ ചൊല്ലിനീ
അമ്മ തൻ മുത്തല്ലേ നീയുറങ്ങ്.

അമ്മയെന്നുള്ളോരു രണ്ടക്ഷരത്തിന്റെ
അർത്ഥം പറയുവാൻ ആർക്കറിയാം
അമ്മയായീടണം അർത്ഥം അറിയുവാൻ
അമ്മടിത്തട്ടിലുറങ്ങിയ നാം.

**ഏക തത്ത്വയിലേയ്ക്ക്**
**മികവുറ്റ സൃഷ്ടികൾ**
**അയച്ചുതരിക.**

**വരിസംഖ്യ എടുത്തും**
**വരിസംഖ്യ യഥാസമയം**
**പുതുക്കിയും**
**സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

# ചില മഴവിചാരങ്ങൾ

■ കവിത



**സതീഷ് തപസ്യ**
**8129235779**

**മഴ**
ഒരു പുസ്തകം
ഓരോ പുനർവായനയിലും
അത്
നവ്യതയുടെ ആകാശം
സമ്മാനിക്കുന്നു.

**മഴ**
കാടുകളെ
പ്രണയിക്കുന്നു.
ഓരോ വിത്തിനേയും
മുളപ്പിച്ചു കൊണ്ടേയിരിക്കുന്നു.

**മഴ**
മേഘങ്ങൾക്കിടയിൽ മാത്രമല്ല
അമ്മമാരുടെ
മുലകൾക്കുള്ളിലും
ഒളിച്ചിരിക്കുന്നു.
കുഞ്ഞുങ്ങളുടെ
നാവിലേക്ക്
പെയ്തിറങ്ങാനുള്ള
ആഹ്ലാദത്തോടെ

**മഴ**
കാറ്റിന് പറഞ്ഞുകൊടുക്കുന്നു
പുനർജന്മത്തിന്റെ കഥ
കഥകേൾക്കുന്ന നേരത്ത്
കാറ്റ് കാണുന്നു
മഴ കടലായും
കടൽ മഴയായും
പുനർജനിക്കുന്നത്.

**മഴ**
മുതിർന്നവരെ
പെട്ടെന്ന് കുട്ടികളാക്കുന്നു.
ശംഖുപുഷ്പവും
നന്ത്യാർവട്ടവും
പൂക്കുന്നതൊടിയിലേക്ക്
കൂട്ടിക്കൊണ്ടുപോവുന്നു.
മാമ്പഴങ്ങൾ പൊഴിച്ചിട്ട്
മാവിന്റെ ചുവട്ടിലേക്ക്
മാടിവിളിക്കുന്നു.
നനയിച്ച് നനയിച്ച്
കുട്ടികൾക്കൊപ്പം തുള്ളിച്ചാടുന്നു.
മഴ കുട്ടികളെ മാത്രം
ഇഷ്ടപ്പെടുന്നു
കുട്ടികളെ മാത്രം
കൂട്ടുകാരായി തിരഞ്ഞെടുക്കുന്നു.


**മഴ**
പ്രണയിക്കുന്നവർക്ക്
ഉണർവ്വും
ഉന്മാദവും
ഉത്സവവുമാകുന്നു,
ശരീരങ്ങളുടെ
പൂക്കാലവും.

**മഴ**
ഒരു പാതയാണ്
ഇരുട്ടിൽ നിന്നും
വെളിച്ചത്തിലേയ്ക്ക് നടക്കുന്ന
ഉടലുകളുടെ പാത.

**മഴ**
പറവകളാണ്
ആകാശം പറത്തിവിടുന്ന
പറവകൾ
അവ താഴേയ്ക്ക് പറന്ന് വന്ന്
ഭൂമിക്കുള്ളിൽ
കൂടുകൂട്ടുന്നു.

**മഴ**
ഒരു കാവ്യം
ഒരിക്കലും
വായിച്ചുതീർക്കാനാവാത്ത
മഹാകാവ്യം.

**മഴ**
വചനമാണ്
എല്ലാ മാലിന്യങ്ങളേയും
അത് കഴുകിക്കളയുന്നു.





# സങ്കല്പ ശക്തി വിധിയെ തോൽപ്പിക്കും

സത്യൻ താന്നിപ്പുഴ
0484 2462084

ഷൺമുഖൻ ഒരു കമ്പനി ത്തൊഴിലാളിയാണ്. അയാൾ കഥകളും ലേഖനങ്ങളും പത്രമാധ്യമങ്ങളിൽ എഴുതാറുണ്ട്. അയാളുടെ സാഹിത്യസൃഷ്ടികൾ പത്രമാസികകളിൽ പ്രസിദ്ധീകരിച്ചുവരുമ്പോൾ സഹപ്രവർത്തകരെ കൊണ്ടുപോയി കാണിക്കാറുണ്ട്.

സഹപ്രവർത്തകർ ആരും അയാളെ പ്രോത്സാഹിപ്പിക്കാറില്ല. കളിയാക്കാറാണ് പതിവ്. നീ എന്തെഴുത്തുകാരനാടാ എന്നു ചോദിക്കാറുണ്ട്. സുഹൃത്തുക്കളുടെ കളയാക്കലുകൾ കേട്ട് ഷൺമുഖൻ തളരാറില്ല.

അയാൾ പറയും: "നിങ്ങൾ നോക്കിക്കോ ഞാൻ റിട്ടയർ ചെയ്തുപോകുമ്പോൾ നിങ്ങളുടെ മുൻപിൽ എന്റെ ഒരു നോവൽ പ്രസിദ്ധീകരിച്ച് അതിന്റെ കോപ്പി നിങ്ങൾക്കെല്ലാവർക്കും തരും. അതിൽ എന്നെ ഇപ്പോൾ കളിയാക്കുന്നവർ കഥാപാത്രങ്ങളായിരിക്കും. നോക്കിക്കോ?

ഷൺമുഖന്റെ വെല്ലുവിളി കേട്ടപ്പോൾ സുഹൃത്തുക്കൾ പരിഹസിച്ചു. "അതിന് വേറെ ആളുവേണം നീ വിചാരിച്ചാൽ നടക്കില്ല."

ഹസ്തരേഖ അറിയാവുന്ന ഒരു സുഹൃത്ത് ഷൺമുഖന്റെ കൈനോക്കി പറഞ്ഞു: "നിനക്ക് സാഹിത്യകാരനാകാനുള്ള യോഗമില്ല. സാഹിത്യകാരന്മാർക്ക് സൂര്യമണ്ഡലത്തിൽ കീർത്തിരേഖ ഉണ്ടായിരിക്കും. നിനക്ക് ആ രേഖയില്ല. പിന്നെ എങ്ങനെ നീ എഴുത്തുകാരനാകും? നിനക്ക് ചായക്കടയിലെ കണക്കെഴുത്തുകാരനാകാൻ കഴിയും."

ഷൺമുഖന്റെ അച്ഛന് ചായക്കടയുണ്ട്. അവിടെ കണക്കെഴുത്തുകാരനാകും എന്നാണ് സുഹൃത്ത് സൂചിപ്പിച്ചത്.

സുഹൃത്തിന്റെ കളിയാക്കൽ കേട്ടപ്പോൾ ഷൺമുഖൻ പറഞ്ഞു: "കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കണ്ടല്ലോ. ഞാൻ നോവലിന്റെ രചനയിലാണ്. ആ നോവൽ നിങ്ങൾക്ക് സമ്മാനമായി എന്റെ യാത്രയയപ്പിന്റെ അന്ന് തരും. അന്ന് തന്നില്ലെങ്കിൽ അന്ന് ചോദിച്ചോ?"

ആത്മവിശ്വാസം തന്നെയാണ് വിജയത്തിന് ആധാരം. ഷൺമുഖൻ ആത്മാർത്ഥമായി എഴുത്തുകാരനാകാൻ ആഗ്രഹിച്ചു. അതിനുവേണ്ടി പരിശ്രമിച്ചു. ലക്ഷ്യത്തിലെത്തി യാത്രയയപ്പിന്റെ ദിവസം നോവലിന്റെ കോപ്പി എല്ലാവർക്കും കൊടുത്തു. നോവൽ കൈയിൽ കിട്ടിയപ്പോൾ കളിയാക്കിയ സുഹൃത്തുക്കൾ അഭിനന്ദിച്ചു.

ഇന്ന് ഷൺമുഖൻ പ്രസിദ്ധനായ സാഹിത്യകാരനാണ്. നാല്പത്തിയൊന്ന് കൃതികളുടെ ഗ്രന്ഥകാരനാണ്. നിരവധി അവാർഡുകളും കരസ്ഥമാക്കി.

വിധിയെ തോൽപ്പിക്കുവാനുള്ള കഴിവ് സങ്കല്പശക്തിക്കുണ്ട്. എനിക്കൊരു സാഹിത്യകാരനാകാൻ കഴിയും, ഞാൻ ഒരു സാഹിത്യകാരനാകും എന്ന സങ്കല്പശക്തിയുണ്ടെങ്കിൽ അതിന് സാധിക്കും. ഒരാളെ വയ്യാതാക്കുന്നത് ശരീരമല്ല, മനസ്സാണ്. ഞാൻ വിചാരിച്ചാൽ സാധിക്കില്ല എന്ന് ചിന്തിക്കരുത്. ഞാൻ വിചാരിച്ചാൽ സാധിക്കും എന്നു വേണം ചിന്തിക്കാൻ. പോസിറ്റീവ് ചിന്ത വേണം. പ്രാണായാമവും മെഡിറ്റേഷനും ചെയ്ത് ഊർജ്ജം വർദ്ധിപ്പിക്കുക. മനസ്സിൽ നല്ല ചിന്തകൾ മാത്രം നിറക്കുക. അപകർഷതാബോധം ഉണ്ടാകരുത്. ലക്ഷ്യത്തിലെത്താൻ വേണ്ട വഴികൾ ഈശ്വരൻ തുറന്നുതരും.

ഭഗവത്ഗീത വന്ദനശ്ലോകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

*മൂകം, കരോതി, വാചാലം*
*പംഗും ലംഘയതേ ഗിരീം*
*യത് കൃപാ തമഹംവന്ദേ*
*പരമാനന്ദ മാധവം.*

മൂകന് വാചാലനാകാൻ കഴിവുപകർന്നു കൊടുക്കുന്നു, മുടന്തന് പർവതശൃംഗം കയറാനും. ഭഗവാന്റെ കൃപാകടാക്ഷമുണ്ടെങ്കിൽ എന്താണു സാധിക്കാത്തത്?

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# കുടിശ്ശിക



പ്രസന്നൻ ചമ്പക്കര
9562074849

രണ്ടായിരത്തിപ്പതിനാറ് മെച്ചമായിരുന്നുവെന്ന് കരുതാനാവുന്നില്ല തെക്കെവീട്ടിൽ സാറിന്. തടിച്ച കണക്ക് ബുക്ക് നൂർത്തിവെച്ച് പലതവണ ദീർഘമായി നിശ്വസിച്ചു തെക്കെവീട്ടിൽ സാറ്. വിയർപ്പിൽ നെറ്റിയും നെഞ്ചും നനഞ്ഞപ്പോൾ മുഷിഞ്ഞ ഉടുമുണ്ടിന്റെ തുമ്പുകൊണ്ട് അമർത്തിത്തുടച്ചു.

"പെൻസിലാ, പറഞ്ഞിട്ടെന്താ... ഒരക്കമൊന്ന് എഴുതാൻ ഉപകരിക്കണ്ടെ.. ഇന്നിത് മൂന്നാമത്തെ വെട്ടാ... കടലാസ്സേൽ തൊട്ടെങ്കിൽ അപ്പഴേ മുനയൊടിയും... ഛെ." ദേഷ്യം വരുന്നുണ്ട് തെക്കെവീട്ടിൽ സാറിന്. വീടിന്റെ പൂമുഖത്തുനിന്നും ബ്ലെയ്ഡും പെൻസിലുമായി മുറ്റത്തേക്കിറങ്ങുമ്പോഴാണ് സാർ ശബ്ദമുയർത്തിയത്.

"എന്തൊരു കെട്ടകാലമാണൊ.. എന്റെയൊക്കെ ചെറുപ്പത്തിൽ ഒരു പെൻസിൽ വാങ്ങിയാൽ അതുമതി ഒന്നു രണ്ടു വർഷത്തേക്ക്... എഴുതാം... ഇപ്പോഴെന്താ?... വെട്ടിവെട്ടിക്കളയാമെന്ന് മാത്രം. ഒരക്ഷരമെഴുതാനോ രണ്ടക്കം കൂട്ടാനോ ഒരുങ്ങിയാൽ നടപ്പിലാവില്ല... കുറേശ്ശെയിങ്ങനെ വെട്ടിക്കളയാം."

"ഒള്ളതു തന്നാണെ.. ഈ വന്നകാലത്ത് പിള്ളാര് എഴുതിക്കൂട്ടി പഠിക്കുകയല്ലാല്ലൊ... തോണ്ടിപ്പഠിക്കുകയല്ലയൊ... അല്ലാങ്കില് കുത്തീം വെട്ടീം പഠിക്കും. അപ്പൊപ്പിന്നെ..." തെക്കെവീട്ടിൽസാറിന്റെ ഭാര്യ തങ്കമണിയമ്മടീച്ചർ അങ്ങനെ പറഞ്ഞ് അർദ്ധോക്തിയിൽ നിർത്തി. ഹൈസ്കൂൾ അദ്ധ്യാപികയായിരുന്നു തങ്കമണിയമ്മടീച്ചർ. പെൻഷൻ വാങ്ങാൻ തുടങ്ങിയിട്ട് പതിനഞ്ചുവർഷമായി. ഭർത്താവിന്റെ അഭിപ്രായം എന്തുതന്നെയായിരുന്നാലും അതിനോടുയോജിച്ചേ ഇക്കാലമത്രയും നിന്നിട്ടുള്ളു തങ്കമണിയമ്മടീച്ചർ. അതൊരു ശീലം പോലെയായിത്തീർന്നിരിക്കുന്നുവോ ഇപ്പോൾ? പെൻസിൽ നിർമ്മാതാക്കളെ ഒന്നടങ്കം കുറ്റപ്പെടുത്തി തങ്കമണിയമ്മടീച്ചർ.

"എല്ലാം തട്ടിപ്പുകാരാണ്. "

"ബ്ലയിഡാണേലൊ, ഏറിയാൽ രണ്ടുതവണ മുഖം വടിക്കാനുണ്ട്... ഒരു തരത്തിലാ ഞാനാറു തവണ ഒപ്പിച്ചെടുക്കുന്നത്.. മുഖം മുഴുവൻ നീറ്റലാവും."

പെൻസിൽ, വെട്ടി മുനയുണ്ടാക്കുന്നതിനിടയിൽ തെക്കെവീട്ടിൽ സാർ ബ്ലയിഡിനെ പഴിച്ചു. പിന്നെ കണക്കുബുക്കിൽ മുൻപെഴുതിയിരുന്ന അക്കങ്ങൾ കൂട്ടുന്നതിൽ ശ്രദ്ധ വെച്ചു. തങ്കമണിയമ്മടീച്ചർ അപ്പോൾ ചോദിച്ചു.

"പലതവണ ചോദിക്കണമെന്നോർത്തതാ പേന കൊണ്ടെഴുതിയാൽ എന്താകുഴപ്പം?"

"അതിനിത് പരീക്ഷപ്പേപ്പറൊന്നുമല്ലല്ലോ തങ്കമണി... വരവുചെലവുകണക്ക് എഴുതിസൂക്ഷിക്കുന്ന ബുക്കല്ലൊ.. പലപ്പോഴും വെട്ടുകേം തിരുത്തിക്കുറിക്കുകേമൊക്കെ ചെയ്യേണ്ടിവരും. പെൻസ്സിലാവുമ്പൊ റബ്ബറിനു തടച്ചാൽ മതി.. തന്നേമല്ല എനിക്കതാ ശീലം.. കുറുകെയും നെടുകയും വരയ്ക്കുകയായിരുന്നല്ലോ പണി."

പൊതുമരാമത്തുവകുപ്പിൽ സർവ്വേയറായിരുന്ന താൻ ഏറെയും കുറിക്കാനും വരയ്ക്കാനും പെൻസിലാണ് ഉപേയാഗിച്ചിരുന്നതെന്നാണ് തെക്കവീട്ടിൽസാർ സൂചിപ്പിച്ചത്. ഔദ്യോഗികമായി ഒരു പേരുണ്ട് സാറിന് പക്ഷേ തങ്കമണിയമ്മ ടീച്ചറിനുപോലും അതിപ്പോൾ ഓർത്തെടുക്കേണ്ടി വരും. വീട്ടുപേരിലാണ് തന്റെ ഭർത്താവ് പരിചയക്കാർക്കിടയിൽ അറിയപ്പെടുന്നത് എന്നതിൽ തങ്കമണിയമ്മടീച്ചർക്ക് അപ്രിയമില്ല. മറിച്ച് സന്തോഷമാണാ ടീച്ചർക്ക്, ഭർത്താവിനെ ടീച്ചർ സംബോധന ചെയ്യുന്നത് വീട്ടുപേരിലാണ്.

"കേട്ടൊ തെക്കെവീട്ടിൽ സാറെ പ്രഷറിനും ഷുഗറിനും ഒറ്റമൂലിയുണ്ടത്രെ... ഒരാദിവാസിമൂപ്പന്റെ മരുന്നാന്ന്.." പത്രത്താളുകൾ മറിച്ചുനോക്കുന്നതിനിടയിലാണ് തങ്കമണിയമ്മ ടീച്ചർ പറഞ്ഞത്.

"പഴകിയ ആസ്മക്കും അലർജിക്കും പച്ചമരുന്ന്."

"പേറ്റന്റ് അമേരിക്കയിലായോന്ന് നോക്ക് "

അങ്ങനെയെ പറഞ്ഞുള്ള തെക്കേവീട്ടിൽസാർ. ദീർഘമായൊന്നു നിശ്വസിച്ചു. ഒപ്പം മുകളിലേക്ക് നോട്ടമൊന്നയച്ചു. പിന്നെ ആത്മഗതമെന്നോണമാണ് ചോദിച്ചത്.

"നീയെന്തെല്ലാം കഴിച്ചതാ... ഒറ്റമൂലീം കഴിച്ചു.. എന്നിട്ടെന്തായി..."

"ങ്ഉം..."

വിധിയെന്ന് പറഞ്ഞില്ല തങ്കമണിയമ്മടീച്ചർ. ദീർഘനിശ്വാസത്തോടെ അവരും മുകളിലേക്കാണു നോക്കിയത്. തെക്കെവീട്ടിൽസാർ നാലഞ്ചുതവണകൂടി നെടുതായി നിശ്വസിച്ചു. പിന്നെ ഇടതുകൈവിരലുകൾ മടക്കി നൂർത്ത് വലതു കയ്യാൽ ബുക്കിലേതൊ സംഖ്യയെഴുതി.

"നാളീകേരം പോയ വർഷം തീരെ കുറഞ്ഞു. പക്ഷേ വില തരക്കേടില്ലാതെ ലഭിച്ചു. പതിനായിരം നാളീകേരം വില്പന നടന്നു. ശരാശരി തേങ്ങയൊന്നിന് ഇരുപത് രൂപവെച്ച് ലഭിച്ചു. "

ഭാര്യ കേൾക്കുന്നതിനായാണൊ കണക്കെഴുതുന്നതിനിടയിൽ സാർ പറഞ്ഞു.

"ഒന്നര ലക്ഷം ഉറുപ്പിക ബാങ്കിലിട്ടു"

"വീട്ടു ചെലവിലേക്ക് പെൻഷൻ കാശീന്ന് നയാ പൈസ്സ എടുത്തിട്ടില്ല.. അതെനിക്കുറപ്പാ.. കിട്ടുന്നപാടെ അതപ്പാടെ ഡെപ്പോസിറ്റ് ചെയ്യുകതന്നാണെ."

തങ്കമണിയമ്മടീച്ചർക്ക് അക്കാര്യത്തിൽ പ്രത്യേക ഓർമ്മയാണ്. ദൃഢസ്വരത്തിലാണ് പറഞ്ഞത്.

“ജംഗ്ഷനിലെ നമ്മുടെ കെട്ടിടത്തിന്റെ മുറിവാടക ഒരുത്തനൊഴികെ പതിനൊന്നു പേരും കൃത്യമായി തന്നുപോരുന്നുണ്ട്. പച്ചക്കറിക്കച്ചവടക്കാരനാ കുടിശ്ശികയാക്കിയേക്കുന്നെ.. ഒറ്റമാസത്തെ കാശുപോലും നേരെ ചൊവ്വെ തന്നിട്ടില്ല യാൾ. പോയവർഷം മൂന്നു മാസത്തെ വാടകയാണ് കുടിശ്ശികയാക്കിയത്... അയാൾക്കിനി മുറികൊടുക്കേണ്ടതില്ല... ഒഴിഞ്ഞുതരാൻ പറയെണം... അല്ല പിന്നെ... ഇങ്ങനെയുണ്ടൊ മനുഷേര്.”

“അതുപറയ്... ഞാൻ കുറേ നേരമായി കുഴങ്ങുന്നു... തിരിച്ചും മറിച്ചും നോക്കീട്ടും കണക്ക് ശരിയാവുന്നില്ല... ഒരൊൻപതിനായിരം രൂപയുടെ കുറവെ... ഇപ്പൊ ശരിയായി. പച്ചക്കറി ഉഴപ്പിയത് മൂന്നു മാസം... ഒൻപതിനായിരം അത്. ”

തെക്കെവീട്ടിൽ സാറിൽ നിന്നും ആശ്വാസനിശ്വാസമാണോ ഉണ്ടായത്, പറഞ്ഞത് അമർഷത്തോടെയാണ്.

“പച്ചക്കറിയിനി നമ്മുടെ ബിൽഡിംഗിൽ വേണ്ട... തീർച്ചയാക്കി ഞാൻ.”

“ങ്ഉം.”

മൂളിയതിനൊപ്പം മനക്കണക്കു കൂട്ടുകയായിരുന്നുവോ തങ്കമണിയമ്മടീച്ചർ. ഇരുകയ്യിലേയും വിരലുകൾ ടീച്ചർ മടക്കുകയും നൂർക്കുകയും ചെയ്തു. അനന്തരം വലിയൊരുകാര്യം താൻ സാധിച്ചുവെന്ന ഭാവത്തോടെ പറഞ്ഞു.

“അടിച്ചുവാരാനും അടുക്കളയിലേക്കുമായി ഒരുവളെ നിർത്തിയിരുന്നുവെങ്കിൽ വർഷാവസാനം രൂപയെത്ര മാറിയേനേം.”

“ചില്ലറ പണികളൊക്കെ ഞാൻ സ്വയമേവ ചെയ്യുന്നത് കൊണ്ട് രൂപയെത്രയാ ലാഭം.” തെക്കെവീട്ടിൽ സാർ പറഞ്ഞു. തങ്കമണിയമ്മടീച്ചർ പത്രവാർത്ത വായിച്ചു.

“ഗൃഹനാഥനെ തലയ്ക്കടിച്ചുവീഴത്തി സ്വർണ്ണം കവർന്നു.”

“കൊന്നെന്നു പറഞ്ഞാലും ഇവിടേന്ന് ഒരുപണമിടക്കുള്ളത് ഒരുവനും കിട്ടില്ല. അക്കാര്യത്തിൽ നമ്മൾ തന്നാ മിടുക്കര്.”

ബുക്കിൽ അക്കങ്ങൾ കുറിക്കുന്നതിനിടയിൽ തെക്കെവീട്ടിൽ സാർ ചിരിച്ചു. വിജയഭാവത്തിലാണ് പറഞ്ഞത്.

“ഒക്കേം ബാങ്ക് ലോക്കറിലാക്കിയത് എത്ര നന്നായി.”

“വീട്ടിലാണ് പൊന്നിരിക്കേണ്ടതെന്നല്ലെ സാറെപ്പോഴും പറഞ്ഞുകൊണ്ടിരുന്നെ.. ലോക്കറിലാക്കീത് ഞാൻ പറഞ്ഞിട്ടല്ലയൊ.” തങ്കമണിയമ്മടീച്ചർ ഓർമ്മിപ്പിച്ചു.

“അടയ്ക്ക പെറുക്കിക്കൂട്ടിയിട്ടിരുന്നത് ഇതുവഴിവന്ന ഒരു കച്ചവടക്കാരന് ഇന്നലെ കൊടുത്തു. രണ്ടായിരത്തിപ്പത്തറുപ്പികക്ക്.... റബ്ബറിരിക്കുന്നതുകൂടി നാളെവിറ്റേക്ക്... വിലയുള്ള സമയമാ... മുന്നൂറുകിലോ മിച്ചം കണ്ടേക്കണം... ക്യാഷ് ബാങ്കിലിട്ടിട്ട് പോന്നാൽ മതി... പത്തോ രണ്ടായിരമോ കയ്യിലിരുന്നാൽമതി... കള്ളന്മാർ പെരുകിയ കാലമാ.”

“ങ്ഉം.”

കണക്ക് കൂട്ടലിലും കുറിക്കലിലും മുഴികിയിരിക്കെ തെക്കെവീട്ടിൽസാർ നീട്ടിമൂളി. ചിരട്ടക്കനലിൽ ചുട്ടെടുത്ത പർപ്പടകവും മുളക് ചമ്മന്തിയും കൂട്ടി കഞ്ഞി കുടിച്ചിട്ടാണ് സാർ ജംഗ്ക്ഷനിലെ സ്വന്തം കെട്ടിടത്തിനു മുന്നിലെത്തിയത്. പച്ചക്കറിവ്യാപാരത്തിന് വാടകയ്ക്ക് കൊടുത്ത മുറിയിലേക്ക് ദേഷ്യത്തിലാണ് കയറിച്ചെന്നത്.

“നാണമില്ലല്ലോടോ..” എന്നതുടങ്ങി നാവിൽത്തോന്നിയതൊക്കെ തെക്കെവീട്ടിൽ സാർ പച്ചക്കറിക്കച്ചവടക്കാരനോട് ആക്രോശിച്ചു. തമിഴ്നാട്ടിൽ നിന്നും വാനിലെത്തുന്ന പച്ചക്കറികൾ നാലുനാൾകൊണ്ട് ചീഞ്ഞുപോകുന്നതായും ആറുമാസക്കാലമായി വ്യാപാരം നഷ്ടത്തിലാണെന്നും കച്ചവടക്കാരൻ ക്ഷമാപണസ്വരത്തിൽ അറിയിച്ചു.

“ഒരാഴ്ചത്തെ അവധികൂടി അനുവദിക്കണം കുടിശ്ശിക സഹിതം വാടക എങ്ങനേയും തീർത്തുതന്നു കൊള്ളാം.” കച്ചവടക്കാരൻ താണുകേണപേക്ഷിച്ചു. പക്ഷേ തെക്കെവീട്ടിൽ സാർ വിട്ടുവീഴ്ച്ചയ്ക്ക് തയ്യാറായില്ല. മുറിയൊഴിഞ്ഞുതന്നേ തീരൂന്ന് തെക്കെവീട്ടിൽ സാർ തീർത്തുപറഞ്ഞു. അതോടെ വാക്കുതർക്കമായി, ആൾകൂട്ടമായി, ഒച്ചയും ബഹളവുമായി.

കച്ചവടക്കാരൻ മുറിവിട്ടിറങ്ങിപ്പോയി. തെക്കേത്ത്സാർ പച്ചക്കറികടക്ക് നടുവിലിരിപ്പായിക്കഴിഞ്ഞിരുന്നു. ഉച്ചത്തിലെന്തൊക്കെയൊ പറയുന്നുണ്ടായിരുന്നു സാറപ്പോഴും. പക്ഷേ കച്ചവടക്കാരന്റെ പത്തു വയസ്സുള്ള മകൾ പെട്ടെന്ന് മുറിക്കുള്ളിലേക്ക് ഓടിക്കയറിവന്ന് തെക്കെവീട്ടിൽ സാറിനരികിൽ ഇരിപ്പായതും സാർ പൊടുന്നനെ നിശബ്ദനായി. പെൺകുട്ടിയെ മിഴിച്ചൊന്നുനോക്കി. ഒപ്പം പരിസരമാകെ പകച്ചുനോക്കിക്കൊണ്ടെഴുന്നേറ്റ് വേഗം വഴിയിലേക്കിറങ്ങി തെക്കെ വീട്ടിൽ സാർ.

“ങ്ഹാ... അടുത്തമാസം കുടിശ്ശിക തീർത്തുതന്ന് ഇടപാടും തീർത്തില്ലെങ്കിൽ എന്റെ വിധം മാറും പറഞ്ഞേക്കാം.”

തിരിഞ്ഞുനോക്കാതെ കാലുകൾ നീട്ടിവെച്ച് നടന്നുപോകുന്നതിനിടയിൽ തെക്കെവീട്ടിൽ സാർ അങ്ങനെ പറഞ്ഞതേയുള്ളു. സാറിന്റെ ശബ്ദം വല്ലാതെ താഴ്ന്നിരുന്നു. ഒരുതരം പരിഭ്രമമോ ഭീതിയോ ആയിരുന്നു മുഖത്ത്. വേഗത്തിലായിരുന്നു നടപ്പ്. നാവിൻ തുമ്പത്തപ്പോഴുമുണ്ടായിരുന്നോ- കുടിശ്ശിക.

●

## Letter to the Editor

Speed of light is 1,86,000 miles per second not per hour as reflected in Sri. M. M. Menon's article Ekathathwa January Issue 2018 Page 10 Para 4 line 9. Please refer and confirm such informations before making it black and white to avoid readers being misguided.

Thank you

Sethu M Karipol.

### Reply

Sir,

Thank you for the information. Sometimes mistake may happen. It is accidental. Will try to reduce the maximum.

Editor

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

അഭിപ്രായങ്ങളും പ്രതികരണങ്ങളും

1 **'കേരളം തിരുത്തുന്നു'** ഏക തത്ത്വ പുസ്തകം 8 ലക്കം 1 Dec 2017 Page 22 നെക്കുറിച്ച് ചില വിചാരങ്ങൾ ഇവിടെ കൊടുക്കുന്നു.

കേരളം ഭ്രാന്താലയം എന്ന സ്വാമി വിവേകാനന്ദ കല്പിച്ചു എന്ന 'കിംവദന്തിയുടെ' (Gossip and Rumour) കൂടെ, ഏതു കാരണത്താലാണ് ഇങ്ങനെ പറഞ്ഞത് എന്നുകൂടി ചേർത്തതായിരുന്നുവെങ്കിൽ ഉപകാരമായിരുന്നു. സ്വാമിജിയുടെ കാലത്തു, സുമാർ 1870-1905 കൊല്ലവർഷത്തിൽ, കേരളം ജനിച്ചിരുന്നില്ല എന്നു നാം ഓർക്കുന്നണ്ടോ ?

വേദജ്ഞനായ, താന്ത്രിക വിദ്യ അഭ്യസിച്ച അബ്രാഹ്മണർക്ക് ക്ഷേത്ര പുരോഹിതനാകാം എന്ന മാറ്റത്താൽ ഭ്രാന്ത് ഒഴിഞ്ഞു എന്നുകരുതാമോ? സ്വാമിജിയുടെ കാലത്ത് ഇന്ത്യയിൽ പ്രചാരത്തിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങൾ ഇന്ന് ഇവിടെ എത്രമടങ്ങു വർദ്ധിച്ചിരിക്കുന്നു ?

സർവ്വജ്ഞൻ, സർവ്വശക്തൻ, സർവ്വവ്യാപി എന്ന് കൽപിക്കപ്പെട്ട സൃഷ്ടികർത്താവിന്റെ സ്ഥാനത്ത് ഇന്നുള്ളത് കംപ്യൂട്ടർ, സമാർട്ട് ഫോൺ തുടങ്ങിയ, ആധുനിക ഭൗതികതയുടേയും ഉപഭോക്താ സംസ്കാരത്തിന്റേയും, കണ്ടുപിടിത്തങ്ങളുടേയും നേട്ടങ്ങൾ- ധനം, അധികാരം, പെരുമ, പ്രശസ്തി, സുവിധസാമഗ്രികൾ, സുഖഭോഗം- സ്ഥലം പിടിച്ചിരിക്കുകയല്ലെ ? മുമ്പു കാലത്തെ ചെറു ഭ്രാന്ത് ഇന്ന് മുഴുഭ്രാന്തായി മാറിയിരിക്കുകയല്ലെ ? ഇത്തരം ഭൗതിക നേട്ടങ്ങൾ ഭൂമിയിൽ തന്നെ സ്വർഗ്ഗത്തെ സൃഷ്ടിക്കുമെന്ന മിഥ്യാവിചാരമല്ലെ ഇന്ന് മനുഷ്യത്വം, സ്നേഹം /സഹതാപം എന്നുള്ളവയെ തീരേ നഷ്ടമാക്കിയിരിക്കുന്നത് ?

ലേഖനത്തിൽ വിവരിച്ച ഇന്നത്തെ ഘൃണായോഗ്യമായ സംഭവങ്ങളും, '... പൊതുസമൂഹത്തിന്റെ മനോഭാവത്തിനു മാറ്റം വരാത്ത കാലം...' എന്നെഴുതിയതും തിരുത്തിയ കേരളത്തിന്റെ ഉദാഹരണങ്ങളാണോ ?

നടപ്പിലുള്ള അനുചിത ശീലങ്ങൾ/വ്യവഹാരങ്ങൾ എന്നിവയെ മാറ്റി, പണ്ടുകാലത്ത് മാനിച്ചിരുന്നു എന്ന് വിശ്വസിച്ച മൗലിക മാനവ മൂല്യങ്ങളെ, വീണ്ടും സ്വീകരിച്ചു പാലിക്കാനായി പ്രേരിപ്പിക്കാനുള്ള, എല്ലാ ലേഖകരുടേയും ശ്രമം പ്രശംസനീയമാണ്. ഉന്നത ലക്ഷ്യത്തിൽ ഊന്നൽ കൊടുക്കാതെ, അനുചിത 'മുൻവിധി' (PREJUDICE) കൈക്കൊള്ളുന്ന പക്ഷം, വഴിതെറ്റാൻ എളുപ്പമല്ലെ?

കൂടുതൽ കരുതൽ ചെലുത്താൻ ലേഖകരോടു താണപേക്ഷ...

ലേഖനം/കവിത എന്നിവയുടെ 'മാറ്റ്' (STANDARD) ഉയർത്താൻ, സംസ്കാരം കുറഞ്ഞ അതിശയോക്തി പ്രയോഗം വർജ്ജ്യമല്ലെ ? ഏക തത്ത്വ, കുട്ടികളും യുവാക്കളും അടങ്ങിയ യുവതലമുറയ്ക്കുമായതിനാൽ സഭ്യത കുറഞ്ഞ (ഒരുപക്ഷെ കാല്പനിക കൃത്രിമ അനാചാരങ്ങളെ 'സൃഷ്ടിച്ചുള്ള') പ്രസ്താവനകളെ ലേഖനത്തിൽ നിന്ന് ഒഴിവാക്കാമായിരുന്നു.

2 **ഇതു അനീതിയാണ്.** പുസ്തകം 8 ലക്കം 1 Dec 2017 പേജ് 41.

വിഷയം സങ്കീർണ്ണമാണ് എന്ന് സംശയമില്ല. ദൈവം, വിധി, 'ജീവൻ നൽകാൻ കഴിയാത്തവനു ജീവൻ ഒടുക്കാൻ അധികാരമില്ല' , എന്നുള്ള കൽപനകളും ചിന്തകളും അത്യന്തം ദുരിതമനുഭവിക്കുന്നവർക്കും/അവസരങ്ങൾക്കും ഒരുപക്ഷെ സ്വീകാര്യമോ ന്യായീകരിക്കാനോ ബുദ്ധിമുട്ടാണ്. ദയാവധം നിഷേധിക്കപ്പെടണം എന്നുള്ള നിലയ്ക്ക് പൂർണ്ണ അംഗീകാരം എളുപ്പമല്ല. വധം എന്നത് പല അവസരങ്ങളിലും മനുഷ്യന് സ്വീകാര്യമാണെന്ന് നമുക്കറിയാം. ശല്യം ചെയ്യുന്ന ജന്തുക്കളെ കൊല്ലാം... ഭക്ഷിക്കാനായി ജീവികളെ കൊല്ലാം... യുദ്ധത്തിൽ 'ശത്രുവിനെ' കൊല്ലാം... ചില കുറ്റവാളികളെ കൊല്ലാം...

ഒരുകാലത്ത് ശരാശരി മനുഷ്യായുസ്സ് 70 (THREE SCORE AND TEN) എന്ന് സ്വീകരിച്ചിട്ടുണ്ടായിരുന്നു. മനുഷ്യദേഹത്തിന് ഒരു പ്രായം കഴിഞ്ഞാൽ ക്രമേണ ക്ഷയമുണ്ടാവുന്നു. ചുറ്റുപാടിൽ നിന്നും സമുദായത്തിൽ നിന്നും ലഭിക്കുന്നതിന്റെ ഒരു ചെറുഭാഗമെങ്കിലും തിരിച്ചുനൽകാൻ കഴിയാത്ത അവസ്ഥ യുണ്ടാകുന്നു... അന്യരെ ആശ്രയിക്കേണ്ട ആവശ്യം/നിർബ്ബന്ധം ഉണ്ടാവുന്നു... ഭൗതിക ആർത്തി ഇന്നത്തെ അളവിൽ വർദ്ധിക്കുന്നതിനുമുമ്പ്, ധൃതിയും പരക്കംപാച്ചിലും ഇത്ര അധികരിക്കുന്നതിനുമുമ്പ്, അന്യോന്യം സ്നേഹം, ക്ഷമ, ത്യാഗമനോഭാവം എന്നിവ കുറഞ്ഞു കുറഞ്ഞു തീരെ ഇല്ലാതാകുന്നതിനുമുമ്പ്, അവശന്മാർക്കു കുടുംബത്തിൽ നിന്നും അയൽവാസികളിൽ നിന്നും തന്നെ കരുണയും, സന്മനസ്സോടുള്ള സഹായവും ഉണ്ടായിരുന്നു.

ഭൗതിക പ്രഗതിയുടെ മൂർധന്യത്തിൽ എത്തി വിലസിക്കുന്ന അമേരിക്കയിൽ Dr. Kevorkian എന്ന വൈദ്യശാസ്ത്ര വിദഗ്ദ്ധൻ അസഹായരുടെ സ്ഥിതിയെ പരിശോധിച്ചു. അവരുടേയും കുടുംബത്തിന്റെയും നല്ല പോലെ ചിന്തിച്ചെത്തിയ തീരുമാനത്തിനു സഹായമായി ജീവൻ അവസാനിപ്പിക്കാൻ വേണ്ടിയ ഏർപ്പാടുകൾ (INJECTION DRIP മുതലായവ) ഒരുക്കി കൊടുത്തിരുന്നു. രോഗി/അവശരുടെയും കുടുംബത്തിന്റെയും അവസാനതീർപ്പനുസരിച്ച് അന്ത്യം വരുത്താൻ സഹായിച്ച ആ 'മഹാനെ' പല ഇടത്തിൽ നിന്നും കോടതിയും കേസുകളും കുടുക്കി ദുരിതം അനുഭവിക്കേണ്ടി വന്നു എന്നുള്ള കാര്യം പൊതുവേ അറിയാം. അദ്ദേഹത്തിന് നൽകിയ ദുഷ്പേരാണ് DR. DEATH ! [EUTHANASIA എന്ന തലക്കെട്ടിൽ GOOGLE ൽ അന്വേഷിച്ചാൽ കൂടുതൽ വിവരം ലഭിക്കാം.]

ദുരുപയോഗിക്കാൻ സാധ്യതയുള്ളത് എന്നുള്ള കാരണം കൊണ്ടുമാത്രം ഇതിനെ കുറ്റമായി കരുതുന്നത് അത്ര ശരിയാണോ ? സ്വരക്ഷക്കുപകരം ഹിംസക്ക് ഉപയോ

ഗിക്കാവുന്ന തോക്ക് വില്പന (കോടീശ്വരന്മാരായ ഉത്പാദകരുടെ ശക്തമായ വിരോധം കാരണം) അമേരിക്കയിൽ തടഞ്ഞിട്ടില്ല.

വധത്തെ തടയാൻ ശ്രമിക്കാത്ത ഈ ലോകത്തിൽ, ദയാവധത്തെ മാത്രം തടയുന്നത് എത്രമാത്രം ന്യായീകരിക്കാം എന്ന് ഗാഢമായി ചിന്തിക്കേണ്ടതുണ്ട്. മൗലികമായ മാനവമൂല്യങ്ങളുടെ ആഹാരത്തിൽ മനസ്സാക്ഷിയെ രൂപീകരിച്ച് ജാഗ്രതമാക്കാൻ ഒട്ടും ശ്രമിക്കാത്ത ഇന്ന്, മനുഷ്യത്വം അശേഷം ലോപിച്ചുപോയ ഇന്ന്, നീതിയുടെ പേരിൽ അനീതിയെ ഒഴിക്കാത്ത ഇന്ന്, ഈ അതി സങ്കീർണ്ണവിഷയത്തിൽ ദൈവത്തെ ഇഴുത്തിടാതിരിക്കുകയാണ് ദേദം !!

3 'നിസ്സംഗത,' പുസ്തകം 8 ലക്കം 2 ജനുവരി പേജ് 10 ൽ $E= m c^2$ എന്നതിനു താഴെ.

E(ഊർജ്ജം ) = m (വസ്തു /ദ്രവ്യത്തിന്റെ അളവ് ) x $C^2$ (പ്രകാശരശ്മിയുടെ വേഗത x അതേ വേഗത) എന്നു കൊടുക്കേണ്ടതാണ്.

***ഒരു വ്യാഖ്യാനം***

1000 Pound (റാത്തൽ) തൂക്കമുള്ള ഒരു വസ്തുവിനെ 10 അടി (feet) ഉയർത്തുവാൻ ആവശ്യമായ ഊർജ്ജമാണ് 10,000 Foot Pound (ഫുട് പൗണ്ട്). ഫുട്ട് പൗണ്ട് എന്നത് യാന്ത്രിക ഊർജ്ജത്തിന്റെ അളവുമ്രാത്രയാണ്.

ഒരു പൗണ്ട് (റാത്തൽ) വസ്തുവിനെ പൂർണ്ണമായി നശിപ്പിച്ചാൽ ലഭിക്കാവുന്ന ഊർജ്ജത്താൽ ഈ പ്രവൃത്തിയേ, അതായത് 1000 റാത്തൽ തൂക്കമുള്ള വസ്തുവിനെ 10 അടി ഉയർത്തൽ, സുമാർ 2,25,000 ൽ പരം പ്രാവശ്യം ചെയ്യാൻ സാധിക്കും !!! [കിലോഗ്രം - മീറ്റർ അളവുപ്രകാരം, ഈ ഊർജ്ജത്തിൽ 0.450 കിലോഗ്രാമം തൂക്കമുള്ള വസ്തുവിനെ 2,25,000ൽ പരം പ്രാവശ്യം 3 മീറ്റർ പൊക്കാൻ സാധിക്കും ]

ലേഖനത്തിൽ വിശദീകരിക്കാൻ വിട്ടുപോയതിനു ഖേദിക്കുന്നു...

ഏക തത്ത്വ പുസ്തകം 8 ലക്കം 2 ജനുവരി 2018 ന്റെ പേജ് 12ൽ പ്രൊഫ. ശശികുമാറിന്റെ ചെറുലേഖനം 'ഒരു വിളംബകാലചിന്ത'യിൽ ടൈപ്പിങ്ങിൽ വന്ന നഗണ്യമല്ലാത്ത തെറ്റിനെ തിരുത്തുകയാണ്. വാക്യം 'യഥാ രാജഃ തഥാ പ്രജഃ' തെറ്റാണ്. ശരിയായ വാക്യമാണ് 'യഥാ രാജാ തഥാ പ്രജാ'.

The Hindu dated 11 Jan 2018 പേജ് 7ൽ കൊടുത്ത വാർത്തയനുസരിച്ച് വ്യക്തിസ്വാതന്ത്ര്യം അധികം അനുവദിക്കപ്പെട്ട സ്വിറ്റ്സർലാന്റിൽ ഉള്ള Dignitas എന്ന സംഘടന ആത്മഹത്യ ചെയ്യാൻ തീർപ്പിലെത്തിയ വ്യക്തികൾക്കായി ഡോക്ടർമാരുടെ സഹായത്തോടെ, നീതി-ന്യായ അധികാരികളുടെ ഇടപെടൽ കൂടാതെ, ജീവൻ അവസാനിപ്പിക്കാൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു എന്നുവായിച്ചു.

അജയ് ബാലചന്ദ്രന്റെ 'വെളിച്ചം ദുഃഖമാണുണ്ണി...' 'മണ്ണായ എന്നെ മണ്ണാക്കിടൂ...' എന്നുള്ളതും എഡിറ്റോറിയൽ 'ആരും അറിയാതെ പോവല്ലേ വേദനിക്കുന്നവന്റെ നൊമ്പരം എന്നതും ഈ അതിസങ്കീർണ്ണ/ദുഃഖകര വിഷയത്തിൽ പ്രസക്തമാണ്... പക്ഷെ എന്തുചെയ്യാം ? ശുഭാശംസകളോടെ...

എം. എം. മേനോൻ
0491-6451469

ചീഫ് എഡിറ്റർ ശ്രീ. മുരളിയ്ക്ക്,

പ്രതിസന്ധികൾ പലതും തരണം ചെയ്തു സാമ്പത്തിക നഷ്ടം സഹിച്ചുമുടങ്ങാതെ മാസിക അച്ചടിച്ചുവിതരണം ചെയ്യുന്നത് അഭിനന്ദനം തന്നെ.

ഞാൻ പണ്ടൊരു കത്തിൽ സൂചിപ്പിച്ചിരുന്നതു പോലെ ചെറുകഥയുടെ നീളം. തകഴി, കേശവദേവ് കാരൂർ എന്നിവരുടെ ചെറുകഥകൾ ഒരു ചെറുനോവലായിരുന്നു. അന്നത് വായനക്കാർ ആസ്വദിച്ചു. ഇന്ന് കാലം മാറി, ഒന്നിനും സമയം തികയാത്ത അവസ്ഥ. ശ്രീ സുരേഷ് തെക്കീട്ടിലിന്റെ കഥ എത്ര വേണമെങ്കിലും നീട്ടി എഴുതാനുള്ള ഭാവനയും ഭാഷയും ഉണ്ടെങ്കിലും അദ്ദേഹം നമ്മുടെ സമയം കൊല്ലാറില്ല. ചെറുകഥ എഴുതുന്നവർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിച്ചാൽ കൊള്ളാം. മറ്റ് ലേഖനങ്ങൾക്ക് അങ്ങനെ ലിമിറ്റ് പറയാൻ പറ്റില്ല. കാരണം അതിന്റെ പൂർണ്ണതയ്ക്ക് ചുരുക്കി എഴുത്ത് പാടില്ല.

ഒക്ടോബർ ലക്കത്തിൽ ശ്രീ റ്റി. കെ. ഉണ്ണികൃഷ്ണനെന്ന കഥാകൃത്ത് വയറ്റാട്ടി എന്ന കഥ എഴുതിയത് എല്ലാവരും വായിച്ചുകാണും അദ്ദേഹം ഒരു നല്ല എഴുത്തുകാരനാണ്. അദ്ദേഹം എഴുതിയ കുപ്പന്റെ മഴുവും മാസികയിൽ വരുന്ന കഥകളും ഞാൻ വായിക്കാറുണ്ട്. പക്ഷെ അതിൽ നിന്നെല്ലാം ഭിന്നമായി ഏക തത്ത്വമാസികയ്ക്കും ലേഖകനും ചേർന്നതല്ല മേൽ പറഞ്ഞ 'വയറ്റാട്ടി' എന്ന ചെറുകഥ എന്നാണ് എനിക്കുതോന്നുന്നത്. ജീവനുതുല്യം സ്നേഹിക്കുന്ന നാട്ടുപ്രമാണിയുടെ ഭാര്യയ്ക്ക് പ്രത്യേക സാഹചര്യത്തിൽ നാട്ടുപ്രമാണിയായ ഭർത്താവുതന്നെ വയറ്റാട്ടിയെ വിളിക്കാൻ പോയി. രൂപത്തിലും ഭാവത്തിലും സ്വഭാവത്തിലും പ്രവർത്തിയിലും അവരുടെ തൊഴിലിനോടല്ലാതെ മറ്റൊരു കാര്യത്തിലും ബന്ധപ്പെടാൻ സംസ്കാരമുള്ള യാതൊരാൾക്കും കഴിയില്ല. അങ്ങനെയുള്ള ഒരു സ്ത്രീയോട് ഏതു സാഹചര്യത്തിലാണെങ്കിലും രമിയ്ക്കാൻ വിവരമുള്ള യാതൊരാൾക്കും കഴിയില്ല. അത് സ്വന്തം ഭാര്യയുടെ അപകടാവസ്ഥയ്ക്ക് പരിഹാരം തേടി പോകുമ്പോൾ ഈമാതിരി കാമപ്രാന്തിന് മനസ്സ് തിരിയുന്നത് അസ്വാഭാവികം തന്നെ. അത് കാടത്തമാണ് സാമാന്യബോധമുള്ള യാതൊരാളിനും കഥാകൃത്തിന്റെ കാടുകയറ്റത്തെ ന്യായീകരിക്കാൻ കഴിയില്ല.

കൂടാതെ മറ്റൊരു കാര്യം കൂടി. രചനകൾക്ക് തലക്കെട്ടിടുന്നത് രചയിതാവിന്റെ സ്വാതന്ത്ര്യമാണ്. അത് സഭ്യേതരമാകാതിരുന്നാൽ നന്ന്. പു—ച്ചി എന്ന് ഒരു കവിതയ്ക്ക് തലകെട്ട് കണ്ടു. അത് എഴുത്തുകാരിയോട് പറഞ്ഞു തിരുത്തിക്കേണ്ടതായിരുന്നു. എഡിറ്ററുടെ അനാസ്ഥയായി ഞാൻ കാണുന്നു.

ഏക തത്ത്വയുടെ അന്തസ്സ് ചോരാത്ത തരത്തിൽ തുടർന്നും പ്രസിദ്ധീകരിയ്ക്കുമെന്ന് കരുതട്ടെ. മാസികയ്ക്കും എഡിറ്റർക്കും ദീർഘായുസ്സ് നേർന്നുകൊണ്ട് സ്നേഹപൂർവം...

സുകുമാരൻ നെല്ലാനിക്കാട്
9495276965

# ■ കത്തുകൾ

പ്രിയമുള്ള പത്രാധിവർ

'ഏകതത്ത്വ' ജനുവരി ലക്കം കൈപ്പറ്റി. നന്ദിയും സ്നേഹവും രചന ഉൾപ്പെടുത്തിയതിൽ അതിയായ സന്തോഷവും അറിയിക്കട്ടെ. ധീരമായ ഒരു തുറന്നുപറച്ചിലാണ് 'അറിവായ്... അറിവിലേക്കായി '. ഇതൊരു പത്രാധിപരും പറയാത്തതാണ്. സഹജീവി സ്നേഹവും സാമൂഹ്യനന്മയുമാണ് നമുക്ക് വേണ്ടത്. സാഹിത്യം എന്നപേരിൽ നടമാടുന്ന വൃത്തികേടുകൾ എഴുതി മറ്റുള്ളവരെ അറിയിക്കാൻ പോലും നാണിക്കേണ്ടിയിരിക്കുന്നു. 'വല്യയെഴുത്തുകാരൻ' ചമയലിനായി തട്ടിക്കൂട്ട് രചന കണ്ടും പുരസ്ക്കാരങ്ങളും അവയ്ക്ക് നൽകാൻ പണവും ഉണ്ടെങ്കിൽ പിന്നെ എല്ലാമായി. ഇത് കെട്ടകാലമാണ്. നമ്മളിലെ നന്മ നമുക്ക് കാത്തുസൂക്ഷിക്കാം. സ്നേഹാശംസകളോടെ...

ജിജോ രാജകുമാരി
8086350652

ജനുവരി ലക്കത്തിൽ ശ്രീ. ഉല്ലല ബാബു എഴുതിയ 'നായയുടെ ധർമ്മബോധം' സമൂഹത്തിനുനേരെ തൊടുത്തുവിട്ട മൂർച്ചയേറിയ അമ്പ് ആണ്. 'രചനകളുടെ പുന: പ്രസിദ്ധീകരണം' എന്ന ലേഖനത്തിലൂടെ ശ്രീ അരവിന്ദൻ പറയുന്നത് എഴുത്തുകാരന്റെ മാത്രമല്ല പ്രസാധകരുടേയും പ്രശ്നമാണ്.

അടുത്ത കാലത്ത് ഒരു പ്രമുഖ വാരികയിൽ രചനകൾ ക്ഷണിക്കുന്നതിനോടൊപ്പം നൽകിയ നിർദ്ദേശം നന്നായി തോന്നി. ['രചനകൾ 30 ദിവസത്തിനകം പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ അത് പ്രസിദ്ധീകരണയോഗ്യമല്ല എന്ന് മനസ്സിലാക്കാം. ഇതുസംബന്ധിച്ച് എഴുത്തുകുത്തുകൾ ഉണ്ടായിരിക്കുന്നതല്ല. കൃതികൾ തിരിച്ചയയ്ക്കുക സാദ്ധ്യമല്ലാത്തതുകൊണ്ട് സ്വന്തം മേൽവിലാസമെഴുതിയ കവർ അയ്ക്കേണ്ടതില്ല'] മാസിക ആവുമ്പോൾ 30 ദിവസം എന്നത് 90 ദിവസമാക്കിയാൽ പ്രശ്നം തീർന്നു.

പി. എം. ശരിധരൻ. 9745228779

പ്രിയ മുരളീധരൻ,

പറയാനുള്ളത് തുറന്നുപറയുന്ന ശൈലി എന്തുകൊണ്ടും ശ്ലാഘനീയമാണ്. പലരും പറയാൻ മടിക്കുന്നു. കാരണം അധികാരിവർഗ്ഗത്തിന്റെ കടുംപിടുത്തത്തെ ഭയക്കുന്നതുകൊണ്ടാണ്. സമൂഹനന്മയെലാക്കാക്കി മുന്നോട്ടുപോകുക.

സസ്നേഹം
സൈനുദീൻ മുണ്ടക്കയം
9947253006

വർഷാരംഭത്തിൽ ഏകതത്ത്വ കൈപ്പറ്റി, വളരെ സന്തോഷം. തുടർന്നും വർഷം മുഴുവൻ ഊർജ്ജസ്വലതയോടെ പുറത്തിറങ്ങാനും കൂടുതൽ വായനക്കാരെ സമ്പാദിക്കാനും ഏക തത്ത്വക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

കമർ അഷ്ക്കർ പാലക്കാട്
7012728412

**മുഖചിത്രം മനോഹരം**

ആകർഷകമായ മുഖചിത്രത്തോടുകൂടി ജനുവരിയിലെ ഏകതത്ത്വ കൈയ്യിലെത്തി. വളരെ നന്നായിരിക്കുന്നു. കഥകൾ, കവിതകൾ, ലേഖനങ്ങൾ എല്ലാം നന്ന്. വായിച്ച ചിലതിനെക്കുറിച്ച് സൂചിപ്പിക്കുന്നു. പ്രൊഫ: കെ. ശശികുമാറിന്റെ ഒരു വിളംമ്പകാലചിന്ത വളരെ കാര്യമാത്രപ്രസക്തം. എടുക്കുന്നവർക്കല്ല, കൊടുക്കുന്നവർക്കാണ് ആത്മകഥയും, ജീവചരിത്രവും ഉണ്ടാകുന്നത്. നാം സമൂഹത്തിന് എന്തുനല്കി എന്ന് പ്രസക്തമായ ഒരു ചോദ്യവും അദ്ദേഹം ഉന്നയിക്കുന്നു. നല്ലൊരു കുറിപ്പ് തന്നെ. രചനകളുടെ പുന: പ്രസിദ്ധീകരണം. ശ്രീ. അരവിന്ദന്റെ ലേഖനം വായിച്ചു. അദ്ദേഹം ഉന്നയിക്കുന്ന കാര്യങ്ങൾ കുറച്ചൊക്കെ സത്യവുമാണ്. ഒരു കഥ ഒരേസമയം ഒന്നിലധികം പ്രസിദ്ധീകരണങ്ങളിൽ കാണുമ്പോൾ ഒരുപക്ഷെ വായനക്കാരിൽ അത് മുഷിപ്പുണ്ടാക്കും. പിന്നെ അദ്ദേഹം ചൂണ്ടികാണിക്കുന്ന കാര്യങ്ങൾക്ക് പ്രസക്തിയുണ്ട്: അതും കാര്യം തന്നെ. സമാന്തര പ്രസിദ്ധീകരണങ്ങളുടെ നിലനിൽപ്പ് സുമനസ്സുകളുടെ സഹകരണം തന്നെ. കുറെയൊക്കെ സഹിച്ചും, ക്ഷമിച്ചും കാണുക തന്നെ കരണീയം. സമാന്തര പ്രസിന്ധീകരണങ്ങൾ പണം മുൻകൂർ കൈപറ്റി ചില കവികളേയും, കഥാകൃത്തുക്കളേയും പടച്ചുവിടുന്നു എന്നതും സത്യം. അതൊക്കെ ഇതിന്റെ ഭാഗം തന്നെ. എങ്കിലും വിശ്വാസ്യതയും, അന്തസ്സും കാത്തുസൂക്ഷിക്കുന്ന പ്രസിദ്ധീകരണങ്ങളും നിലനിൽക്കുന്നു എന്നത് ആശ്വാസം തന്നെ. സത്യൻ താന്നിപ്പുഴയുടെ 'ത്യാഗമനോഭാവം ഉണ്ടാകണം'. മുന്നേ കേട്ടിട്ടുള്ള കാര്യങ്ങളാണെങ്കിലും വളരെ ഭംഗിയായി അത് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു. നന്നായി. എം. കെ. ശശിധരന്റെ രാഗബിന്ദുവിൽ എന്ന കവിതയും, അനൂപ് നാരായണന്റെ മിഴിയും നിലവാരം പുലർത്തുന്നു. ബിന്ദു.കെ.യുടെ 'തുല്ല്യസ്നേഹം' ഗാന്ധിജിയെക്കുറിച്ചുള്ള ഒരു സംഭവകഥയാണല്ലോ: ബിന്ദു നല്ല ഉദ്ദേശത്തിലാണ് അത് നന്നായിയെഴുതിയതെങ്കിലും അതിൽ ഒരു ചെറിയ തെറ്റു ചൂണ്ടി കാണിക്കട്ടെ. ഗാന്ധിജി വിജയയോട് സംസാരിക്കുന്ന കൂട്ടത്തിൽ ഞാൻ ഒരു മഹാത്മാവായതു കൊണ്ടല്ലെ നീ എന്റെ കാര്യങ്ങൾ മറക്കാതെ ചെയ്യുന്നത് എന്നു പറഞ്ഞു എന്നെഴുതിയത് തെറ്റാണ്. ഗാന്ധിജി ഒരിക്കലും തന്നെ മഹാത്മാവെന്ന് സംബോധന ചെയ്തിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറിച്ച് ടാഗോർ അദ്ദേഹത്തെ മഹാത്മാവെന്ന് വിളിച്ചു. അങ്ങനെ അദ്ദേഹം മഹാത്മാ ഗാന്ധിയായി. താൻ ഒരു വിശേഷ വ്യക്തിയാണെന്നോ, മഹത്വമുള്ളവനാണന്നോ ഒരിക്കലും ഗാന്ധിജി പറയുകയോ, സൂചിപ്പിക്കുകയോ ചെയ്യുകയില്ല. അതാണ് അദ്ദേഹത്തിന്റെ മഹത്വം. ഒരുപക്ഷെ ബിന്ദു കേട്ടകഥയോ പറഞ്ഞുകേട്ടതിലോ വന്ന ധാരണയിൽ നിന്നെഴുതിയതാകാം. തന്നിൽ എത്ര എളിമത്വം ആവാമോ അത് സ്വീകരിച്ചയാളാണ് ഗാന്ധിജി. പി. ആർ. ജോസിന്റെ ഫലിതമേള നന്നായി. മംഗളൻ തൈക്കലിന്റെ ദേവാലയങ്ങൾ അർത്ഥവത്തായ കവിത തന്നെ. അമ്പലങ്ങൾ പണിതുകൂട്ടിയാൽ ഗുണത്തേക്കാളേറെ ദോഷം തന്നെ വരുത്തും. വിദ്യാലയങ്ങൾ കൂടിയാൽ മനസ്സിലെ ഇരുട്ടുമാറും. എന്തിന്റേയും അമിത വിശ്വാസം നാശം തന്നെ. എന്തിനാണ് പള്ളിയുടേയും, അമ്പലത്തിന്റേയും പേരിൽ തീ വെട്ടിക്കൊള്ള ? മംഗളന്റെ കവിത നന്നായി. കഥകളും മറ്റു സൃഷ്ടികളും എല്ലാം നന്ന്. ചിലതിനെക്കുറിച്ചെഴുതിയെന്നു മാത്രം.

ടി.വി.ഹരികുമാർ. 9446118387

**പു**സ്തകപരിചയം എന്നൊരാശയം ഉന്നയിച്ച ഒരു ഏക തത്ത്വയുടെ മാന്യവായനക്കാരിയെ (അത്തരം ആവശ്യം ഉന്നയിക്കാൻ വിചാരിക്കുന്നവരേയും) തൃപ്തിപ്പെടുത്താനൊരു എളിയ ശ്രമം രണ്ടായിരത്തി പതിനഞ്ചിൽ തുടങ്ങിയതാണ്. ഏക തത്ത്വയുടെ ഒരു മുൻ ലക്കത്തിൽ പരമ്പരയിലെ ആദ്യത്തെ വികൃതി വായിച്ചതോർക്കുമല്ലോ. രണ്ടാമത്തെ കൃതി എഴുതിക്കൊണ്ടിരിക്കെ വായിച്ചുകൊണ്ടിരുന്ന പുസ്തകങ്ങൾ (രണ്ടായിരത്തി പതിനഞ്ച് ഡിസംബറിലെ) പ്രളയം വിഴുങ്ങിയതുകൊണ്ട് മുഴുവനാക്കാനാകാതെ ഇരുന്നുപോയി. അനന്തരം ആ പുസ്തകങ്ങൾ വീണ്ടും മേടിച്ച് വായിക്കുമ്പോൾ ചെന്നൈയിലെ പ്രളയം കൊണ്ട് ഗുണമുണ്ടായവരിൽ രവി ഡി സിയും ഉൾപ്പെട്ടുവെന്ന സത്യം അറിഞ്ഞു. എഴുത്തിലെ അറ്റുപോയ കണ്ണികളുമായി പുതിയ എഴുത്തുവിളക്കിച്ചേർക്കുക എന്ന സാഹസം സാധ്യമാക്കാൻ രണ്ട് കൊല്ലമെടുത്തു എന്നതിൽനിന്നും ആ ഏർപ്പാട് എത്രമാത്രം ക്ലേശകരമാണെന്ന് വായനക്കാർ മനസ്സിലാക്കണം.

അർബുദ വായനയെന്ന പ്രയോഗം അല്പം വിശദീകരണം അർഹിക്കുന്നു. (നേരത്തേ നൽകിയിരുന്നു എങ്കിലും പുതിയ വായനക്കാർക്കായി ആവർത്തിക്കുന്നു.) ഏതെങ്കിലും ഒരു പുസ്തകത്തിൽ മറ്റൊരു പുസ്തകത്തെപ്പറ്റിയോ എഴുത്താളരെ (കാരനും കാരിയും)പ്പറ്റിയോ പരാമർശമുണ്ടായാൽ ഉടനെ അതെവിടെ നിന്നെങ്കിലും സംഘടിപ്പിച്ചു വായിക്കാൻ ശ്രമിക്കുന്നതിനെയാണിവിടെ അർബുദ വായനയെന്ന പ്രയോഗം കൊണ്ട് സൂചിപ്പിക്കുന്നത്. വിഷയപരിധിയില്ലാതെ (റൊമാൻസ് മുതൽ റോക്കറ്റ് സയൻസു വരെ എന്നൊരിക്കൽ സംഭാഷണ മദ്ധ്യേ പ്രയോഗിച്ചു കയ്യടി മേടിച്ചിട്ടുണ്ട്) വായിക്കുമ്പോൾ വായന വളരുന്ന രീതി അർബുദത്തെ അനുസ്മരിപ്പിക്കുന്നു. 'മരണ വായനയാണെന്ന്' നിങ്ങളാരെങ്കിലും പറഞ്ഞാൽ വ്യംഗ്യമായി ആ അർത്ഥം തന്നെയല്ലേ ധ്വനിപ്പിക്കുന്നത്?

# തുളയുള്ള പുസ്തകങ്ങൾ... മനസ്സ് തുളയ്ക്കുന്ന പുസ്തകങ്ങൾ !

**കെ. വിജയകുമാരൻ**
**9448312631, 9444540631**

**പ്ര**ധാനമായും മൂന്നു ജീവികളാണ് പുസ്തകപ്രേമികളെന്ന വിശേഷണത്തിൽ ഉൾപ്പെടുത്താവുന്നവ. അതിൽ ആദ്യം പറയേണ്ട രണ്ടു പ്രമുഖരാണ് ചിതലും, വെള്ളിമീനും (സിൽവർ ഫിഷ് എന്ന് ആംഗലത്തിൽ അറിയപ്പെടുന്ന ഈ പുസ്തകപ്രേമിയെ ഇരട്ടവാലൻ എന്ന നികൃഷ്ടനാമത്തിൽ വിളിക്കാൻ മലയാളികൾക്കല്ലാതെ മറ്റാർക്ക് കഴിയും!) മൂന്നാമത്തേത് മനുഷ്യനും. മനുഷ്യസമൂഹം പുസ്തകം ഉല്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നത് പലതിനുമാണെന്ന് അവകാശപ്പെടുന്നു. എന്നാൽ മേൽ പറഞ്ഞ രണ്ടുപേരും അത്തരം അവകാശവാദമൊന്നുമില്ലാതെ പുസ്തകത്തെ സ്നേഹിക്കുന്നത് ഭക്ഷണപദാർത്ഥമായിട്ടാണ്. കുറച്ച് ചികഞ്ഞാലോചിച്ചാൽ നമ്മെപ്പോലെ കുറേപേരൊഴികെ മനുഷ്യരിൽ നല്ലൊരുഭാഗം ഉദരനിമിത്തമാണ് അക്ഷര-പുസ്തകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാകും. (സംശയമുള്ളവർ രവി ഡി സിയോട് ചോദിക്കുക). മനുഷ്യൻ ഭക്ഷണം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് എന്നത് പരക്കെ അംഗീകരിച്ച കാര്യമാണെങ്കിലും ഒരുവിധത്തിൽ മൂന്നു ജീവികളുടേയും പുസ്തകപ്രേമം അടിസ്ഥാനപരമായി (വയറ്റു)പിഴപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ചുരുക്കിപ്പറയാം.

ചിതലും, വെള്ളിമീനും പുസ്തകങ്ങളിൽ കൈ (വായ്) വയ്ക്കുമ്പോൾ അതിൽ സുഷിരങ്ങളുണ്ടാകുന്നു. ചിതലുകളുടെ വയറ്റിൽ സെല്ലുലോസ് എന്ന പദാർത്ഥം ദഹിപ്പിക്കാനുതകുന്ന ചില അണുക്കളുണ്ടെന്നതാണ് (കുടലിലുള്ള അണുക്കളെപ്പറ്റി മറ്റൊരവസരത്തിൽ എഴുതുന്നുണ്ട്) അവരുടെ പുസ്തകപ്രേമത്തിന്റെ രഹസ്യം. വെള്ളിമീനിനാണെങ്കിൽ പുസ്തകം ഒട്ടിക്കാനുപയോഗിക്കുന്ന പശയിലാണ് മുഖ്യ കമ്പം. ഈയടുത്ത കാലത്ത് സിന്തറ്റിക് പശകളുപയോഗിച്ച് മനുഷ്യൻ വെള്ളിമീനിന്റെ വയറ്റത്തടിച്ചു. 'ഈ-ബുക്ക്' എന്ന സാധനമിറക്കി ചിതലിന്റെ വയറ്റത്തടി തീവ്രമായി നടന്നുകൊണ്ടിരിക്കയാണ്. ഇങ്ങനെ പോയാൽ തുളയുള്ള പുസ്തകങ്ങൾ ഇനി വിരളമായിത്തീരുമെന്ന് കരുതിയിരിക്കുമ്പോൾ അതാ വരുന്നു മനുഷ്യൻ തുളയിട്ട പുസ്തകങ്ങൾ.

ആദ്യമായി എന്നെ ആകർഷിച്ച തുളയുള്ള പുസ്തകം Eric Carle എഴുതിയ The Very Hungry Catterpillar[1] എന്ന പുസ്തകമാണ്. ഇത് ചില വർഷങ്ങൾക്കുമുമ്പ് എന്റെ മകളോടൊപ്പം വായിച്ചാസ്വദിച്ചതാണ്. കെ. ജി. ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളും അത്തരം ക്ലാസ്സുകളിൽ പഠിക്കാൻ ഭാഗ്യമില്ലാത്ത എന്നേപ്പോലുള്ള മുതിർന്ന (എൺപത് വയസ്സിൽ താഴെയുള്ള) കുട്ടികളും ഒരുപോലെ ഇഷ്ടപ്പെടാവുന്ന പുസ്തകമാണിത്. അവസാനത്തെ ചില പേജുകളിൽ പുഴു (തുരന്നു)തിന്നുന്ന സാധനങ്ങളുടെ ചിത്രങ്ങളിൽ തുളയുണ്ട്. പലതും തിന്നു വയറിന് അസുഖം ബാധിച്ച പുഴു പ്യൂപ്പയാകുന്നതും പിന്നീട് ശലഭമാകുന്നതും വർണ്ണശഭളമായ

ചിത്രങ്ങളിലൂടെ എറിക് വിവരിച്ചിരിക്കുന്നു. ഭക്ഷണപദാർത്ഥങ്ങൾ ആർത്തിയോടെ തുരന്നുതിന്നുന്നത് സ്പഷ്ടമാക്കാൻ തുളകൾ സഹായിക്കുന്നു. കണ്ടതൊക്കെ വാരിവലിച്ചു തിന്നാൽ വയറിന് അസുഖമുണ്ടാകുന്ന സന്ദേശവുമിവിടുണ്ട്. വിലയല്പം കൂടിയാലും (ഇതെഴുതുമ്പോൾ ആമസോൺ ഡോട്ട് ഇന്നിൽ 164 രൂപയ്ക്ക് ലഭ്യമാണ്) കുട്ടികൾക്ക് നന്നായി ഇഷ്ടപ്പെടും. ശലഭത്തിന്റെ മെറ്റമോർഫോസിസ് എന്ന പ്രക്രിയ വ്യക്തമാക്കാനും ഇത് സഹായിക്കും.

മുൻകവറിൽത്തന്നെ ഒരു തുളയുള്ള പുസ്തകമാണ് ടി ജെ എസ് ജോർജ്ജ് എഴുതിയ ഒറ്റയാൻ[2] തുളയുടെ വൃത്തത്തിനകത്ത് നോക്കിയാൽ ഒരു തുമ്പിക്കൈ കാണാം. (അതിന്റെ സൂചനയായി തുമ്പിയുടെ കീഴ്ഭാഗം തുളയ്ക്കുതാഴെ മുൻകവറിൽത്തന്നെയുണ്ട്). പേജ് മറിച്ചു നോക്കിയാൽ അകത്തൊരു കൊമ്പൻ ഒറ്റയാൻ, തുമ്പിയുടെ ഉടമ. കവറിലെ പുതുമ വളരെ നന്നായി ഇഷ്ടമായി. അത് രൂപകല്പന ചെയ്ത എൻ അജയൻ അഭിനന്ദനമർഹിക്കുന്നു.

ഇനി അകത്തേക്ക് കടക്കാം. ആദ്യം തന്നെ പി. എൻ. ഗോപീകൃഷ്ണന്റേയും, കലേഷിന്റേയും വരികളിൽ ആനയെന്ന ഒറ്റയാനെ (ഗണപതിവന്ദനം പോലെ) ആവാഹിച്ചിരിക്കുന്നു. പിന്നെ പുസ്തകത്തിലുടനീളം പല അഭ്യാസങ്ങളും കാണിക്കുന്ന ഒറ്റയാന്റെ ചിത്രങ്ങളാണ്. കൂടാതെ ചൻസ്, പ്രകാശ് ബാബു, വിനീത് എന്നിവരുടെ പലതരം കലാസൃഷ്ടികളുമുണ്ട്. കൊച്ചു കൊച്ചു ലേഖനങ്ങളാണ് പുസ്തകം നിറയെ. ആശയങ്ങൾ (13), അഭിപ്രായങ്ങൾ (13), ആളുകൾ (18) എന്നീ മൂന്നു വിഭാഗങ്ങളിലായി വിഭവങ്ങൾ നിരത്തിയിരിക്കുന്നു.

ആശയങ്ങൾ തുടങ്ങുന്നത് ‘എല്ലാവർക്കും ഹാപ്പിനെസ് ഉണ്ടായിരിക്കട്ടെ’ എന്ന (നവവത്സര) ആശംസയെ ചുറ്റിപ്പറ്റിയ വിചാരധാരയോടെയാണ്. തുടർന്ന് അന്തമില്ലാത്ത വളർച്ചയ്ക്ക് അർത്ഥമുണ്ടോ? പ്രശസ്തിക്ക് വേണ്ടിയുള്ള പെടാപ്പാട്, ദൈവത്തിന്റെ പ്രശ്നങ്ങൾ, കൊല എന്ന കല, തൊഴിലാളി വ്യത്യാസങ്ങൾ സിന്ദാബാദ്, പണം കൊടുത്താൽ കിട്ടാത്തത്, ആലിംഗനം ഒന്നിന് അഞ്ഞൂറ് രൂപ, സംസ്കാരം അപഹരിക്കപ്പെടുമ്പോൾ, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് കേരള എന്നീ ചെറു(കുറു)ലേഖനങ്ങൾ രസകരവും ചിന്തോദ്ദീപകവുമാണ്.

‘വരുന്നു, വിദേശനിക്ഷേപ ജയിലുകൾ’ എന്ന ലേഖനം പെട്ടെന്ന് വീരേന്ദ്രകുമാറെഴുതിയ ഒരു ലേഖനം[3] ഓർമ്മയിലെത്തിച്ചു. ജയിൽ ഒരു വ്യവസായമായി തഴച്ചുവളരുന്ന അമേരിക്കയിൽനിന്നും നിക്ഷേപവും സാങ്കേതിക വിദ്യയും നമ്മുടെ നാട്ടിലെത്തിയാലുള്ള ഗുണങ്ങൾ നമ്മുടെ വി ഐ പി കുറ്റവാളികൾക്ക് എത്ര സൗകര്യപ്രദമായിരിക്കുമെന്ന് ലേഖകൻ വിവരിക്കുന്നു. നാട്ടിന്റെ വികസനം സൂചിപ്പിക്കുന്ന ജി ഡി പിയിൽ ജയിൽ വ്യവസായവളർച്ച ഗണ്യമായ സ്വാധീനം ചെലുത്തുന്ന നാളുകൾ വിദൂരമല്ലെന്ന് കരുതാം.

നമ്മൾ ജീവിക്കുന്ന സാഹചര്യങ്ങളെ ശപിക്കുന്നവർ അത്യാവശ്യം വായിക്കേണ്ട ഒരു ലേഖനമാണ് ‘പെണ്ണുലേലം വ്യാഴാഴ്ചകളിൽ’. മുൻനിര പാക്കിസ്ഥാനി എഴുത്തുകാരുടെ കൂട്ടത്തിൽ ചേർക്കാനാവാത്ത ഒരു ഒറ്റയാൻ, ജമിൽ അഹമ്മദ് എഴുതിയ The Wandering Falcon[4] എന്ന പുസ്തകത്തെപ്പറ്റിയാണാ ലേഖനം. പകയും, പ്രതികാരവും ജീവിതത്തിന്റെ അവിഭാജ്യഘടകമായി അംഗീകരിച്ച്, നിർദ്ദയവും നിഷ്ഠൂരവുമായ ഒരു ഭൂപ്രദേശത്തു ജീവിതമെന്ന മഹാപാതകത്തിലേർപ്പെട്ടിരിക്കുന്ന ഒരു ജനതയെപ്പറ്റി കൂടുതൽ അറിയാനായി അർബുദവായനയിലേക്കിറങ്ങി. ആമസോൺ ഡോട്ട് കോമിൽ നിന്നും ആ പുസ്തകം മേടിച്ചു വായിച്ചു. മനസ്സിനെ ഇത്രമാത്രം പിടിച്ചുലച്ച ഒരു വായനാനുഭവം അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. (ഒരു മനം തുളയ്ക്കുന്ന പുസ്തകം). എനിക്കുശേഷം അത് വായിച്ചൊരു സുഹൃത്ത് ബേജാറായ മനസ്സൊന്നടങ്ങിക്കിട്ടാൻ അണ്ണാശാലയിലൂടെ രാത്രി കിഴക്കുപടിഞ്ഞാറ് പലകുറി നടന്നുവെന്നറിഞ്ഞു. സി. വി. ശ്രീരാമൻ തന്റെ ഒരു കഥയിൽ ഈ പുസ്തകത്തിലേതുപോലൊരു കഥാപാത്രത്തെ[5] അവതരിപ്പിച്ചത് വായിച്ചപ്പോൾ ഉണ്ടായ അവിശ്വസനീയത ഇപ്പോൾ ഇല്ലാതായി.

അഭിപ്രായങ്ങളിൽ മലയാളി കൊതുകിന്റെ വിജയം, കായികം ട്രാജഡി ആയ കഥ, രാജ്യസ്നേഹം വില്പനയ്ക്ക്, സിംഗപ്പൂർ മോഡലിന്റെ രഹസ്യങ്ങൾ എന്നിവ ശ്രദ്ധേയമാണ്. നമ്മളെല്ലാം താലിബാൻ എന്ന ലേഖനം സ്ത്രീകൾക്കുള്ള പെരുമാറ്റച്ചട്ടം നിയമാവലിയായി ആചരിക്കുന്ന താലിബാനേക്കാൾ സ്ത്രീകൾക്ക് സർവമംഗല്യം നേരുകയും മറുക്ഷണം പിച്ചിച്ചീന്തുകയും ചെയ്യുന്ന നമ്മുടെ സംസ്കാരം എത്ര നീചമാണെന്ന് ഓർമ്മിപ്പിക്കുന്നു.

പരക്കെ അറിയപ്പെടുന്നവരുടെ ഒട്ടും അറിയാത്ത മുഖങ്ങളും, സാധാരണക്കാർക്ക് ഒട്ടുംതന്നെ അറിയാത്തവരുമായ ‘ആളുകളെ’പ്പറ്റിയ ലേഖനങ്ങൾ വളരെ രസകരമാണ്. വൊണ്ടുയൽ ഗ്യാപ് മുതൽ മണ്ഡേല, ഹോക്കിങ്, കൃഷ്ണമേനോൻ, ശിവറാം-സുബാഷ് ബോസ്, ഡിവിറ്റ്-ലീലാ വാലസ് ദമ്പതികൾ, കെ. എം. മാത്യു, സഞ്ജയ് ദത്ത്, ഇരയിമ്മൻ തമ്പി, മൈക്കൽ ജാക്സൺ, കെ. എസ്. ജോർജ്ജ്, ഡി. വിനയചന്ദ്രൻ, സാദത് ഹസൻ മന്റോ, സാർട്ജി ബ്രാട്ട്മാൻ, കെ. എസ്. പദ്മനാഭൻ, കാവ്യാ വിശ്വനാഥൻ, മായാവതി, സരിത-ശാലു വരെ പോകുന്നു ലിസ്റ്റ്.

ഖൊസിയൻ ഗോത്രവർഗ്ഗത്തിൽപ്പെട്ട ഉന്നത നിതംബവും സമൃദ്ധമായ മാറുമുള്ള സാർട്ജി ബ്രാട്ട്മാനെ ഒരു പ്രദർശന വസ്തുവാക്കി മാറ്റിയ യൂറോപ്യൻ സംസ്കാരത്തെ വായിക്കുമ്പോൾ മനസ്സ് വല്ലാതെ നീറി. കാവ്യാ വിശ്വനാഥന്റെ കഥ പ്ലേജിയരിസത്തിന് ‘കേയ്സ്’ ആയി ഈ ലേഖകൻ നടത്തിയ ഗവേഷകർക്കായുള്ള പരിശീലന ശില്പശാലയിൽ ഉപയോഗിച്ചിരുന്നു. പരമ്പരയിലെ കലാശമായ ഇനി ഞാൻ ഇറങ്ങട്ടെയിൽ ലേഖകൻ സരിതാ നായരും, ശാലു മേനോനും തന്നെ അവഗണിച്ചതിന്റെ നിരാശ പ്രകടമാക്കുന്നത് നർമ്മത്തിന്റെ പുതിയൊരു രുചിക്കൂട്ടായി അനുഭവപ്പെട്ടു. (ഇനി ഈ മഹതികൾ നമ്മളെ ആരേയും വിളിച്ചില്ലല്ലോ എന്ന സങ്കടം വേണ്ടാ

ട്ടോ)

മൊത്തത്തിൽ വരയും എഴുത്തുമായി ഈ പുസ്തകത്തിലെ വിരുന്നു കഴിഞ്ഞാൽ ഒരുപക്ഷേ കാട്ടിലെ ഒറ്റയാനോടുപോലും പരിചയം ഭാവിക്കാനിടയുണ്ട്. തിരികെ പുറത്തേക്കുകടന്ന് കവറിലേക്കൊരു മറുനോട്ടം നോക്കുമ്പോൾ ഒരുകാര്യം ശ്രദ്ധയിൽപ്പെടുന്നു. ഉപ-തലക്കെട്ടിൽ 'ഘോഷയാത്ര'ക്കുശേഷം ആളുകളുടേയും ആശയങ്ങളുടേയും അഭിപ്രായങ്ങളുടേയും മറ്റൊരു ഘോഷയാത്ര എന്നുപറയുന്നു. അങ്ങിനെ വന്നാൽ ഇപ്പോൾ പറഞ്ഞ പുസ്തകത്തിന് മുമ്പേ എഴുതിയ പുസ്തകത്തെപ്പറ്റി എന്തെങ്കിലും പറയാതിരുന്നാൽ അത് അഭംഗിയാകുമല്ലോ! അർബുദവായനക്കൊരു കോപ്പായി.

'ഘോഷയാത്രയെന്ന'[6] പുസ്തകം കുറേ വർഷങ്ങൾക്കുമുമ്പ് എഴുതിയതാണെന്നാലും അത് ഞാൻ വാങ്ങിച്ചു വായിച്ചത് ഒറ്റയാന് ശേഷമാണ്. പുസ്തകത്തിന്റെ കവറിൽ നമ്പൂതിരി വരഞ്ഞ ഒരു കുതിരവണ്ടിയുടെ ചിത്രം സ്വർണ്ണവർണ്ണത്തിൽ അച്ചടിച്ചിരിക്കുന്നത് കമനീയമാണ്. പുറകിൽ മലയാറ്റൂർ വരഞ്ഞ ഗ്രന്ഥകാരന്റെ ഒരു ക്യാരിക്കേച്ചറുമുണ്ട്. കവർ ഡിസൈൻ ചെയ്ത അജയൻ അഭിനന്ദനമർഹിക്കുന്നു.

ഒരു പുസ്തകത്തിന് അവതാരിക എഴുതിയാൽ അവതാരപുരുഷനാകുമോ ? നാണപ്പന്റെ (എം. പി. നാരായണപ്പിള്ള) അവതാരിക അത്തരത്തിലുള്ളതാണ്. അദ്ദേഹം തുറന്നെഴുതുമ്പോൾ വാതിലുകൾ വിജാഗിരിയോടെ അടർത്തിമാറ്റിയപോലെ തോന്നും. ലേഖകനുമായി നാണപ്പനുള്ള അസാധാരണമായ ആത്മബന്ധത്തിന് നിദാനമാണീ അവതാരിക.

ഘോഷയാത്ര ആരംഭിക്കുന്നത് ജന്മനാടായ തിരുവിതാംകൂറിൽ നിന്നുതന്നെ. 'തിരുവിതാംകൂറെന്ന മഹാത്ഭുത'ത്തെപ്പറ്റി വായിക്കുമ്പോൾ കുട്ടനാട്ടിനെ നെല്ലറയാക്കിയ ജോസഫ് മുരിക്കനോട് നമ്മൾ കാട്ടിയ നന്ദികേട് അപാരം തന്നെ എന്നുതോന്നി. കോഴിക്കോടെന്ന വിദേശത്തേക്ക് (അന്ന് തിരുവിതാംകൂറുകാർക്ക് ആലുവായ്ക്കപ്പുറം എല്ലാം വിദേശമാണ്) ഒരു സാഹസിക യാത്ര നടത്തിയ കൗമുദി ബാലകൃഷ്ണൻ അവിടെയും മലയാള ഭാഷയ്ക്ക് പ്രചാരമുണ്ടെന്ന് അറിയിക്കുന്നത് വളരെ കൗതുകമുളവാക്കി.

തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളേജിലെ പഠനകാലത്തെ സഹപാഠികളും സമകാലീനരും ആയ അസംഖ്യം വ്യക്തികളെ വിവരിക്കുന്നതിലൂടെ ലേഖകൻ എങ്ങും ലഭ്യമല്ലാത്ത രസകരമായ (ചിലപ്പോൾ സങ്കടകരവും) നുറുങ്ങുകളാണ് നൽകുന്നത്. ആ വിവരണം പുരോഗമിച്ചവസാനിക്കുന്നത് (പ്രത്യേക അദ്ധ്യായങ്ങളിൽ) അടൂർഭാസി, മലയാറ്റൂർ രാമകൃഷ്ണൻ എന്നിവരിലാണ്. ബിമൽറോയുടെ ഛായക്കാരനായ ഭാസിയുടെ ചേട്ടൻ ചന്ദ്രനെന്ന ചന്ദ്രാജിയുടെ വിനയവും ഔചിത്യവും കലർന്ന പെരുമാറ്റം 'സെൽഫീ' യുഗത്തിലെ ഇന്നത്തെ തലമുറയ്ക്ക് അചിന്തനീയമാണ്. ജന്മനാ മാത്രമല്ല വ്യക്തിവിശേഷംകൊണ്ടും ചന്ദ്രൻ ഭാസിയുടെ ചേട്ടനായി അവശേഷിക്കുന്നത് ലേഖകന്റെ സത്യസന്ധത കൊണ്ടാണെന്ന് വെളിവാകുന്നു.

പത്രപ്രവർത്തനത്തിന്റെ ധീരമായ പ്രതീകമായി വർത്തിച്ച ഫ്രീ പ്രസ്സ് ജേർണൽ ഒരു നാൾ വായനക്കാരെ ഞെട്ടിച്ചുകൊണ്ട് Wonder Washing Powder Comes to Town എന്ന തലക്കെട്ടുമായി പ്രത്യക്ഷപ്പെട്ടപ്പോൾ വ്യവസായപ്രമുഖനായ എസ്. പി. ഗോദറെജ് എഡിറ്റോറിയൽ തലവനെ വിളിച്ച് 'ഫ്രി പ്രസ്സ് വ്യഭിചരിക്കാൻ തീരുമാനിച്ചില്ലെങ്കിൽ, ഇന്ത്യൻ പറ്റുവരവുകാരെ സ്വീകരിച്ചുകൂടായിരുന്നോ?' എന്നു ചോദിച്ചത് ആ പത്രത്തെപ്പറ്റി പൊതുജനത്തിന്റെ സങ്കൽപ്പമെന്തായിരുന്നു എന്ന് മനസ്സിലാക്കാനുതകുന്നു. മാറിയ പരിതസ്ഥിതിയിൽ പത്രം വിട്ടവർ 'ന്യൂസ് ഡേ' തുടങ്ങിയതും അത് വൈകാതെ നാമാവശേഷമായതും വിവരിക്കുമ്പോൾ ഗ്രന്ഥകാരൻ ആത്മാർത്ഥതകൊണ്ടുമാത്രം ആദർശം ജയിക്കുന്നില്ല എന്നുപറയുന്നത് ഏക തത്ത്വയുടെ പത്രാധിപർ വായിക്കേണ്ടതാണ് (അദ്ദേഹത്തെ നാണപ്പന്റെ സൂത്രങ്ങൾ അല്പം അഭ്യസിപ്പിക്കുന്നത് ഏവർക്കും അഭികാമ്യമാണെന്നാണ് എന്റെ പക്ഷം).

മൊറാർജിയുടെ മദ്യനിരോധനം, കരഞ്ജിയയുടെ പത്രധർമ്മം എന്നിവ രസകരമായ വിവരണങ്ങളാണ്. അമ്പതുകളിലെ ബോംബെ നഗരത്തിന്റെ ആത്മചൈതന്യത്തെപ്പറ്റി ഗൃഹാതുരത്വത്തോടെ ലേഖകൻ സ്മരിക്കുന്നു. പരമ്പരാഗതമായ മഹത്വങ്ങൾ ഇല്ലാതാക്കുന്നതിലുള്ള നമ്മുടെ കഴിവ് അപാരമാണെന്ന ദ്ദേഹം പറയുന്നു.

വി കെ കൃഷ്ണമേനോൻ, മാധവിക്കുട്ടി (ഇവരെ അടുത്തറിഞ്ഞ് നാരായണപ്പിള്ളയും ഇത്തരത്തിൽ എഴുതിയിട്ടുണ്ട്), നിഖിൽ ചക്രവർത്തി, എന്നിവരെക്കുറിച്ചുള്ള സ്മരണകൾ (കുറേ സ്ഥലം ഇവർക്ക് നീക്കിയിട്ടുണ്ട്) ആ വ്യക്തികളെപ്പറ്റി കൂടുതൽ അറിയാൻ ഉതകുന്നു. സ്വന്തം നാണപ്പനെക്കുറിച്ചും ഉണ്ട് ഒരെണ്ണം. വി. കെ. മാധവൻകുട്ടിയെന്ന പ്രതിഭാസത്തെ ഒരദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ലീലാ നായുഡു-ഡോം മൊറേയ്സ് എന്ന ഇണക്കിളികളുടെ കഥ പറയുമ്പോൾ കൂടുപേക്ഷിച്ച ആൺകിളിയുടെ അഭാവത്തിൽ ഇണയുടെ നൊമ്പരങ്ങൾ വിവരിക്കുന്നതിലൂടെ വായനക്കാരെ വിവശരാക്കുന്നു.

അസംഖ്യം കഥാപാത്രങ്ങളെ പരിചയപ്പെടുത്തിയതിൽ അവരിലൊക്കെയും അടങ്ങിയിട്ടുള്ള അസാധാരണത്വം വെളിപ്പെടുത്തുംവിധത്തിലാണ്. പലയിടങ്ങളിലായി പൊന്തിവരുന്ന പേരുകളിൽ ഒറീസ്സയിലെ രാധാനാഥ് രത്ത്, ശങ്കർ, ആർ പി നായർ, സി പി രാമചന്ദ്രൻ, നരസിംഹൻ, ഡേവിഡ്, പി. വിശ്വനാഥൻ, എം. പി. ഗോപാലൻ തുടങ്ങിയവർ സ്മരണീയരാണ്. സ്ത്രീപാത്രങ്ങളിൽ ഇ. വി. കൃഷ്ണപിള്ളയുടെ ഭാര്യ (അടൂർഭാസിയുടെ അമ്മ) മഹേശ്വരിയമ്മയുടെ തറവാടിത്തവും, പത്രപ്രവർത്തകസുഹൃത്ത് വിശ്വത്തിന്റെ ഭാര്യ തേജിയുടെ അസാമാന്യ ധൈര്യവും (സുരേന്ദ്രന്റെ 'ദേവിയെ'[7] എന്തുകൊണ്ടോ ഇവിടെ ഓർമ്മിച്ചു) ശ്രദ്ധേയമാണ്.

ആർ. വി. പണ്ഡിറ്റ്






ഏഡ്രിയൻ സെക്ക എന്നി വരിലൂടെ കടന്ന് ഹോങ്കോങ് ജീവിതത്തെക്കുറിച്ചും തെക്കുകിഴക്കൻ ദേശങ്ങളിലെ അസംഖ്യം നേതാക്കളെ ക്കുറിച്ചും വിവരിക്കുമ്പോൾ തികച്ചും അപ്രാപ്യമായ ഒരു ലോകത്താണ് വായന എത്തുന്നത്. മഹതിർ, സിഹാനൂ ക്, സുഹാർത്തൊ, ലിക്വാൻയു, മാർകോസ് ദമ്പതികൾ എന്നിവരിലൂടെ തെക്കുകിഴക്കൻ രാജ്യങ്ങളിലെ രാഷ്ട്രീ യ സാംസ്കാരികതലങ്ങളെപ്പറ്റി ഒരു സാമാന്യജ്ഞാനം നമുക്ക് ലഭിക്കുന്നു. മറ്റൊരദ്ധ്യായത്തിൽ യു എന്നിലെ ജോലിയിലെ അസുലഭാവസരങ്ങളും, ന്യൂയോർക്ക് നഗരത്തിന്റെ വശ്യതയും വളരെ രസകരമായി വായിക്കാം.

ടി ജെ എസ് ജോർജ്ജിന്റെ ജീവിതഭ്രമണപഥം വളരെ വ്യത്യസ്തമാണ്. അത് വിപുലമായ സ്ഥലകാലങ്ങളിൽ അനവധി മഹൽവ്യക്തികളും സംഭവങ്ങളുമായി ഇഴചേർന്നു കിടക്കുകയാണ്. അതിൽനിന്നും ചില അംശങ്ങൾ അദ്ദേഹം പകർത്തിയത് മലയാളികളുടെ ഭാഗ്യമെന്നു പറയാതെ വയ്യ. മൊത്തത്തിൽ ഒരു രസികൻ പുസ്തകം. അദ്ദേഹം ആരും ശ്രദ്ധിക്കാനിടയില്ലാത്ത സംഭവങ്ങളും സംഗതികളും സത്യസന്ധമായി വിവരിക്കുന്നതിലൂടെ കഥാപാത്രങ്ങളെ അസാധാരണ വശ്യതയോടെ പുനർജ്ജനിപ്പിക്കുന്നു എന്നതാണ് രസതന്ത്രം. ചരിത്രം, പൊതുജ്ഞാനം, ജീവചരിത്രം എന്നിവയിൽ താല്പര്യമുള്ളവർ അത്യാവശ്യം വായിക്കേണ്ട ഒരു കൃതിയാണിത്.

***കുറിപ്പ്:***

1. Eric Carle, The Very Hungry Catterpillar, Penguin (UK), London (2003).
2. ടി. ജെ. എസ്. ജോർജ്, ഒറ്റയാൻ, ഡി സി ബുക്സ്, കോട്ടയം (2014)
3. എം. പി. വീരേന്ദ്രകുമാർ, അധിനിവേശത്തിന്റെ അടിയൊഴുക്കുകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട് (2005)
4. Jamil Ahmad, The Wandering Falcon, Penguin Books India Pvt. Ltd., Gurgaon, India (2011).
5. സി വി ശ്രീരാമൻ, വെളുത്തപക്ഷിയെ കാത്ത്, മലയാളത്തിന്റെ സുവർണ്ണകഥകൾ, ഗ്രീൻ ബുക്സ്, തൃശ്ശൂർ (2011)
6. ടി. ജെ. എസ്. ജോർജ്, ഘോഷയാത്ര, ഡി സി ബുക്സ്, കോട്ടയം (2012)
7. കെ സുരേന്ദ്രൻ, ദേവി, ഡി സി ബുക്സ്, കോട്ടയം (2013)





**ടി. വി. ഹരികുമാർ**
**കണിച്ചുക്കുളങ്ങര, 9446118387**

# തിരിച്ചറിവ്

“**ഈ** നാശം പിടിച്ച പട്ടി...” രാവിലെ ഭാര്യയുടെ ശാപവാക്കുകൾ കേട്ടുകൊണ്ടാണ് രമേശ് കതകു തുറന്നത്: മുറ്റമടിച്ചുകൊണ്ട് നില്ക്കുന്ന മാലിനിയെ മാത്രമേ കാണുന്നുള്ളു. “എന്തുപറ്റി? നീയാരോടാണ് ബഹളമുണ്ടാക്കിയത് ?”

“ദാ, ആ വരാന്തയിൽ ആ നാശം പിടിച്ച പട്ടി കിടപ്പുണ്ടായിരുന്നു. ഞാനന്നേ പറഞ്ഞതല്ലേ. അച്ഛനെ വൃദ്ധസദനത്തിൽ കൊണ്ടാക്കുമ്പോൾ ഈ പട്ടിയെക്കൂടി കൊണ്ടേക്കളയണമെന്ന്. ഇപ്പോൾ പട്ടി വരാന്തയിൽ ചടഞ്ഞുകൂടി കിടപ്പാണ്.”

“ശ്ശെടാ... നാശം...” പിറുപിറുത്തു കൊണ്ട് കൈയ്യിൽ കിട്ടിയ മരക്കമ്പുമായി അയാൾ വരാന്തയിൽ കയറി. ചടഞ്ഞുകിടന്ന പട്ടി പ്രതീക്ഷിക്കാത്ത ആക്രമണമായിരുന്നു പിന്നെ നടന്നത്. അടി കൊണ്ട് കരഞ്ഞുകൊണ്ട് പട്ടി വരാന്തയിൽ നിന്നു ചാടിയിറങ്ങി ഓടി. റോഡിലൂടെ ഓടുന്ന പട്ടിയെ നോക്കി മരക്കമ്പ് ദൂരെയെറിഞ്ഞുകൊണ്ട് അയാൾ പറഞ്ഞു, “കിട്ടേണ്ടതു കിട്ടിയാൽ ഇനി ഈ വഴി വരില്ല?”

വൃദ്ധസദനത്തിലെ പുറം തിണ്ണയിൽ വൃദ്ധൻ ഇരുന്നു. അയാളുടെ കണ്ണുകൾ ആരേയോ തിരയുന്ന പോലെ സദാവഴിയിലേയ്ക്ക് നോക്കി കൊണ്ടിരുന്നു. ദൂരെ ഗെയ്റ്റിന്റെ താഴെയുള്ള വിടവിലൂടെ ഒരു പട്ടി നൂണ്ടു കയറിവരുന്നത് അയാൾ കണ്ടു. അടുത്തെത്തിയപ്പോൾ അതുതന്റെ കൈസറാണെന്നയാൾ തിരിച്ചറിഞ്ഞു. “കൈസറേ...” ആ വിളിയിൽ സ്നേഹവും, സങ്കടവും അയാൾ ഒളിപ്പിച്ചിരുന്നു. വൃദ്ധന്റെ തലോടലിൽ മതി മറന്ന് കൈസർ അയാളോട് ചേർന്നുകിടന്നു. പട്ടിയുടെ മുതുകിലെ അടിയുടെ പാടുകൾ തിരിച്ചറിഞ്ഞ് വൃദ്ധന്റെ കണ്ണുനിറഞ്ഞു. കൈസറെ നെഞ്ചോടുചേർത്തയാൾ അമർത്തിപ്പിടിച്ചു. “നീയെങ്ങനെ വഴി തിരിച്ചറിഞ്ഞു കൈസറേ?” വൃദ്ധന്റെ കണ്ണുകളിലേക്ക് നോക്കി എന്തൊക്കെയോ പറയാൻ വെമ്പുന്ന പോലെ കൈസർ പ്രത്യേക ശബ്ദം പുറപ്പെടുവിച്ചു. അവർക്കുമാത്രം മനസ്സിലാവുന്ന ഭാഷയിൽ അവർ സംസാരിച്ചുകൊണ്ടേയിരുന്നു. ശബ്ദം കേട്ട് ചുറ്റിനും കൂടുന്നവരെയൊന്നും അവർ കാണുന്നുണ്ടായിരുന്നില്ല...

# ഏകതത്ത്വയുടെ സൗഹൃദക്കൂട്ടം

**നീരജ വർമ്മ**
**7558024403**

ഇക്കഴിഞ്ഞ ജനുവരി 14-ാം തിയ്യതി ഞായറാഴ്ച്ച ഞങ്ങൾ 'മുക്ക'ത്തേയ്ക്കൊരു യാത്ര നടത്തി. ഏക തത്ത്വ മാസികയിൽ പ്രസിദ്ധീകരിച്ച ശ്രീ. മുഹമ്മദ് കനിയുടെ 'തീർത്ഥാടന ലോകത്തെ മഹാത്ഭുത'മെന്ന ലേഖനങ്ങൾ പുസ്തകരൂപത്തിലാക്കിയതിന്റെ പ്രകാശനകർമ്മത്തിലേക്കായിരുന്നു ഞങ്ങളുടെ യാത്ര.

പ്രകാശനകർമ്മം നിർവ്വഹിച്ചത് ഞങ്ങളേവരും കുറേനാളുകളായി കാണാനാഗ്രഹിച്ച ശ്രീ മുക്കം ഭാസിയും, അതേറ്റു വാങ്ങിയത് ശ്രീമതി. കാഞ്ചന കൊറ്റങ്ങലും. അതെ മൊയ്തിന്റെ സ്വന്തം കാഞ്ചനമാല.

കൃത്യം 6 മണിക്ക് ഞങ്ങളുടെ മിനിവാൻ 'സത്യ'യുമായി സാരഥിയെത്തി ചേർന്നു. അതിനു മുൻപു തന്നെ ഞാനും ശ്രീ. ഉണ്ണിവിശ്വനാഥും, ശ്രീ. സൈനുദ്ദീൻ മുണ്ടക്കയവും, ശ്രീ. ടി. വി. നാരായണൻ കുട്ടിയുമെത്തിച്ചേർന്നിരുന്നു. കുനിശ്ശേരിയിൽ നിന്ന് വെളുപ്പിനേ യാത്രയാരംഭിച്ചിരുന്ന ശ്രീ. മുഹമ്മദ് കനിയേയും ഭാര്യയേയും കാത്തിരിപ്പായി പിന്നീട്. ഏക തത്ത്വയുടെ ഓഫീസിൽ നിന്നായിരുന്നു യാത്ര തുടങ്ങിയത്. ഇ. ടി. മുരളീധരനും ബിന്ദുവും നന്ദനയും ബിന്ദുവിന്റെ അച്ഛനായ ഡോ. രാമകൃഷ്ണനും മുരളിയുടെ മരുമകനും ഞങ്ങളുടെ ക്യാമറാമാനുമായ ഉല്ലാസും വണ്ടിയിൽ കയറി. മുരളിയുടെ അമ്മ നൽകിയ ചായ കുടിച്ച് ഞങ്ങളെല്ലാവരും മുരളിയുടെ അച്ഛനോടും അമ്മയോടും യാത്രപറഞ്ഞ് പാലക്കാട് കോട്ടയുടെ മുന്നിലൂടെ പ്രയാണമാരംഭിച്ചു.

നഗരപ്രാന്തങ്ങൾ കഴിഞ്ഞ് 'എഴക്കാടെന്ന' ഗ്രാമവീഥിയിലെത്തുമ്പോഴും പുറത്തെ മഞ്ഞിന്റെ തണുപ്പിന് കനം കുറഞ്ഞിരുന്നില്ല. എഴക്കാടു നിന്ന് കൃഷ്ണടീച്ചറും മകളും (പൗർണ്ണമി) കോങ്ങാടു നിന്ന് തുളസി ടീച്ചറും ഭർത്താവും കൂടിയായപ്പോൾ യാത്രയുടെ കൂടിച്ചേരലുകൾ തൽക്കാലം പൂർണ്ണമായി. രാവിലത്തെ പ്രാതൽ കഴിക്കാത്തതിനാൽ പലർക്കും യാത്രയുടെ തുടക്കം അസുഖകരമാകാൻ തുടങ്ങിയിരുന്നു. അലനല്ലൂരിനപ്പുറമൊരിടത്ത് പ്രാതലിനായി വണ്ടിനിർത്തിയപ്പോൾ സമയം ഏതാണ്ടെട്ടരയായിരുന്നു. പ്രാതലിനുശേഷം യാത്ര തുടരുമ്പോൾ പലരും ചെറിയ മയക്കത്തിലേക്ക് വഴുതി വീണിരുന്നു. 'ഈ വഴിയിലൂടെയാണ് കാഞ്ചനമാല താമസിച്ചിരുന്നിടത്തേയ്ക്ക് പോവുക' എന്ന് പറയുന്നതു കേട്ടാണ് ഞാനുണർന്നത്. ഞങ്ങൾ മുക്കത്തെത്തിയിരിക്കുന്നു. ഏതാനും നിമിഷങ്ങൾക്കകം ഭാസിമാഷുടെ മുറ്റത്തേയ്ക്കും.

ഞങ്ങളെ സ്വീകരിക്കാനായി നിറഞ്ഞ പുഞ്ചിരിയുമായി പൂമുഖത്ത് അദ്ദേഹം നിന്നു. ഫോട്ടോകളിലൂടെ ചിരപരിചിതമായ മുഖം, മുക്കംഭാസി. ഓരോരുത്തരേയും ഹസ്തദാനം നൽകി സ്വീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ സഹധർമ്മിണിയുമുണ്ടായിരുന്നു തൊട്ടരുകിൽ. ഞങ്ങൾ സ്ത്രീകൾ അവരോടൊപ്പമകത്തേയ്ക്ക് കയറിയപ്പോൾ പുരുഷന്മാർ സ്വീകരണമുറിയിൽ വട്ടം കൂടി. നാരങ്ങാവെള്ളവും ബിസ്ക്കറ്റുമായി അദ്ദേഹത്തിന്റെ പുത്രഭാര്യമാരും പേരക്കുട്ടിയുമെത്തി. പരിചയപ്പെടലുകൾക്കുശേഷം മരുമക്കൾ അടുക്കളയിലേയ്ക്കും ഞങ്ങൾ മുറ്റത്തേയ്ക്കുമിറങ്ങി.

ഞങ്ങളോടൊപ്പം ചേരാനായി ശ്രീമതി. കാഞ്ചന മാലയെത്തുന്നതിനുമുൻപായി ചെറിയൊരു വേദിയൊരുക്കുന്നതിൽ ഞങ്ങൾ വ്യാപൃതരായപ്പോൾ ഏക തത്ത്വ കുടുംബത്തിലെ മറ്റു ചില അംഗങ്ങൾ നേരിട്ടെത്തി. മുരളീധരൻ കൊല്ലത്ത്, രജീഷ് കാളികാവ്, സുരേഷ് തെക്കീട്ടിൽ എന്നിവർക്ക് പുറമെ ശ്രീമതി. കാഞ്ചനമാലയും വന്നു.

കൃഷ്ണയുടെ മകൾ പൗർണ്ണമിയുടെ കാവ്യാലാപനത്തോടെ ചടങ്ങുകൾ മുറ്റത്തെ വാക മരച്ചുവട്ടിലാരംഭിച്ചു. ശ്രീ. സൈനുദീൻ മാഷായിരുന്നു സ്വാഗതമോതിയത്. തുടർന്ന് പുസ്തക പ്രകാശനം നടന്നു. ശ്രീമതി. കാഞ്ചനമാല ശ്രീ. മുക്കം ഭാസിയിൽ നിന്ന് പുസ്തകമേറ്റുവാങ്ങിയതിനുശേഷം ഭാസിമാഷ് തന്റെ വാക്കുകളാരംഭിച്ചു.

ഏക തത്ത്വ മുരളിയെക്കുറിച്ചും തലേന്നാൾ മുരളി ഉന്നയിച്ച ഒരു സംശയത്തെക്കുറിച്ചുമാണ് ആദ്യമദ്ദേഹം വിവരിച്ചത്. മൊയ്തീന്റേയും കാഞ്ചനയുടേയും മോതിരം മാറൽ തന്റെ മുന്നിലാണ് നടന്നതെന്നും അതുകൊണ്ടുമാത്രമല്ല ശ്രീമതിയെന്നുവെയ്ക്കുന്നതിൽ തെറ്റില്ലെന്ന് പറഞ്ഞത് ഐശ്വര്യമുള്ളവൾ എന്നയർത്ഥത്തിലാണ് 'ശ്രീമതി' എന്നപദം ഉപയോഗിക്കുന്നതെന്നും വ്യാഖ്യാനിക്കുകയും ചെയ്ത്, പുസ്തകത്തെക്കുറിച്ചും ഗ്രന്ഥകാരനെ കുറിച്ചുമെല്ലാം വാചാലനാവുകയായിരുന്നു. സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞ ഭാസിമാഷെ എല്ലാവരും മറന്നുപോയി.

അതിനുശേഷം ശ്രീമതി. കാഞ്ചന കൊറ്റങ്ങൽ സംവദിച്ചു. ഒരു പെങ്ങളെ പോലെ സ്നേഹിച്ച് അന്നുമിന്നും ഈ വീട്ടിലെ ഒരംഗമായി ഇവിടുണ്ടെന്നും മൊയ്തീനെക്കുറിച്ചുള്ള ഓർമ്മകളിൽ ചിലത് ഇന്നും വേദനാജനകമാണെന്നും പറഞ്ഞപ്പോൾ അവരുടെ ഹൃദയമിടറിയിരുന്നു. ഏതൊരു പുരുഷന്റേയും വിജയത്തിനുപിന്നിൽ ഒരു സ്ത്രീയുണ്ടാകുമെന്ന് പറഞ്ഞ് മുരളി വാക്കുകൾ തുടങ്ങിയപ്പോഴേ ബിന്ദുവിന്റെ കണ്ണുകളുമായുടക്കി വികാരഭരിതനായി. സ്വന്തം ജീവിതവിജയം കുടുംബത്തിലെ ഓരോ അംഗങ്ങളുടെ പിന്തുണയും പ്രത്യേകിച്ച് ബിന്ദുവി

ന്റെ പൂർണ്ണ പിന്തുണ തന്നെയാണെന്ന് മുരളി പറഞ്ഞു. ഒപ്പം മാഷുടെ പ്രിയതമയെക്കുറിച്ചും കുടുംബത്തെക്കുറിച്ചും അങ്ങനെ പലതിനെകുറിച്ചും വാചാലനായി.

ആശംസകളുമായെണീറ്റ ശ്രീ. മുരളീധരൻ കൊല്ലത്ത് ഗുരുപ്രണാമമർപ്പിച്ചുകൊണ്ട് കുഞ്ഞുണ്ണി മാഷെ കുറിച്ച് അദ്ദേഹം രചിച്ച കവിതയിലെ വരികൾ ചൊല്ലി. ശ്രീ. സുരേഷ് തെക്കീട്ടിൽ നർമ്മത്തിൽ പൊതിഞ്ഞ കൊച്ചുകഥകൾ പറഞ്ഞു. രജീഷ് ഭാസി മാഷുടെ വീട്ടിലേയ്ക്കെത്തിയതിനെ കുറിച്ചും അവിടം തനിക്ക് പുണ്യസ്ഥലമാണെന്നും പറഞ്ഞ് ഭാസി മാഷെ കുറിച്ചെഴുതിയ ഗുരൂർകടാക്ഷം എന്ന കവിത ചൊല്ലി. തുടർന്ന് പ്രസംഗിച്ചുശീലമില്ലെന്ന് പറഞ്ഞെണീറ്റ ഗ്രന്ഥകാരൻ പറഞ്ഞത് ജീവിതത്തിലെ സംഭവങ്ങളും ഉൾക്കാഴ്ചകളുമൊക്കെയായിരുന്നു ഇതിനിടയിൽ കൃഷ്ണ ടീച്ചർ ഭാസി മാഷിനായി കൊണ്ടുവന്ന ഉപഹാരം കൈമാറിയിരുന്നു. ഒരു നല്ല കലാസൃഷ്ടി സ്വന്തമായി വരച്ചതല്ലെന്നു പറഞ്ഞെങ്കിലും അതെല്ലാവർക്കും ബോധിച്ചു.

ഉച്ചയൂണിന് നെയ്ച്ചോറും മീനും ഇറച്ചിയുമെല്ലാമായി എല്ലാവരുടെ വയറുകളിലും നിറക്കാൻ ആതിഥേയനും മക്കളും മരുമക്കളുമെല്ലാം ഉത്സാഹിക്കുകയായിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം തുളസി കേരളശ്ശേരിയാണ് തുടങ്ങിയത്. കവിത ചൊല്ലുകയും ദൂരെയായതിനാൽ ഭർത്താവൊപ്പമുണ്ടായതുകൊണ്ടുമാത്രം വരാനായതാണെന്നും അല്ലാതിരുന്നാൽ ഇത്ര നല്ല സാഹിത്യ-സാംസ്കാരിക സദസ്സ് തനിക്ക് നഷ്ടപ്പെട്ടേനെയെന്നും പറഞ്ഞ് തുളസി ടീച്ചർ മൈക്ക് കൃഷ്ണ ടീച്ചറിനു കൈമാറി.

ഇ. ടി. മുരളീധരനെ പരിചയപ്പെടാൻ കാരണം അലക്സ് മാഷാണെന്നും പിന്നീട് ഏക തത്ത്വയിൽ എഴുതിത്തുടങ്ങിയെന്നും ടീച്ചർ പറഞ്ഞു. തുടക്കത്തിൽ പല പ്രമുഖരുടേയും ഇന്റർവ്യൂ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. പിന്നീട് തുടർച്ചയായി കഥകളും കവിതകളും നോവലും പ്രസിദ്ധീകരിച്ചു. നോവലെഴുതാനുണ്ടായ സാഹചര്യത്തെക്കുറിച്ചും വിവരിച്ച് ടീച്ചറും കവിതയവതരിപ്പിച്ചു. ഞാൻ എന്റെ പഴയ ഗുരുനാഥയെക്കുറിച്ചറിയാനായതിന്റെ സന്തോഷം മറച്ചുവെച്ചില്ല. ശ്രീ. സൈനുദീൻ മുണ്ടക്കയത്തിന്റെ ഭാര്യ സൈനബ ടീച്ചറായിരുന്നു ആ ഗുരു. പിന്നീട് ഞാനൊരു കഥ വായിക്കാമെന്നേറ്റതുപ്രകാരം വായിച്ചുനിർത്തി. നാരായണൺ കുട്ടി മാഷിന്നപ്പോഴേക്കും ആവേശമായി. ഇനി ഞാനെങ്ങിനെ മിണ്ടാതിരിക്കും എന്ന ചോദ്യത്തോടെ ഒരുപാട് കാര്യങ്ങൾ പറഞ്ഞപ്പോൾ മാഷെക്കുറിച്ച് ഇ. ടി. മുരളീധരനുമൊരു കാര്യം പറഞ്ഞു. അദ്ദേഹം ഒരു സകലകലാവല്ലഭനാണെന്നും നല്ലൊരു ചിത്രകാരൻ കൂടിയാണെന്നും. പിണറായിയുടെ ചിരിച്ച മുഖം വരച്ചത് നല്ല പെർഫെക്ഷനിലാണെന്നതിന് ആ ചിത്രം മൊബൈലിൽ നിന്നെടുത്തുകാണിച്ചു.

ശ്രീ. ഉണ്ണി വിശ്വനാഥിന്റെ ആമുഖവും മഴ കവിതയുമൊക്കെ കഴിഞ്ഞപ്പോൾ ശ്രീ. സുരേഷ് തെക്കീട്ടിൽ തന്റെ കഥകളുടെ ഉറവിടങ്ങൾ വീണുകിട്ടിയ സന്ദർഭങ്ങളെക്കുറിച്ച് ഫലിതരൂപേണ പറഞ്ഞു. ഇത്രയുമായപ്പോഴേയ്ക്കും കാഞ്ചന ചേച്ചി പോകാനെഴുന്നേറ്റു. അവർക്ക് 3 മണിക്ക് മറ്റൊരു പരിപാടിയുണ്ടായിരുന്നു. ഇങ്ങിനെയൊരു സാഹിത്യക്കൂട്ടം ഇവിടെയെത്തിയപ്പോൾ തിരക്കിന്നിടയിലും എത്തിയത് ഭാഗ്യമാണെന്നു പറഞ്ഞാണവർ യാത്രയായത്.

ശ്രീ. ആർ. കെ. വള്ളീച്ചിറ ഫോണിലൂടെ തന്റെ സാന്നിധ്യമറിയിച്ച് ആശംസകൾ നേർന്നു. അവസാനിയ്ക്കുന്നതിനുമുൻപായി തന്റെ സ്വന്തം അമ്മായിയച്ഛനായ ഡോക്ടറുടെ കൈപ്പുണ്യത്തെക്കുറിച്ചും ഹോമിയോപതിയെക്കുറിച്ചും വിവരിച്ചുകൊണ്ട് മുരളി മൈക്ക് ഡോക്ടർക്ക് കൈമാറി. ഡോ. രാമകൃഷ്ണൻ ഹോമിയോയെക്കുറിച്ചുള്ള കാര്യമാത്ര പ്രസക്തമായ സംഭാഷണം നടത്തിയതിനുശേഷം ശ്രീ. മുരളീധരൻ കൊല്ലത്ത് നന്ദി പറയാനായെഴുന്നേറ്റു. അപ്പോഴേയ്ക്കും നല്ല സേമിയ പായസമെത്തി. പിറന്നാൾ സമ്മാനമാണിതെന്ന കവിതയവതരിപ്പിച്ച് മാഷുടേയും ഭാര്യയുടേയും കാൽ തൊട്ടുവന്ദിച്ചു. നന്ദനയുടെ നൃത്തത്തിനുശേഷം ഞങ്ങളെല്ലാവരും കൂടെ ആ മുറ്റത്തിരുന്ന് ഫോട്ടോയെടുത്ത് വാഹനത്തിലേയ്ക്ക് കയറുമ്പോൾ സമയം 4.30 കഴിഞ്ഞിരുന്നു. എല്ലാവരും ആത്മസംതൃപ്തിയിലായിരുന്നു.

സംസ്കാരത്തിന്റെ ഇത്തരം ഉറവിടങ്ങളിലെത്തി വടക്കൻ കേരളത്തിന്റെ/ മലബാറിന്റെ നന്മയുടെ ലോകം കാണുന്നതിന്റെ സുഖം. ശ്രീ. മുഹമ്മദ് കനി, നിങ്ങൾ ഭാഗ്യവാനാണ്. പതിനായിരങ്ങൾ നിറഞ്ഞുകവിയുന്ന ഒരു സദസ്സിനേക്കാൾ സമൃദ്ധമായ ഒരു വേദിയിലായിരുന്നു താങ്കളുടെ പുസ്തകത്തിന് പ്രകാശനം ലഭിച്ചത്.

മടക്കയാത്രയിൽ പൂന്താനം ഇല്ലത്തിന്റെ തിരുമുറ്റത്ത് ഞങ്ങളുടെ കാലുകൾ പതിപ്പിച്ചുകൊണ്ട് രാത്രി ഏതാണ്ട് എട്ടുമണിയോടെ ഞങ്ങളുടെ യാത്ര അവസാനിക്കുകയായിരുന്നു. ഇത്തരമൊരു പരിപാടിയൊരുക്കിത്തന്ന മുരളിയോടും കുടുംബത്തിനോടും യാത്ര പറയുമ്പോൾ, ഇനിയും ഇത്തരം പരിപാടികളുണ്ടാകണമെന്നും ഞങ്ങളെയൊക്കെ കൂടെ നിർത്തണമെന്നും പറയാതിരിക്കാനായില്ല. ശ്രീ. മുഹമ്മദ് കനിയുടെ വാക്കുകൾ പോലെ ഇ.ടി.എം.ന്റെ എ.ടി.എമ്മിൽ നന്മകളാൽ സമൃദ്ധമാണ്. ശ്രീ. കനിയുടെ തീർത്ഥാടന ലോകത്തെ മഹാത്ഭുതം പോലെ ആ ദിവസം ഞങ്ങൾക്കുമൊരു അത്ഭുതമായിരുന്നു. ശ്രീ. മുക്കം ഭാസിയെന്ന അതുല്യപ്രതിഭയേയും കാഞ്ചനമാലയെന്ന സ്നേഹമയിയേയും കണ്ടതിലും പരിചയപ്പെട്ടതിലും അവരുടെ സ്നേഹമനുഭവിക്കാനായതിന്റേയും എല്ലാംകൊണ്ടും സൗഹൃദക്കൂട്ടത്തിൽ പങ്കെടുത്ത ഞങ്ങളോരോരുത്തരും നിർവൃതിയിലായിരുന്നു. ഏക തത്ത്വയുടെ ഈ സാംസ്കാരിക നന്മ ഇനിയും വളരട്ടെ, വളർന്നൊരു വടവൃക്ഷമായി പടരട്ടെ.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001



ഭാസി മാഷും കുടുംബവും



ശ്രീമതി. കാഞ്ചന കൊറ്റങ്ങൽ




ശ്രീ. മുഹമ്മദ് കനിയുടെ പുസ്തക പ്രകാശനവും സൗഹൃദ സദസ്സും



സൗഹൃദക്കൂട്ടം ഭാസി മാഷുടെ വസതിയ്ക്കുമുന്നിൽ

Published on 15/01/2018, RNI No.KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 8 Issue 3, February 2018, Rs 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

**MATTRESSES/PILLOWS/BEDSPREAD/CURTAINS** **MULTI BRAND SHOW ROOM**


## Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
**Opp Town Bus Stand, T.B. Road, Palakkad- 14.**
**Tel: 0491-2515112**
**+91 9447034614, +91 9400496112**
**e-mail: technowoodfurniture@gmail.com**

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
**College Road, Palakkad -1.**
**Tel: 0491 - 2545112**
**+91 9447034614, +91 9400499112**
**Website: www.technowoodkitchens.com**